

കാൽപ്പാടുകൾ
2018 - 2019
NEW HIGHER SECONDARY SCHOOL
Nellimoodu Thiruvananthapuram
Ph: 0471 - 2263838

# കാൽപ്പാടുകൾ

## ഡിജിറ്റൽ മാഗസിൻ
2018 – 2019

## ന്യൂ ഹയർസെക്കൻററി സ്കൂൾ

കവർ ലേ-ഔട്ട് - പ്രഗൽഭാഭുവനേന്ദ്രൻ
ഡി റ്റി പി - യൂണിറ്റംഗങ്ങൾ (ലിറ്റിൽ കൈറ്റ്സ് )
പ്രസ്സ് -ശാരദ ഓഫ് സെെറ്റ്

**<u>ഉപദേശം</u>**

ശ്രീമതി . സുമ.(മലയാളം)
ശ്രീ . ഉണ്ണികൃഷ്ണൻ.(മലയാളം)
ശ്രീമതി . മഞ്ജു.(മലയാളം)
ശ്രീ .തലയൽ മനോഹരൻ(മലയാളം)
ശ്രീ .ബൈജു കുറുച്ചി.(മലയാളം)
ശ്രീമതി .ശ്രീകല.(ഇംഗ്ലീഷ് )
ശ്രീമതി .പ്രീയലത.(ഇംഗ്ലീഷ് )
മിസ് .സൗമ്യ.(ലൈബ്രേറിയൻ)
ശ്രീമതി .ബിന്ദു.(മലയാളം)
ശ്രീമതി .സന്ധ്യ.(മലയാളം)
ശ്രീമതി .സിന്ധു പി. എസ് .(മലയാളം)
ശ്രീ .വിനോദ് വി.(സയൻസ് )
ശ്രീ .ഷെറിൻ ലാൽ(ഹിന്ദി)
ശ്രീ .ജോൺ ബ്രൈറ്റ് (മലയാളം)
ശ്രീമതി .ഇന്ദുകല(ഹിന്ദി)
ശ്രീമതി .ശാലിനി(ഹിന്ദി)

**<u>സമർപ്പണം</u>**

ശ്രീ. പ്രകാശ് റോബർട്ട് (കൈറ്റ് മാസ്റ്റർ)
ശ്രീമതി. വിമല ജി. എസ്.(കൈറ്റ് മിസ്ട്രസ്സ്)

# കാൽപ്പാട്ടുകളിലൂടെ

സമൂഹത്തിന് ഉന്നതനിലവാരമുള്ള വിദ്യാഭ്യാസംലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ന്യൂ ഹയർസെക്കൻററി സ്കൂളിൻെറ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ........9
അക്ഷരാലയത്തിൻ ദീപശിഖകൾ........10
നേതൃത്വനിരയിൽ........11
ദീർഘവീക്ഷണത്തോടെ........12
പ്രവർത്തനവീഥിയിലൂടെ........12
ഈ വർഷം സർവീസിൽ നിന്ന് വിരമിക്കുന്ന........14
ഞങ്ങളുടെ ക്ലാസ്സ് പ്രതിഭകൾ........15
അഭിമാനരത്നങ്ങൾ........22
സംസ്ഥാനതലത്തിൽ........23
മിന്നിത്തിളങ്ങി........23
സയൻസ് ഫെയർ........24
സോഷ്യൽ സയൻസ് മേള........25
എഡിറ്റോറിയൽ........26
ആശംസ........27
ആശംസ........28
2018 – 2019 ഒറ്റനോട്ടത്തിൽ........31
കവിത........34
അദ്ധ്വാനം........34
കഥ........35
ഉണരുന്നപ്രഭാതം........35
കവിത........38
*അമ്മയ്ക്കായ്*........38
ലേഖനം........39
*ഭക്ഷണസാധനങ്ങളിലെ മായംചേർക്കൽ*........39
കവിത........41
അമ്മയ്ക്കൊരു ഉമ്മ!........41
കഥ........42
ആഹാരത്തിൻെറ വില........42
കവിത........44
ആദ്യവിദ്യാലയം........44
ലേഖനം........45
വായനയുടെ ചിറകിലേറി........45
കവിത........48

എൻ പ്രിയതോഴി........48
കഥ........49
അമ്മയോട് പറയാനിരുന്നത്........49
കവിത........50
എപൈളസ് മൃഗം........50
ഒട്ടുവിലീസ്വപ്നങ്ങൾ........52
ലേഖനം........54
പ്രകൃതിയ്ക്കൊരു കൈത്താങ്ങ്........54
ഒരുപിടി മനുഷ്യർ........55
ഒരു ചെറുകഥയിലൂടെ........56
ലോകസുഖം വെടിഞ്ഞ യുവാക്കൾ........56
പരിസ്ഥിതിസംരക്ഷണവും........58
ആധുനികജീവിതവും........58
കാഴ്ച........60
ഒരു ക്ലാസ്........61
കിളിക്കൂട്........62
നമ്മുടെ നാട്, നമ്മുടെ സമ്പത്ത്........63
കുഞ്ഞിച്ചെടി........65
അയ്യപ്പസ്വാമി........66
ഗണിതം മനോഹരം........71
നവജീവൻ........72
ഗ്രാമഭംഗി........73
മലിനീകരണം........74
ജലമലിനീകരണം........74
തെന്നലായ്........76
ഗുരുദക്ഷിണ........77
ദുഃഖമേ! നീയൊരു സൗന്ദര്യം........79
ഇരുട്ടകറ്റാൻ........80
നീലിമ........82
ബാല്യത്തിന്റെ തലോടൽ........83
എന്റെ അമ്മ........85
ലേഖനം........86
ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും........87
സാമൂഹിക പങ്കാളിത്തവും........87
ഓട്ടോവണ്ടി........90
ശീലമാണ്ഓർമ്മ........91

അമ്മയാകും ഭാഷ....93
സ്വപ്നങ്ങൾ യാഥാർത്ഥ്യത്തിലേയ്ക്ക്....94
പിരിയരുതേ....96
മനസ്സിൻെറ മണിച്ചെപ്പിൽ....96
കണ്ണീരൊപ്പാൻ വന്നുചേരുന്നൊരീ സൗഹൃദം!....97
ഇമവെട്ടാതാപത്തിൻകാലത്തു....97
കാത്തിരിക്കുന്നതാണെൻെറ സൗഹൃദം!....97
ഉള്ളു നിറയെ സ്നേഹിക്കാൻ....97
ഉള്ളുരുകി പ്രാർത്ഥിക്കാൻ....97
എന്നിൽ നിന്നും പിരിയരുതേ....97
ഭാസ്കരാചാര്യ....97
ഗണിതശാസ്ത്രത്തിൻെറ പ്രാധാന്യം....98
ഗണിത ക്വിസ്....99
കൃഷിക്കാരനും കുസൃതികളായ മൂന്ന് മുയലുകളും....101
ഓൺലൈൻ ഷോപ്പിങ്ങ്....102
വർണ്ണാഭമായ ചിത്രങ്ങൾ....105
പ്രിയതോഴൻ....106
മാതൃക....110
അധ്വാനം....111
മാരി....113
*ഇരുട്ടിലെ വെളിച്ചം*....114
മോഹം....116
ഭാരതീയകർഷകൻ....117
വരം....119
നന്മ നിറഞ്ഞ കുട്ടികൾ....120
സുഹൃത്ത്....121
ഒരു പ്രതിഭയുടെ ഉദയം....122
സൂര്യകിരണവും ചന്ദ്രികയും....124
വേർപാട്....125
വിദ്യാലയം....126
ഞാനാര് ?....128
ഇലപൊഴിഞ്ഞ....129
ജീവിതം....129
അമ്മമനസ്സ്....131
വേരുകൾ തേടിയുള്ള ഒരു യാത്ര....132
രക്തസാക്ഷിത്വം....137

പഴഞ്ചൊല്ലുകൾ....................................................................................138
അങ്ങനെ ഒരു ഡിജിറ്റൽ ലൈഫ്.......................................................................139
സമയം തക്കത്തിൽ ഉപയോഗിക്കുക...........................................................142
മാന്യന്റെ തനിരൂപം.......................................................................................144
സൗന്ദര്യം......................................................................................................147
യഥാർത്ഥ സുഹൃത്ത്.....................................................................................150
*ഗ്രീൻലിയുടെ സ്വപ്നം*...................................................................................151
സ്നേഹബന്ധം...............................................................................................153
ജ്ഞാനവചസ്സുകൾ.........................................................................................155
ജ്ഞാനവചസ്സുകൾ.........................................................................................156
ജീവസ്പന്ദനം.................................................................................................157
മഹാത്മാഗാന്ധിവചസ്സുകൾ...........................................................................158
ക്രിസ്തുമസ് സമ്മാനം.......................................................................................159
സ്മരണവിദ്യാലയം..........................................................................................161
ഓർമ്മയിലൊരുഗ്രാമം.....................................................................................162
നിലാവ്..........................................................................................................163
സ്നേഹനിലാവ്...............................................................................................164
നന്മയുടെ വെളിച്ചം.........................................................................................165
കുസൃതിചോദ്യങ്ങൾ......................................................................................167
വഴികാട്ടി........................................................................................................168
ആഹാരം.......................................................................................................169
ഔഷധമാക്കുക................................................................................................169
യാത്ര എനിയ്ക്കു സമ്മാനിച്ചത്.........................................................................171
A symbol of Love..................................................................................173
Gifts of Nature.....................................................................................174
DON'T QUIT.........................................................................................175
Mother -Candle Of Darkness...............................................................175
NATURE...............................................................................................176
My World of Life..................................................................................177
Revival..................................................................................................178
Nature's gift...........................................................................................179
Honesty is the best policy.....................................................................180
Greenery................................................................................................180
NATURE...............................................................................................181
Thiruchanattumala................................................................................182
Way to Peace.........................................................................................184
Facts about the human body..................................................................186
EDUCATION.........................................................................................187
RAIN......................................................................................................188
LOVE.....................................................................................................189

Honesty is the best policy....190
Education – Is it just going to school ?....190
The Poor Man's Wealth....192
अकाल....193
बदलाव....195
काला फूल....198
चाँदनी....200
आकाश के तारे....201
....201
संस्कृतभाषा प्राधान्यम् ।....202
प्रकृतिः....203
सङ्घे शक्तिः....204
വരകളിലൂടെ നിറക്കൂട്ടിലേക്ക്....205

# കാൽപ്പാട്ടുകൾ

## ഇ - മാഗസിൻ

# സമൂഹത്തിന് ഉന്നതനിലവാരമുള്ള വിദ്യാഭ്യാസംലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ന്യൂ ഹയർസെക്കൻററി സ്കൂളിൻെറ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ



ശ്രീ. ഡി. വിജയകുമാർ



ശ്രീ. ജി. വിദ്യാധരൻ



അഡ്വ. ആർ. വസന്തമോഹൻ



ശ്രീ.ബി. കെ. ജയകുമാർ

# അക്ഷരാലയത്തിൻ ദീപശിഖകൾ.......









# നേതൃത്വനിരയിൽ.........



ആർ.രതീഷ്കുമാർ
സ്റ്റാഫ് സെക്രട്ടറി



ഫിനോഷ് രവി. ആർ
ജോ. സെക്രട്ടറി



സ്മിത എം. എസ്.
ജോ. സെക്രട്ടറി
SRG കൺവീനർ



T/O. പി. വി. ബിജു
അസോ:എൻ.സി.സി ഓഫീസർ



ജെ. കെ അനിൽ
ഉച്ചഭക്ഷണം,
വിനോദയാത്ര



സുനിൽകുമാർ വി.
സ്കൂൾ ബസ്



വിനോദ് പി. വി.
കൃഷി, പരിസ്ഥിതി



പ്രമോദ്കുമാർ പി.എസ്.
ഗാന്ധിദർശൻ



മഞ്ജുല റ്റി.
ഗാന്ധിദർശൻ



പ്രകാശ്റോബർട്ട്
കൈറ്റ് മാസ്റ്റർ



വിമല ജി.എസ്.
കൈറ്റ് മിസ്ട്രസ്



ഷൈൻലാ റാണി റ്റി. കെ.
ജൂനിയർ റെഡ്ക്രോസ്



കൃഷ്ണ ബി. എസ്.
ജൂനിയർ റെഡ്ക്രോസ്



സൗമ്യ എസ്.എൻ.
വിദ്യാരംഗം



രാജ്മെർവിൻ എസ്. എൻ.
വിദ്യാരംഗം



സിന്ധു പി. എസ്
SRG കൺവീനർ

# ദീർഘവീക്ഷണത്തോടെ.......

# പ്രവർത്തനവീഥിയിലൂടെ......

# 2018 – 2019

## P T A എക്സിക്യൂട്ടീവ് കമ്മിറ്റി



വി. എം ക്രിസ്റ്റി ബായി



പി സുനിൽപ്രഭാനന്ദലാൽ



അജിതാറാണി വി.



പി. റ്റി സജി



ജെ. കെ അനിൽ



രതീഷ്കുമാർ ആർ



സ്മിത എം.എസ്.

## മുൻ പി . റ്റി . എ പ്രസിഡൻറുമാർ



ബ്രൈറ്റ്സിങ്ങ് റ്റി. എൽ



ബി വിശ്വംഭരൻ



എം. പൊന്നയ്യൻ

# പ്രവേശനോത്സവം















# ഈ വർഷം സർവീസിൽ നിന്ന് വിരമിക്കുന്ന

## മീനകുമാരി ടീച്ചർ



**(HSA , Natural Science )**

ഈ വർഷം സർവീസിൽ നിന്ന് വിരമിക്കുന്ന

## എലിസബത്ത് ടീച്ചർ



**( HSA, Social Science)**

# ഞങ്ങളുടെ ക്ലാസ്സ് പ്രതിഭകൾ.



നന്ദന എസ്. എസ്

V E



മിഥുൻ ഡി. പി.

VI C



നിരഞ്ജനാറാം ആർ.എ.

VII B



അക്ഷരാത്മിക എ.എം.

VIII B



വിഷ്ണു എസ്. എൽ.

IX F



അക്ഷരാത്മജ എ. എം.


X J


സേവനപാതയിലൂടെ.....
CHEMISTRY
BIOLOGY
MATHS
CBSE/
STATE
All Subjects
MASTERS


NCC


Eco Club




ശുചിത്വത്തിലൂടെ.......
പ്രതിരോധത്തിലൂടെ...
ആരോഗ്യസംരക്ഷണം.










# ഉത്സവമേളകളിലൂടെ......





# സേവനതൽപ്പരരായി.....
# ജൂനിയർ റെഡ്ക്രോസ്.





വിനോദവും വിജ്ഞാനവും പകരുന്ന
കാഴ്ചകളും യാത്രകളും........



# അഭിമാനരത്നങ്ങൾ


ആര്യ എസ്.എ.
N M M S


അരവിന്ദ് ജെ. എസ്
N M MS


ശ്രീകുട്ടൻ
N M M S


അനഘ.ബി. എസ്
N M M S


റിയ എസ്.
N M M S


അർച്ചന എസ്. എസ്
N M MS


അർച്ചന എ. എസ്.
N M M S


പ്രഗൽഭാഭുവനേന്ദ്രൻ ബി.ആർ
N M MS


അഞ്ജന എസ്. എസ്.
N M M S


അലൻകുമാർ എ. എസ്
N M M S


വിഷ്ണു എസ് . എൽ.
N M M S


കൃഷ്ണപ്രീയ എസ്.എൻ.
N M M S


കൃഷ്ണ പി. ബി.
N M M S


ഹൃദ്യ എച്ച്.
N C C


അക്ഷയ് സുനിൽ
N C C


അഭയ എ. എൽ.
വിദ്യാരംഗം


അഖിൽ ശാസ്ത
വിദ്യാരംഗം

# സംസ്ഥാനതലത്തിൽ

# മിന്നിത്തിളങ്ങി......



അനഘ എസ് ആനന്ദ്
മലയാളം കഥ



ശിവശങ്കർ എ.
മാത്സ് സ്റ്റിൽ മോഡൽ



അർജ്ജുൻ എ.
അഷ്ടപതി,ഗാനാലപനം



അർഷൽഷാജി
ഷീറ്റ് മെറ്റൽ വർക്ക്



അനുഗ്രഹ് എസ്. എസ്
ബഡിങ് ലെയറിംഗ്
ഗ്രാഫ്റ്റിംഗ്



ഐശ്വര്യ എസ്. എസ്
ഫ്രൂട്ട് പ്രിസർവേഷൻ



ജോമി ജോസ്
മൾട്ടിമീഡിയ
പ്രസന്റേഷൻ



ജിബിൻ ജോയി
മലയാളം ടൈപ്പിംഗ്



അക്ഷരാത്മിക എ. എം
പനയോല ഉൽപ്പന്ന-
നിർമാണം



ഭവ്യ ഡബ്ള്യു. പി.
സോഷ്യൽ സയൻസ്
സ്റ്റിൽ മോഡൽ



അക്ഷരാത്മജ എ. എം
തഴയോല ഉൽപ്പന്ന
നിർമാണം



അഞ്ജലി കൃഷ്ണ
ന്യൂട്രീഷ്യസ് ഫുഡ്
ഐറ്റംസ്

# സയൻസ് ഫെയർ


INDIA
GOVERNMENT MODEL BOYS
HIGHER SECONDARY SCHOOL
THYCAUD, THIRUVANANTHAPURAM
Shri. Pranab Mukherjee
The President of India
Shri. Narendra Modi
The Prime Minister of India
Shri. Pinarayi Vijayan
Chief Minister of Kerala
HS WM120

# സോഷ്യൽ സയൻസ് മേള



# എഡിറ്റോറിയൽ



സൗമ്യ എസ്. എൻ.

അറിവ് അഗ്നിയാണ്. തീപ്പൊരിയാകുന്നത് ചിന്തകളും ചിന്തകൾക്കാധാരം ക്ലാസ്സുറികളിലെ പങ്കുവയ്ക്കലാകാം. സർഗാത്മകതയിൽ വിടരുന്ന ചൈതന്യമാകാം. കുഞ്ഞുമനസ്സിലെ ചിന്തകൾ നന്മയുടെവിത്തായി, ഇരുളിൽതെളിയുന്ന ദീപമായ് സഹജർക്ക് വഴികാട്ടുമ്പോൾ പഠനലക്ഷ്യങ്ങൾ സാർത്ഥകമാകുന്നു. കേവലം അക്ഷരക്കൂട്ടങ്ങൾകൊണ്ട് വർണംതീർക്കുന്ന ഞങ്ങളുടെ ലോകം ബാല്യത്തിൻെറയും. കൗമാരത്തിന്റേയും ചാപല്യങ്ങൾ നിറഞ്ഞതാകും. പുസ്തകത്തിനുള്ളിലെ മയിൽപ്പീലിത്തുണ്ട്; രാകക്ഷസകോട്ടയിൽ തളയ്ക്കപ്പെട്ട രാജകുമാരിയും ഇന്നലെയിൽ ഞങ്ങൾക്ക് സഹജരായി. സമൂഹിക മാനങ്ങൾ ഇന്നു ഞങ്ങൾക്ക് പാഠമായി ഇവിടെ ഞങ്ങളുടെ എഴുത്തുകൾക്ക് സാമൂഹികമാനവും ബാല്യത്തിൻെറ കൗതുകവും കണ്ടേക്കാം എങ്കിലും നാളെയുടെ പുലരി തേടി നന്മയുടെ കാൽവയ്പ്പായി മാറുന്ന ഈ കുഞ്ഞെഴുത്തുകൾക്കും, വരകൾക്കും, അഗ്നിയുടെ ശക്തിയുണ്ടെന്ന സത്യം വായനയുടെ തെളിമ നൽകാൻ ഈ കാൽപ്പാടുകൾക്കാകും.

# ആശംസ




ശ്രീ. സുനിൽപ്രഭാനന്ദലാൽ

സ്വതന്ത്രമായി ചിന്തിക്കാനും ചുറ്റുപാടുകളോട് ക്രീയാത്മകമായി പ്രതികരിക്കാനും സമഭാവനയോടെ കാണാനുമുള്ള കുട്ടികളുടെ മനോഭാവം ശുഭപ്രതീക്ഷയുളവാക്കുന്നു.

ഉന്നതചിന്തയും ജീവിതത്തിൽ ഉന്നതമൂല്യങ്ങൾ പുലർത്തുകയും ചെയ്യുന്ന ഒരു തലമുറയാണ് ക്ലാസ്മുറികളിൽ രൂപപ്പെടുത്തേണ്ടത്. അവിടെ ശരിയും തെറ്റുംപഠിക്കുക മാത്രമല്ല; അവ തിരിച്ചറിഞ്ഞ് ഫലപ്രദമായിഇടപെടാനും നന്മയുടെ നിലാവിൽ മാത്രം നടക്കാനുംകഴിയുന്ന പുതുതലമുറ രൂപപ്പെടണം.

അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാലയത്തിൽ നടക്കുന്നുവെന്നതിന്റെ പ്രകടമായ തെളിവുകളാണ് കുട്ടികളുടെ സർഗ്ഗാത്മക-സൃഷ്ടികളിലൂടെ വെളിവാകുന്നത്. കേവലം വാക്കുകൾ കൊണ്ട് കളിക്കുക മാത്രമല്ല നമ്മുടെ വിദ്യാർത്ഥികൾ ഇവിടെ ചെയ്തിരിക്കുന്നത്. മികച്ച ചിന്തയും ദർശനങ്ങളും പങ്കുവയ്ക്കാൻ അക്ഷരങ്ങളിലൂടെ വരികളിലൂടെ വരകളിലൂടെ വർണ്ണങ്ങളിലൂടെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു.

ഹെഡ് മാസ്റ്റർ



ന്യൂ ഹയർ സെക്കൻഡറി സ്കൂൾ നെല്ലിമൂട്.

# ആശംസ



അഡ്വ. ആർ. വസന്തമോഹൻ

ഒരു വിദ്യാലയവർഷം ഏതാനും മാസങ്ങൾക്കകം അവസാനിക്കും. അഞ്ചിൽ പഠിക്കുന്നവർ ആറിലാകും. ആറിൽ പഠിക്കുന്നവർ ഏഴിലാകും. ഇപ്രകാരം പത്തിൽ പഠിക്കുന്നവരും, പന്ത്രണ്ടിൽ പഠിക്കുന്നവരും സ്കൂളിന് പുറത്തിറങ്ങും. പത്തിലും പന്ത്രണ്ടിലും പഠിക്കുന്നവർ ഉന്നതവിജയം നേടി സ്കൂളിന് അഭിമാനവും നിങ്ങൾക്ക് ഉന്നതിയും ഉണ്ടാക്കണം എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഉന്നതവിജയം നേടുന്ന എല്ലാപേരും അവർ ആഗ്രഹിക്കുന്ന തരത്തിലുള്ള ഉന്നതവിദ്യാഭ്യാസം നേടി സന്തോഷപൂർണ്ണമായ ജീവിതം നയിക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

അദ്ധ്യാപകരുടെ നിയന്ത്രണങ്ങൾക്ക് വിധേയരായിരുന്ന നിങ്ങൾ നിയന്ത്രണങ്ങൾ ഇല്ലാത്ത കോളേജുകളിലേക്കാണ് കാൽവയ്ക്കുന്നത്. അവിടെ നിങ്ങൾ സ്വയം അച്ചടക്കത്തിന് വിധേയരായി ഉന്നതവിജയം നേടി ഉന്നതനാകണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

രക്ഷാകർത്താക്കളോട് എനിക്ക് പറയുവാനുള്ളത് ദൈവത്തെ കരുതി നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളിൽ അമിതസമ്മർദ്ദം ചെലുത്താതിരിക്കുക. കുട്ടികളുടെ താല്പര്യമനുസരിച്ചുള്ള വിദ്യാഭ്യാസം അവർക്ക്

നൽകുക. അവർ അവർക്ക് താല്പര്യമുള്ള തൊഴിലോ ഉദ്യോഗമോ നേടിക്കൊള്ളും. കുട്ടികളെ വിനയം, അച്ചടക്കം, ദയ, ദാനം, അർപ്പണബോധം ഇവ പഠിപ്പിക്കേണ്ടത് രക്ഷാകർത്താക്കളാണ്.

വിദ്യാഭ്യാസമേഖലയിലെ നമ്മുടെ പുരോഗതി ആശാവഹമല്ല. നമ്മുടെ വിദ്യാഭ്യാസം നേടുന്നവർക്ക് ഒരു തൊഴിലും ചെയ്യുവാൻ കഴിയുന്നില്ല. തൊഴിലധിഷ്ഠിതഘടകങ്ങൾ നമ്മുടെ വിദ്യാഭ്യാസത്തിൽ ഇല്ലാത്തത് ഒരു വലിയ പോരായ്മയായി ഞാൻ കാണുന്നു. ഭരണഘടനയിൽ നിർബ്ബന്ധിതവിദ്യാഭ്യാസം നൽകണമെന്ന് പറയുന്നു. എന്നാൽ ഏതുതരം വിദ്യാഭ്യാസം നൽകണമെന്ന് പറയുന്നില്ല. നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസത്തിൽ പ്രാദേശികഭാഷപോലും അക്ഷരത്തെറ്റും വ്യാകരണത്തെറ്റും ഇല്ലാതെ കൈകാര്യം ചെയ്യാൻ വിദ്യാർത്ഥികൾക്ക് കഴിയുന്നില്ല. കുഞ്ഞുങ്ങളെ സംബന്ധിച്ച് ആർക്കും മനസ്സിലാകാത്ത കാര്യങ്ങൾ പഠിപ്പിക്കുന്ന ശത്രുക്കളാണ് അദ്ധ്യാപകർ.

M.A, M.S.C, B.Tech ബിരുദം നേടുന്ന വിദ്യാർത്ഥികൾ ഭൂരിഭാഗവും ക്ലാർക്കായും, കണ്ടക്റ്ററായും, പോലീസായും മാറുന്നത് ദുഃഖകരമാണ്. കുറച്ചൊരു ശതമാനം അമേരിക്കപോലുള്ള രാജ്യങ്ങളിൽ കരാർ ജോലിക്ക് പോകുന്നു. തദ്ദേശീയന് കൊടുക്കുന്നതിൻെറ പത്തിലൊന്ന് ശമ്പളമാണ് കരാർ തൊഴിലാളിയായ ഇൻഡ്യക്കാരന് കിട്ടുന്നത്.

ലോകത്തെ മികച്ച യൂണിവേഴ്സിറ്റികളിൽ നൂറിനകത്തു വരുന്ന ഒരു യൂണിവേഴ്സിറ്റി പോലും ഇൻഡ്യക്ക് ഇല്ല. വലിയ ജനസംഖ്യയുള്ള ഒരു രാജ്യത്ത് ധാരാളം യൂണിവേഴ്സിറ്റികൾ ഉണ്ടായിട്ടും ലോകത്തെ മികച്ച യൂണിവേഴ്സിറ്റികളിൽ ഒന്നുപോലും ഇല്ല എന്നത് നമ്മുടെ വിദ്യാഭ്യാസത്തിൻെറ നിലവാരതകർച്ചയെയാണ് കാണിക്കുന്നത്.

നിങ്ങളുടെ ഈ ഗ്രാമീണ വിദ്യാലയം നിങ്ങൾക്ക് ഇപ്പോൾ കഠിനനിയന്ത്രണങ്ങൾ നൽകുന്നുവെങ്കിലും ഭാവിയിൽ നിങ്ങളുടെ നന്മയ്ക്കും ഭാവിക്കും വേണ്ടി ഈ വിദ്യാലയം വലിയ സംഭാവനകൾ നൽകിയതായി നിങ്ങൾക്ക് ബോധ്യം വരും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ വിദ്യാഭ്യാസജീവിതത്തിലെ ഉൽകൃഷ്ടകാലഘട്ടം ഈ സ്ഥാപനം നൽകിയതായി ഭാവിയിൽ നിങ്ങൾക്ക് ബോധ്യം വരും എന്ന് ഞാൻ

പ്രതീക്ഷിക്കുന്നു.

ഈ ലോകം നന്മ നിറഞ്ഞതാണ് , വിശാലമാണ്, സമ്പന്നമാണ് എന്നത് ശരിയാണ്. എന്നാൽ ഈ ലോകം കാപട്യം നിറഞ്ഞതാണ്, ക്രൂരമാണ്, വഞ്ചനനിറഞ്ഞതാണ്. ഇതു രണ്ടുമുള്ള ലോകത്തിൽ അന്തസായി നിങ്ങളുടെ അഭിമാനം വിടാതെ ജീവിക്കുവാൻ നിങ്ങൾ പ്രാപ്തനാകണം

അമേരിക്കപോലുള്ള രാജ്യങ്ങളിൽ ആയുധധാരികളായ വിദ്യാർത്ഥികൾ വിദ്യാലയങ്ങളിൽ നിറയൊഴിച്ച് വിദ്യാർത്ഥികളെ കൊല്ലുന്നത് നിത്യസംഭവം ആയിരിക്കുന്നു. വിദ്യാലയങ്ങളിൽ നിറതോക്ക് ധരിച്ച സെക്യൂരിറ്റി ഓഫീസർമാരെ നിയമിക്കാൻ അമേരിക്ക തീരുമാനിച്ചതായി വാർത്ത വന്നു. ഇത് വളരെ ദുഃഖകരമായ ഒരു സംഗതിയാണെന്ന് ഞാൻ കരുതുന്നു. നമ്മുടെ രാജ്യത്തും വൈദേശികസ്വാധീനത്തിൽ ചില കമ്മീഷനുകൾ അദ്ധ്യാപകന് വിദ്യാർത്ഥിയെ ശിക്ഷിക്കാനുള്ള അവകാശത്തിൽ കൈവച്ചിരിക്കുന്നതായി ഞാൻ മനസ്സിലാക്കുന്നു. ഇതിനെ അതിജീവിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഗുരുകുലവിദ്യാഭ്യാസസമ്പ്രദായം നിലനിന്നിരുന്ന നമ്മുടെ രാഷ്ട്രത്തിന് ഇതിനെ അതിജീവിക്കാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

" മാതാ, പിതാ, ഗുരു, ദൈവം" ഈ സങ്കല്പം ഭാരതത്തിന്റേതാണ്. ഇതിന്റെ ചുരുക്കം മാതാവും, പിതാവും, ഗുരുവുമാണ് ദൈവം. അല്ലാതെ മറ്റ് ദൈവം മനുഷ്യന് ഇല്ല എന്നത് തന്നെ. ഭാരതത്തിൽ ഗുരുവിന് ദൈവത്തിന്റെ സ്ഥാനമാണ് നൽകിയത്. ഭാരതത്തിൽ നമ്മുടെ അവതാരപുരുഷന്മാർ പോലും ഗുരു പറയുന്നത് ദൈവകല്പനയായി കരുതി അനുസരിച്ചിരുന്നു. മറ്റ് ദൈവങ്ങൾ നമ്മുടെ സങ്കല്പത്തിലുള്ളതാണ്. ഗുരുവിനെ ബ്രഹ്മമായി കാണുന്നത് ഭാരതീയസംസ്കാരമാണ്. നമ്മുടെ ഗുരുക്കൾ വിദ്യാർത്ഥികളുടെ പരബ്രഹ്മമായി തീരാൻ യോഗ്യരാവട്ടെ എന്ന് ആശംസിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

അഡ്വ . ആർ. വസന്തമോഹൻ

# ന്യൂ ഹയർ സെക്കൻററി സ്കൂൾ

## 2018 – 2019 ഒറ്റനോട്ടത്തിൽ

* 2018 മാർച്ച് എസ്. എസ്. എൽ. സി പരീക്ഷയിൽ 71 കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും A+ ലഭിച്ചു.

* 7-ാം std മുതൽ 10 - ാം std വരെയുള്ള മുഴുവൻ ക്ലാസ്സുകളിലും ഹൈടെക്ക് സംവിധാനം.

* കേരള സ്കൂൾ കലോത്സവത്തിൽ ബാലരാമപുരം സബ്ജില്ലയിൽ തുടർച്ചയായി 18-ാം വർഷവും കലാകിരീടം.

* റവന്യൂ - സംസ്ഥാന കലോത്സവങ്ങളിൽ മികച്ച പ്രകടനം, അസൂയാവഹമായ നേട്ടം.

* സബ് ജില്ലയിൽ ശാസ്ത്രമേളയ്ക്ക് എച്ച്. എസ്. വിഭാഗത്തിൽ ഓവറോൾ രണ്ടാം സ്ഥാനം, ജില്ലയിൽ മികച്ച സ്കൂൾ.

* ഗണിത വിഭാഗത്തിൽ സബ് ജില്ലാതലത്തിൽ ഓവറോൾ രണ്ടാം സ്ഥാനം.

* സോഷ്യൽ സയൻസ് വിഭാഗത്തിൽ സബ് ജില്ലാതലത്തിൽ ഓവറോൾ ഒന്നാം സ്ഥാനം, ജില്ലാതലത്തിൽ ഓവറോൾ ഒന്നാം സ്ഥാനം, സംസ്ഥാനമേളകളിൽ മികച്ച നേട്ടം.

* ബാലരാമപുരം സബ് ജില്ലയിൽ ഐ. റ്റി. എച്ച്. എസ് വിഭാഗത്തിൽ ഓവറോൾ ഒന്നാം സ്ഥാനം, ജില്ലാതലത്തിൽ ഓവറോൾ ഒന്നാം സ്ഥാനം , സംസ്ഥാനതലത്തിൽ മികച്ച നേട്ടം.

* വർക്ക് എക്സ്പീരിയൻസ് വിഭാഗത്തിൽ സബ് ജില്ലയിൽ എച്ച്. എസ് വിഭാഗത്തിൽ ഓവറോൾ ഒന്നാം സ്ഥാനം , ജില്ലാതലത്തിൽ ഓവറോൾ ഒന്നാം സ്ഥാനം , സംസ്ഥാനതലത്തിൽ മികച്ച വിജയം.

* ഇരുപതിനായിരത്തിൽ പരം പുസ്തകങ്ങളും പതിനായിരത്തോളം റഫറൻസ് പുസ്തകങ്ങളും നാൽപ്പതിൽ പരം ആനുകാലിക ജേണലുകളും പ്രൊജക്ടർ സംവിധാനവുമുള്ള ലൈബ്രറി.

* എല്ലാ ദിവസവും ഗുണമേന്മയുള്ളതും ശുചിത്വപൂർണ്ണവുമായ ഉച്ചഭക്ഷണം.

* എല്ലാ ക്ലാസിലും എല്ലാ ദിവസവും ഓരോ ഇംഗ്ളീഷ് ദിനപത്രവും ക്ലാസ് ലൈബ്രറി സംവിധാനവും.

* നിലവാരം കുറഞ്ഞ എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്ക് നൈറ്റ് ക്ലാസ്.

* എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്ക് A+ഗ്രേഡിന് റിവിഷൻ ടെസ്റ്റ് സീരീസ് പരീക്ഷകൾ.

* എച്ച്. എസ്. യു. പി. ക്ലാസ്സ് വിദ്യാർത്ഥികളുടെ പഠനമികവിനായി ചോദ്യപേപ്പർ ഉപയോഗിച്ചുള്ള പാദ, അർദ്ധ, വാർഷിക പരീക്ഷാ സംവാധാനം, ക്ലാസ്സ് ടെസ്റ്റ് സംവിധാനം, മാർക്കും ഗ്രേഡും ഡയറിയിലും രജിസ്റ്ററിലും രേഖപ്പെടുത്തൽ.

* ഓരോ ദിവസവും ഓരോ ക്ലാസ്സിൻെറ നേതൃത്വത്തിൽ അസംബ്ളി.

* കൃത്യതയോടെ സർവ്വീസ് നടത്തുന്ന സ്കൂൾ ബസ്സ് സംവിധാനം.

* പ്രൊജക്ടർ സംവിധാനത്തോടു കൂടിയ സയൻസ്, മാത്സ്, സോഷ്യൽ സയൻസ്,

ലാംഗേജ്, ഐ. ടി ലാബുകൾ.

* വിദ്യാർത്ഥികളുടെ സ്വഭാവ രൂപീകരണത്തിന് ആവശ്യമായ കൗൺസലിംഗ്, ഹെൽപ്പ് ഡെസ്ക് സംവിധാനം.

* വിവിധ ക്ലബ് പ്രവർത്തനങ്ങൾ.


* എൻ. സി. സി, ലിറ്റിൽ കൈറ്റ്സ്, ജൂനിയർ റെഡ് ക്രോസ് തുടങ്ങിയ യൂണിറ്റുകളുടെ മികച്ച പ്രവർത്തനം, സ്കൂൾ ഹെൽത്ത് കോർണർ സംവിധാനം.

* അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേകം കമ്പ്യൂട്ടർ പഠന സംവിധാനം.

* ഭാഷാ വിഷയങ്ങളുടെ അടിസ്ഥാനം ഊട്ടിയുറപ്പിക്കുന്നതിനൊപ്പം അടിസ്ഥാന ഗണിതവും തറവാക്കുന്ന H M ന്റെ നേതൃത്വത്തിലുള്ള ലാഡർ, മലയാളത്തിളക്കം, സറ്റെപ്പ് വൺ ഇംഗ്ളീഷ്, സുരീരീ ഹിന്ദി പദ്ധതികൾ.

* CWSN വിഭാഗം വിദ്യാർത്ഥികൾക്കായി പ്രത്യേകം ക്ലാസ്സ് സംവിധാനങ്ങൾ.

# കവിത



## അദ്ധ്വാനം



അദ്ധ്വാനമെന്നത് നന്നല്ലോ, മനുഷ്യന്
മടിയല്ലോ ചെയ്തീടുവാൻ;
പത്തുദിവസം അദ്ധ്വാനിച്ചാൽ വേണമവന്
വിശ്രമമിരുപത് ദിവസം!
ഉറുമ്പിനെപ്പോൽ അദ്ധ്വാനിക്കുവാൻ
മടിയല്ലോ മനുഷ്യന്?

ജിഷ പി.
10 P

സുഹൃത്തേ, നീ അദ്ധ്വാനിക്കുകിൽ
നിനക്കു തന്നെ നന്നെന്നറിഞ്ഞുകൊൾക.
നിന്മുഖം വെയിലത്ത് വാടുമെന്നതോ,
നിന്നാരോഗ്യം നഷ്ടമാകുമെന്നതോ സാരമില്ല.
അദ്ധ്വാനം മഹത്തായ ഒന്നെന്ന-
റിഞ്ഞുകൊൾക നീ സോദരാ..

## കഥ



## ഉണരുന്നപ്രഭാതം

*മിന്നു യു*
*VIII M*

നേരം പുലരുകയാണ്. ആരാണ് ആദ്യം ഉദിക്കുക? സൂര്യൻ. ആരാണ് രാവിലെ എഴുന്നേൽക്കുക? കോഴി. നല്ല തണുപ്പുള്ള ദിവസമായിരുന്നു. ഞാൻ തണുപ്പിൽ മുഴുകി കുറേ നേരം കൂടി ഉറങ്ങിപ്പോയി. പുതപ്പിനടിയിൽ ഞാൻ നല്ല ഉറക്കത്തിലാണ്. പെട്ടെന്ന് സൂര്യൻ വന്ന് ജനലിലൂടെ എൻെറ കണ്ണിലേക്ക് പ്രകാശിച്ചു. ഞാൻ കണ്ണ് പതുക്കെ തുറന്നു. ഉറക്കത്തിൽ നിന്നെഴുന്നേറ്റു. എനിക്ക് സ്കൂളിൽ പോവുക വലിയ ഇഷ്ടമാണ്. ഞാൻ സ്കൂളിൽപോയി.

അങ്ങനെ സ്കൂളിൽ കളിയും, ചിരിയും ഒക്കെയായി നേരം വൈകിയത് അറിഞ്ഞില്ല. പിന്നെ എനിക്കൊരു കൂട്ടുകാരിയുണ്ട്. അവളും, ഞാനും എല്ലാം പരസ്പരം പങ്കുവയ്ക്കാറുണ്ട്. അവൾ എൻെറ വീട്ടിലും, ഞാൻ അവളുടെ വീട്ടിലും പോകാറുണ്ട്. അവൾക്ക് എൻെറ പപ്പയെയും അമ്മയെയും അറിയാം.അങ്ങനെ ഞാൻ വീട്ടിലെത്തി.

കുളികഴിഞ്ഞ് ചായ കുടിക്കവേ ഞാനൊരു കാഴ്ച കണ്ടു.

എന്റെ വീടിന്റെ മുറ്റത്തെ മാവിലെ കിളിക്കൂട്ടിൽ ഒരു അമ്മക്കിളിയേയും, കുഞ്ഞിക്കിളിയേയും ഞാൻ കണ്ടു. ഞാൻ കുഞ്ഞിക്കിളിയെ എടുക്കാനായി മാവിൽ കയറി. പെട്ടെന്ന് എന്റെ കാല് തെറ്റി താഴേക്ക് വീണു. ഞാൻ ഉറക്കെ വിളിച്ചു.എന്റെ ബോധം നഷ്ടപ്പെട്ടു.

പിന്നെ ഞാൻ പിറ്റേ ദിവസം രാവിലെയാണ് ഉണർന്നത്. ഞാൻ ആശുപത്രിയിലാണ്. അവിടെ പപ്പയും അമ്മയും ഉണ്ടായിരുന്നു. എന്റെ കാല് ഒടിഞ്ഞു. മുട്ടിന്റെ എല്ലാണ് പൊട്ടിയത്. ഞാൻ നടക്കാൻ ഒരുപാട് ബുദ്ധിമുട്ടി. അന്ന് വൈകുന്നേരം എന്റെ കൂട്ടുകാരി ഗൗരി എന്നെ വിളിച്ചു. ഞാൻ കാര്യങ്ങളെല്ലാം അവളോടു പറഞ്ഞു. അവൾ ആശുപത്രിയിലേക്ക് വരാമെന്ന് പറഞ്ഞു.

ഏഴ് മണിയാകുന്ന നേരം ഗൗരി ഓടി വന്ന് എന്നെ കെട്ടിപ്പിടിച്ചു. ഗൗരി എല്ലാം ചോദിച്ച് മനസ്സിലാക്കി. അവൾ പറഞ്ഞു തുടങ്ങി. നീ ഇല്ലാത്തതു കൊണ്ട് ക്ലാസ്സിൽ ഒരു രസവുമില്ല. നീ ഇനി കുറേ ദിവസം കഴിഞ്ഞല്ലേ സ്കൂളിൽ വരുന്നത്. അത് എനിക്ക് വിഷമമുണ്ട്. പക്ഷേ, എന്തു ചെയ്യാനെടീ?

ഞങ്ങൾ കുറെ നേരം സംസാരിച്ചു. പിന്നെ അവൾ പോയി. രാത്രി ഞാൻ കിടന്നപ്പോൾ ഒരുപാട് ആലോചിച്ചു. എന്തിനാണ് ഞാൻ കിളിയെ എടുക്കാൻ പോയത്? കിളിയെ കണ്ടില്ലായിരുന്നെങ്കിൽ ഒരു പക്ഷെ എന്റെ മുട്ട് പൊട്ടില്ലായിരുന്നു. സ്കൂളിൽ പോകാതിരിക്കേണ്ടി വരില്ലായിരുന്നു. പിന്നെ ഞാൻ ആലോചിച്ചു അത് എന്റെ വിധിയാണ്. വിധിയെ ആർക്കും തടുക്കാൻ കഴിയില്ല.

പ്രഭാതം എനിക്ക് വളരെ ഇഷ്ടമാണ്. കിളികളുടെ മധുരമായ ഗാനവും, സൂര്യന്റെ പ്രകാശവും, കോഴിയുടെ കൂവലും പ്രഭാതത്തിന്റ സൂചനയാണ്. സൂര്യകിരണങ്ങൾ ഇലകളുടെ ഇടയിലൂടെ പ്രകാശിക്കുമ്പോൾ ഇലകൾ സൂര്യനെ മറച്ച് കളയുന്നതായി നമുക്കു തോന്നും. ആശുപത്രിയിൽ ഞാൻ അന്നു രാവിലെ വേദനയോടെയാണ് എഴുന്നേറ്റത്. സിസ്റ്റർ എന്റെ കയ്യിൽ ഒരു വലിയ സൂചിക്കൊണ്ട് ഇൻജെക്ഷൻ എടുക്കുകയാണ്. നല്ല വേദനയുണ്ട്. അമ്മ ആശ്വസിപ്പിച്ചു. രാവിലെ മുതൽ വൈകുന്നേരം വരെ വലിയ വിഷമം ആയിരുന്നു. വൈകുന്നേരം ചേച്ചി എന്നെ നോക്കി വന്നു. അവളുമായി ഒരുപാട് നേരം സംസാരിച്ചു. അവളാണ് അന്ന് എനിക്ക് കൂട്ടിരുന്നത്. ഞങ്ങൾ സംസാരിച്ച് സംസാരിച്ചാണ് ഉറങ്ങിയത്. പെട്ടെന്ന് ദിവസങ്ങൾ കഴിഞ്ഞു. ഞാൻ ആശുപത്രിയിൽ നിന്ന് വീട്ടിലെത്തി.

വീട്ടിൽ വന്നപ്പോഴാണ് സത്യത്തിൽ സന്തോഷം തോന്നിയത്. ഇടയ്ക്ക് ഗൗരി വരാറുണ്ട്. അവൾ എൻെറ നോട്ട് പൂർത്തിയാക്കി തരാറുണ്ട്. അങ്ങനെ ഒരു മാസം കഴിഞ്ഞപ്പോൾ ഞാൻ സ്കൂളിലേക്ക് പോയി. ഗൗരിയുടെ സഹായത്താൽ ഞാൻ നോട്ടുകളെല്ലാം പൂർത്തിയാക്കി.

ഞാൻ വർഷങ്ങൾക്ക് ശേഷവും പഴയ കാര്യങ്ങൾ ഓർമ്മിക്കുന്നു. ഞാനും എൻെറ കൂട്ടുകാരിയും വലുതായി. മാതാപിതാക്കൾ വൃദ്ധരായി. ഞങ്ങളുടെ സൗഹൃദം ഇതുവരേയും നഷ്ടപ്പെട്ടിട്ടില്ല. ഒരു ദിവസം ജോലിയുടെ ഭാഗമായി വൃദ്ധസദനം സന്ദർശിക്കാൻ പോയി. അവിടെ വേദനിക്കുന്ന കുറേ മാതാപിതാക്കളെ കണ്ടുമുട്ടി. അവർക്ക് തൻെറ മക്കളെ കാണണമെന്ന് മാത്രമാണ് ആഗ്രഹം.കാഴ്ചകൾക്കൊടുവിൽ ഗൗരിയുടെ മാതാപിതാക്കളെയും ഞാൻ കണ്ടു. അവർ എന്നെ കെട്ടിപ്പിടിച്ച് കരഞ്ഞു. കാര്യങ്ങൾ ഞാൻ ചോദിച്ചറിഞ്ഞു.

ഗൗരിയാണ് അവളുടെ മാതാപിതാക്കളെ ഉപേക്ഷിച്ചത്. അവൾ ഇങ്ങനെ ചെയ്യുമെന്ന് ഒരിക്കലും വിചാരിച്ചില്ല. അവൾ എന്നെ ഒരു വാക്കു പോലും അറിയിച്ചില്ല. എല്ലാം പങ്കുവയ്ക്കുന്ന ഗൗരി ഇതു മാത്രം ഞാനുമായി പങ്കുവച്ചില്ല.എന്തുകൊണ്ട്.....?

".......ആ മനസ്സിലായി. ഞാൻ ഈ വിവരം അറിഞ്ഞാൽ ഒരിക്കലും സമ്മതിക്കില്ല എന്ന് അവൾക്ക് അറിയാം. അതുകൊണ്ടായിരിക്കും . പക്ഷേ അവൾ ഇങ്ങനെ ചെയ്തു എന്ന് വിശ്വസിക്കാൻ കഴിഞ്ഞില്ല.

അവളുടെ മാതാപിതാക്കൾക്ക് ഒരു ഉറപ്പ് ഞാൻ കൊടുത്തു,

"ഗൗരി നിങ്ങളെ തിരിച്ചു വിളിക്കും."

പ്രതീക്ഷിക്കാതെ രാവിലെ അവൾ എൻെറ വീട്ടിൽ വന്നു. എൻെറ പപ്പയും അമ്മയും കുളിച്ച് നല്ല വെള്ളവസ്ത്രവും ധരിച്ചുകൊണ്ട് ഇരിക്കയാണ്. ഞാൻ അവൾക്കൊരു ചായ കൊടുത്തു. അവർ പരസ്പരം കളിതമാശകൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്.

ഗൗരി അവിടെ നിന്ന് കരയുകയാണ്.

ഞാൻ അവളുടെ അടുത്ത് ചെന്നിട്ടും അവൾ കരച്ചിൽ നിർത്തിയില്ല. ഞാൻ കാര്യം എന്താണ് എന്ന് തിരക്കി. ഒടുവിൽ അവൾ പറഞ്ഞു: "എനിക്ക് നിന്നോട് ഒരു കാര്യം പറയാനുണ്ട്. എൻെറ മാതാപിതാക്കളെ ഞാൻ വൃദ്ധസദനത്തിൽ ഉപേക്ഷിച്ചു. അപ്പോൾ എനിക്ക് ഒരു വിഷമവും തോന്നിയില്ല. പക്ഷേ നിൻെറ മാതാപിതാക്കളെ കണ്ടപ്പോൾ എനിക്ക് വിഷമംതോന്നുന്നു. ഞാൻ വലിയ പാപമാണ് ചെയ്തത്". ഇത്രയും

പറഞ്ഞിട്ട് അവിടെ നിന്ന് കരഞ്ഞുകൊണ്ട് അവൾ പോയി. അന്ന് അവൾ എന്നെ വിളിച്ചില്ല. ഞാൻ അവളെ കുറേ തവണ ഫോൺ ചെയ്തു. പക്ഷേ അവൾ എടുത്തില്ല. ഞാൻ വളരെ സങ്കടപ്പെട്ടു. കാറ്റ് മന്ദം മന്ദം വീശുകയാണ്. ഞാൻ അപ്പോഴേക്കും ഉറങ്ങിപ്പോയി.

പിറ്റേ ദിവസം ഞാൻ രാവിലെ പതിവുപോലെ കുളികഴിഞ്ഞ് ചായ കുടിക്കാൻ തുടങ്ങിയപ്പോൾ ഒരു കോളിംങ് ബെല്ല് കേട്ടു. ഞാൻ ചെന്ന് വാതിൽ തുറന്നു. മുറ്റത്ത് ഒരു പുഞ്ചിരിയോടെ ഗൗരി നിൽക്കുന്നു. അടുത്ത് അവളുടെ മാതാപിതാക്കളും. അവൾ എന്നോട് പറഞ്ഞു:

"നീ എൻെറ വീട്ടിൽ ഒരു ദിവസം അമ്മയോടും പപ്പയോടുമൊത്തു വരണം."

"ശരി തീർച്ചയായും വരാം......."

## കവിത

## *അമ്മയ്ക്കായ്*



**എന്നമ്മതൻ പ്രാണൻ വെടി-**
**യും വേദനയാൽ;**
**ഒരുനാൾ അമ്മതൻ പൊ-**
**ന്നോമന പൈതലായ്**
**പിറന്നു വീണാ മടിയിൽ**
**അമ്മിഞ്ഞപ്പാൽ നുണഞ്ഞും**
**കരഞ്ഞും, കരയിച്ചും, വീണും,**
**എഴുന്നേറ്റും**
**ഓടിക്കളിച്ചും കഴിഞ്ഞെത്ര**
**ദിനരാത്രങ്ങൾ!**
**മോണകാട്ടി ചിരിച്ചുവോ, ഞാൻ**
**അമ്മയെ ചിരിപ്പിച്ചുവോ!**
**പിച്ചവച്ചു നടന്നുവോ, ഞാൻ**
**അമ്മതൻ പിറകിലായ്!**
**എൻെറ ലോകത്തി-**
**ലെവിടെയാണെങ്കിലും**

**അവിടെയെന്നമ്മക്കുട്ടുണ്ട്!**

**ഒന്നു മാത്രമേയുള്ളൂ അമ്മതൻ**
**സ്വപ്നങ്ങളിൽ**
**തൻ പൈതലിൻ വളർച്ചയും,**
**ഉയർച്ചയും .**
**അമ്മയാംലോകത്തിൻ**
**ഹൃദയം എത്ര മാത്രം പിടയും?**
**എൻ അമ്മതൻ ഹൃദയം ഇത്ര-**
**മേൽ പിടഞ്ഞാൽ.**
**ആ അമ്മതൻ മുമ്പിൽ എന്നെ**
**തരുന്നിതാ എന്നും പൈതലായ്......**

# ലേഖനം

## *ഭക്ഷണസാധനങ്ങളിലെ മായംചേർക്കൽ*

*ശ്രീരേവു എസ്.ആർ. VIII M*

വിഷമയമായ ലോകത്താണ് നാമിന്ന് ജീവിക്കുന്നത്. നാം ശ്വസിക്കുന്ന വായുവിലും, കഴിക്കുന്ന ഭക്ഷണത്തിലും, കുടിക്കുന്ന ജലത്തിലും നമ്മുടെ ശരീരത്തിന് അപകടകരമായ ധാരാളം പദാർത്ഥങ്ങൾ അടങ്ങിയിരിക്കുന്നു. നാം നിത്യേന കഴിക്കുന്ന ഭക്ഷണ സാധനങ്ങളിൽ ധാരാളം മായം കലർന്നിരിക്കുന്നുവെന്ന് പറഞ്ഞാൽ നമ്മൾ അതിശയിക്കേണ്ട കാര്യമില്ല. ഭക്ഷണസാധനങ്ങളിലെ മായംചേർക്കൽ ദേശീയവിരുദ്ധവും, സാമൂഹികനീതിക്ക് നിരക്കാത്തതുമാണ്. ഭാരതത്തിൻെറ മഹത്തായ പാരമ്പര്യത്തെയും അന്തഃസത്തയെയും സാരമായി ബാധിക്കുന്ന ഒരു മഹാവിപത്ത് കൂടിയാണിത്. കൊള്ളലാഭത്തിനുവേണ്ടി ഭക്ഷണസാധനങ്ങളുടെകൂടെ വിലകുറഞ്ഞതും, ഉപയോഗയോഗ്യമല്ലാത്തതുമായ ഇതരപദാർത്ഥങ്ങൾ കൂട്ടിക്കലർത്തി, ഭക്ഷ്യയോഗ്യമല്ലാത്തവ നല്ലതാണെന്ന് പരസ്യപ്പെടുത്തി, ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനെ തടയുന്നതിന് വേണ്ടിയാണ് 1954 -ലെ

ഭക്ഷണസാധനങ്ങളിലെ മായംചേർക്കൽ നിരോധനനിയമം കൊണ്ടുവന്നത്.

വിപണിയിൽ കച്ചവടം ചെയ്യുന്ന ഭക്ഷണസാധനങ്ങളിൽ നിന്ന് പുഴു, ചത്ത എലി, പഴുതാര, മുതലായവ ലഭിക്കുന്നതായി നാം പത്രവാർത്തകളിൽ കാണാറുണ്ട്. മുളകുപൊടിയിൽ ചുടുകല്ല് പൊടി, മല്ലിപൊടിയിൽ മരപ്പൊടി എന്നിങ്ങനെ മനുഷ്യശരീരത്തിന് ഹാനികരമായ പദാർത്ഥങ്ങൾ കൂട്ടികലർത്തിയാണ് ഭക്ഷണസാധനങ്ങൾ കച്ചവടം ചെയ്യുന്നത്. കോഴി പെട്ടെന്ന് വളർന്ന് വലുതാകാൻ രാസവസ്തു കുത്തിവയ്ക്കുന്നു. ഹോട്ടലുകളിൽ ഇറച്ചിക്കറി ഉണ്ടാക്കാൻ പട്ടിയിറച്ചി ഉപയോഗിക്കുന്നുവെന്ന് മാധ്യമങ്ങളിൽ വന്ന വാർത്ത നാം ഞെട്ടലോടെയാണ് ശ്രവിച്ചത്. നമ്മുടെ സുഗന്ധദ്രവ്യങ്ങളായ കുരുമുളക്, ഏലം, തുടങ്ങിയവയിലും പലതരത്തിലുള്ള മായങ്ങൾ ചേർത്താണ് കച്ചവടക്കാർ നമുക്ക് തരുന്നത്.

ഏറ്റവും ശുദ്ധമെന്ന് കരുതി നാം ഭക്ഷിച്ചിരുന്ന മത്സ്യത്തിൽ പോലും ശവശരീരങ്ങൾ കേടുവരാതെ സൂക്ഷിക്കാൻ ഉപയോഗിക്കുന്ന ഫോർമാലിൻ ഉപയോഗിക്കുന്നു. അമോണിയ പോലുള്ള രാസവസ്തുക്കൾ ഉപയോഗിച്ച് മത്സ്യം ഒരു പാട് ദിവസം ചീഞ്ഞ് പോകാതെ സൂക്ഷിക്കുന്നു. അങ്ങനെയുള്ള മീൻ കഴിക്കുന്നവർക്ക് കാൻസർ പോലുള്ള മാരകരോഗങ്ങൾ പെട്ടെന്ന് പിടിപെടുന്നു. പച്ചക്കറിയിലും,പഴവർഗ്ഗങ്ങളിലും ധാരാളം രാസവസ്തുക്കൾ ഉപയോഗിക്കാറുണ്ട്.

ഉപഭോക്താവ് ആവശ്യപ്പെടുന്ന സാധനങ്ങൾക്ക് പകരം ഗുണമേന്മയില്ലാത്തതും വിലകുറഞ്ഞതുമായ ഭക്ഷണപദാർത്ഥങ്ങൾ കൊടുക്കുന്നതും, ഉപയോഗയോഗ്യമായ സാധനങ്ങളുടെകൂടെ മായം കലർത്തി വിൽക്കുന്നതും, വിലകുറഞ്ഞ പദാർത്ഥങ്ങൾ വില കൂടിയതാണെന്ന് പറഞ്ഞ് വിൽക്കുന്നതും, അനാരോഗ്യകരമായ സാഹചര്യത്തിലും ചുറ്റുപാടിലും നിർമ്മിച്ച് പായ്ക്ക് ചെയ്ത് സൂക്ഷിക്കുന്നതുമായ വസ്തുക്കളും, ആരോഗ്യത്തിന് ഹാനികരമായ നിറങ്ങൾ ചേർത്ത് വിൽപനയ്ക്ക് വച്ചിരിക്കുന്ന പദാർത്ഥങ്ങളും എല്ലാം മായം ചേർന്ന പദാർത്ഥങ്ങളായി കണക്കാക്കുന്നു.

മായം ചേർന്ന ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നവരെയും വിൽക്കുന്നവരെയും, വ്യാപാരത്തിന് വേണ്ടി സ്റ്റോക്ക് ചെയ്യുന്നവരെയും

കണ്ടുപിടിച്ച് നടപടി എടുക്കുന്നതിനുള്ള അധികാരം സംസ്ഥാന ആരോഗ്യവകുപ്പിന് ഉണ്ട്. ഹെൽത്ത്ഇൻസ്പെക്ടർമാർ അവരുടെ കൃത്യനിർവഹണം ശരിയായ രീതിയിൽ നടത്തണം. മായം ചേർന്ന ഭക്ഷണപദാർത്ഥങ്ങൾ കണ്ടാൽ, ആ വിവരം ഡോക്ടർമാർ ഉടൻ തന്നെ കേന്ദ്രഗവൺമെൻറിനെ അറിയിക്കണമെന്ന് നിയമം അനുശാസിക്കുന്നു.

ഭക്ഷണസാധനങ്ങളിൽ മായം ചേർക്കുന്ന കുറ്റത്തിന് വൻകിട ഉൽപ്പാദകരിൽ നിന്നോ, മൊത്തവ്യാപാരികളിൽ നിന്നോ സാധനങ്ങൾ വാങ്ങി വിൽക്കുന്ന ചെറുകിടവ്യപാരികളാണ് ശിക്ഷിക്കപ്പെടുന്നത്. വലയിൽ ചെറുമീനുകൾ കുടുങ്ങി നരകിക്കുമ്പോൾ വലിയ തിമിംഗലങ്ങൾ വലയിൽ കുടുങ്ങാതെ രക്ഷപ്പെടുകയും ചെയ്യുന്നു. ഈ രീതി മാറി വൻകിട ഉൽപാദകരെയും, കുറ്റം ചെയ്യുന്ന എല്ലാ കച്ചവടക്കാരെയും നിയമത്തിൻെറ പരിധിയിൽ കൊണ്ടുവരികയും മാതൃകാപരമായി ശിക്ഷിക്കുകയും ചെയ്താൽ മാത്രമേ മായം ചേർക്കൽ നിരോധനനിയമം ഫലപ്രദമാകുകയുള്ളൂ.

## കവിത



അർച്ചന എ.എസ്.

### അമ്മയ്ക്കൊരു ഉമ്മ!



അമ്മയ്ക്കൊരു ഉമ്മ
എൻ അമ്മയ്ക്കൊരുമ്മ

ഇഷ്ടം കൂടുമ്പോൾ ഒരുമ്മ
ഒറ്റയ്ക്കാകുമ്പോൾ കൂടെ കളിക്കും
സങ്കടം തോന്നുമ്പോൾ കിന്നാരം ചൊല്ലും
അമ്മ എൻെറ അമ്മ
കെട്ടിപ്പിടിച്ചെൻെറ ഉമ്മ
വാശികാട്ടുമ്പോൾ അരു-
തെന്നു ചൊല്ലും
ഉറക്കം വരുമ്പോൾ
താരാട്ടു പാട്ടും
സ്നേഹനിധിയാണെൻെറ
അമ്മ!
സ്നേഹത്തോടൻെറ ഉമ്മ!

## കഥ

### ആഹാരത്തിൻെറ വില





രാഹുൽ ബി. IX K

ഒരിടത്ത് ഒരു ദരിദ്രനായ വൃദ്ധനുണ്ടായിരുന്നു. അദ്ദേഹത്തിന് വീടോ കുടുംബമോ ഇല്ലായിരുന്നു. ഒരു അനാഥനായിരുന്നു അദ്ദേഹം. ആ വൃദ്ധന് കഴിക്കാൻ ആഹാരമില്ലായിരുന്നു.

ആരോഗ്യമില്ലാത്തതിനാൽ അദ്ദേഹത്തിന് ആരും ജോലികൾ നൽകിയിരുന്നില്ല. അയാൾ ഒരു ഈശ്വരഭക്തനായിരുന്നു. അദ്ദേഹത്തിന് തൻെറ എല്ലാ ദിവസത്തെയും അന്നം ദൈവം നൽകുമെന്ന വിശ്വാസമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ അവസ്ഥ വളരെ ദയനീയമായിരുന്നു. മുഷിഞ്ഞ ഒരു വസ്ത്രം മാത്രമെ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു. അതുകൊണ്ട് അദ്ദേഹത്തെ ആരും തന്നെ അടുപ്പിച്ചിരുന്നില്ല.

ചില ദിവസങ്ങളിൽ അദ്ദേഹം പട്ടിണി കിടക്കാറുണ്ടായിരുന്നു. ചിലപ്പോൾ അമ്പലങ്ങളിൽ നിന്ന് ആഹാരം കിട്ടാറുണ്ടായിരുന്നു. ഇങ്ങനെ ആഹാരത്തിനുവേണ്ടി അലഞ്ഞു നടന്നപ്പോൾ ഒരു കല്ല്യാണവീട് കാണുകയുണ്ടായി. അവിടെ സദ്യ പാകം ചെയ്യുന്നുണ്ടായിരുന്നു. വളരെ നാളായി സദ്യ കഴിക്കാതിരുന്നതിനാൽ മനസ്സിൽ സദ്യയുടെ സ്വാദ് നുഴഞ്ഞുകയറുകയും സദ്യ കഴിക്കാൻ മോഹമുണ്ടാവുകയും ചെയ്തു. അത് ഒരു ധനികൻെറ വീടായിരുന്നു. ആ ധനികൻ തൻെറ നിലവാരത്തിനനുസരിച്ചുള്ള ആളുകളെ മാത്രമേ കല്ല്യാണത്തിന് ക്ഷണിച്ചിരുന്നുള്ളു.

സദ്യ കഴിക്കാനുള്ള മോഹം കൊണ്ട് ആ വൃദ്ധൻ വീടിൻെറ ഗേറ്റിനുള്ളിലേക്ക് കടന്നു. ധനികനായ ആ ഗൃഹനാഥൻ വൃദ്ധനെ പുറന്തള്ളി. വൃദ്ധനിൽ നിന്ന് പതിച്ച കണ്ണുനീർ പ്രകൃതിയിൽ ചൂടിൻെറ സ്പർശനങ്ങളേല്പിച്ചു. അദ്ദേഹം കുറച്ചു നടന്നപ്പോൾ ഒരരുവി കണ്ടു. ആ അരുവിയിൽ നിന്ന് അദ്ദേഹം ധാരാളം വെള്ളം കുടിച്ചു. ആ തണുത്ത വെള്ളം അദ്ദേഹത്തിൻെറ വെന്തുനീറുന്ന മനസ്സിനു കുറച്ച് ആശ്വാസമേകി.

അദ്ദേഹം വീണ്ടും അലയാൻ തുടങ്ങി. അന്നു രാത്രി ആ വൃദ്ധൻെറ ദുഃഖത്തിൻെറ പ്രതിഫലം കണക്കെ ആ ധനികൻെറ വീട്ടിൽ ഒരു വൻ മോഷണം നടന്നു. ആ മോഷ്ടാവ് അവിടെയുള്ള സകല സാധനങ്ങളും കവർന്നുകൊണ്ടു പോയി. അങ്ങനെ ആ ധനികനും ദരിദ്രനായി. ഒരു നേരത്തെ ആഹാരത്തിനുപോലും വകയില്ലാതായി. ഉള്ള കിടപ്പാടം മുഴുവൻ വിറ്റു. ധനികനും കുടുംബവും തെരുവിലിറങ്ങേണ്ടി വന്നു. അവരും ആ വൃദ്ധനെപ്പോലെ ഒരു നേരത്തെ ആഹാരത്തിനുവേണ്ടി അലഞ്ഞു.

ഒരിക്കൽ വൃദ്ധൻ അവരെ വഴിയിൽ വച്ചു കണ്ടു. ആ കുടുംബം വിശന്ന് വലയുകയായിരുന്നു. വൃദ്ധൻ അവരോട് കാര്യങ്ങൾ തിരക്കി. അവർ വൃദ്ധനോട് സംഭവിച്ചതെല്ലാം തുറന്നുപറഞ്ഞു. ആപ്പോൾ വൃദ്ധൻെറ കയ്യിൽ ഒരു പൊതിച്ചോറുണ്ടായിരുന്നു. വൃദ്ധൻ അത്

അവർക്ക് നൽകി. അവർ അത് കഴിച്ചു. അവരുടെ വിശപ്പ് ശമിച്ചു. അവർ വൃദ്ധനോട് മാപ്പു പറഞ്ഞു.അങ്ങനെ അവർ ആഹാരത്തിൻെറ വില മനസ്സിലാക്കി.

## കവിത



### ആദ്യവിദ്യാലയം



ഇളം മഞ്ഞിൽ കുളിച്ചു ഞാൻ
ഇളം ചിരിയാൽ നിറഞ്ഞു ഞാൻ!
ഇലപൊഴിയും ശിശിരങ്ങൾ

വീണ പി. എസ്.

ഈവഴിപോയതറിഞ്ഞുഞാൻ!
ചിരിതൂകി ഗുരുഭൂതർ തന്നൊരാ
തെളിവുള്ളോരക്ഷരങ്ങൾ
ചിത്രം പോലെന്നൊർമ്മയിൽ
ചിരകാലം ജീവിക്കും കൂട്ടുകാർ!
ആദ്യാനുരാഗമായെന്നാദ്യവിദ്യാലയമേ,
അറിവിന്നക്ഷരങ്ങൾ തന്നൊരിടമേ,
അറിഞ്ഞു നിൻ പ്രണയവീചികളിൽ
നിന്നുയരും കുളിരുന്ന നോവുകൾ!
ധാർമ്മികമൂല്യങ്ങൾ,ദേശീയബോധവും
എൻ നെറുകയിൽ പകർന്നു തന്നു നീ!
ജീവിതസഞ്ചാരത്തിലൊത്തിരിനേരം
കൂട്ടിരുന്നെന്നിൽ നിരന്നൊരായിരം
നന്മതൻ ചിരാ,ത്തുണ്ടുകൾ മിന്നും നെഞ്ചിൽ-
ക്കൂയിൽപ്പാട്ടുമൊരു മലർശോഭയും!
എൻ പ്രിയതോഴരായെത്ര പേർ വന്നതും;
ഒരു വേള ജീവിതമേകാന്തമാകുമ്പോൾ
ഒത്തിരിക്കൊതിയുണ്ടു തിരികെ നടക്കുവാൻ!

# ലേഖനം

## വായനയുടെ ചിറകിലേറി.



സൗമ്യ എ. എസ്



ആധുനിക ലോകത്ത് ഒഴിവാക്കാൻ പറ്റാത്ത സ്ഥാനമാണ് ലൈബ്രറികൾക്കുള്ളത്. ലൈബ്രറി എന്ന വാക്കിന് കുറേക്കൂടി വിശാലമായി 'വിജ്ഞാന വിതരണം സാധ്യമാക്കുന്ന സ്ഥാപനം' എന്നുപറയാം. വൈവിധ്യമാർന്ന അറിവുകളുടെ കലവറയാണ് ലൈബ്രറി എന്ന് എല്ലാപേർക്കും അറിവുള്ളതാണ്. സാമൂഹ്യപുരോഗതി ലക്ഷ്യമാക്കിയുള്ള ഏതു പ്രവർത്തനത്തിനും അറിവ് അനിവാര്യമായ ഘടകമാണ്. അദ്ധ്യാപകൻ, വിദ്യാർത്ഥി, ഗവേഷകൻ, ഭരണകർത്താവ്,

വ്യവസായി, കൃഷിക്കാരൻ, ഫാക്ടറി ജീവനക്കാരൻ എന്നിങ്ങനെ ഏതു വ്യക്തിക്കും അയാളുടെ ജീവിതപന്ഥാവിലെ വിജയകരമായ പ്രവർത്തനത്തിന് അറിവ് (ഇൻഫർമേഷൻ) കൂടിയേ തീരൂ. പുസ്തകത്തെയും, മറ്റു വിജ്ഞാനമാധ്യമങ്ങളെയും ആശ്രയിച്ചു വേണം ആവശ്യമായ വിവരം സംഭരിക്കാൻ. ഇവ സ്വന്തമായി വാങ്ങാൻ വ്യക്തികൾക്കു കഴിയില്ല. അതുകൊണ്ട് എല്ലാപേരും ആശ്രയിക്കുന്നത് ലൈബ്രറിയെ തന്നെയാണ്.

സാമൂഹ്യവും, വിദ്യാഭ്യാസപരവുമായ നിരവധി സേവനങ്ങൾ ലൈബ്രറികൾ നടത്താറുണ്ട്.ജനങ്ങൾക്ക് വിദ്യാഭ്യാസവും, വിനോദവും, ബുദ്ധിപരമായ മുന്നേറ്റവും നൽകി അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ള ഉപകരണമായി ലൈബ്രറികൾ പ്രവർത്തിക്കുന്നു. ലൈബ്രറികളുടെ അഭാവം തലമുറകൾ തമ്മിലുള്ള ആശയവിനിമയത്തിന് വിലങ്ങുതടി സൃഷ്ടിക്കും. കാരണം ലൈബ്രറികളാണ് ഒരു ജനത ആർജ്ജിച്ച

അറിവും സാംസ്കാരിക പൈതൃകവും കാത്തുസൂക്ഷിക്കേണ്ടത്. പുതിയ അറിവുകൾ കെട്ടിപ്പടുക്കേണ്ടത് നാളിതുവരെ നേടിയ അറിവിനെ അടിസ്ഥാനമാക്കിയാണ്. പുതിയ അറിവു നേടുന്നതിനായി ശ്രമം നടത്തുന്നവരുടെ ഏക ആശ്രയവും ലൈബ്രറികൾ തന്നെ. ഇന്ത്യൻലൈബ്രറിസയൻസിന്റെ പിതാവായ ഡോ. എസ്. ആർ രംഗനാഥൻ ലൈബ്രറികളുടെ പ്രാധാന്യത്തെ പരാമർശിച്ച് ഇപ്രകാരംപറയുന്നു; "വിദ്യാഭ്യാസം, സംസ്കാരം എന്നീ വിസ്തൃതമായ പാടശേഖരങ്ങളിലേക്ക് വിജ്ഞാനത്തിന്റെ ഒഴുക്കു കൊണ്ടു ജലസേചനം നടത്തുന്ന സമൃദ്ധമായ ഉറവകളാണ് ഗ്രന്ഥശാലകൾ." സമ്പൂർണ്ണ സജ്ജീകരണങ്ങളോടെ നന്നായി നടത്തുന്ന ഒരു ലൈബ്രറിയാണ് ആധുനിക വിദ്യാഭ്യാസത്തിന് അടിത്തറ പാകുന്നത്. വിദ്യാഭ്യാസരംഗത്തു വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ ശ്രദ്ധിച്ചാൽ ആധുനികവിദ്യാഭ്യാസത്തിൽ ലൈബ്രറികൾക്ക് എത്രമാത്രം പ്രാധാന്യമുണ്ടെന്ന് ബോധ്യമാകും. "ലൈബ്രറിസഹായമില്ലാത്ത വിദ്യാഭ്യാസം ആത്മാവില്ലാത്ത ശരീരം പോലെയാണ്." എന്നു പറയാറുണ്ട്. "വിദ്യാഭ്യാസവും ഗ്രന്ഥശാലകളും ഇരട്ട സഹോദരിമാരാണ്." എന്നു പറയുന്നതിന്റെ അർത്ഥവും മറ്റൊന്നല്ല.

ഔപചാരികമായ വിദ്യാഭ്യാസം നൽകുക എന്നതാണ് ഒരദ്ധ്യാപകന്റെ ചുമതല. എന്നാൽ ഒരു ലൈബ്രേറിയന്റെചുമതല, സ്വയം വിദ്യാഭ്യാസത്തിന് വായനക്കാരെ സജ്ജരാക്കുക എന്നതാണ്. സ്കൂൾ ലൈബ്രറികളുടെ പ്രാധാന്യത്തെക്കുറിച്ച് ലക്ഷ്മണസ്വാമിമുതലിയാർ കമ്മീഷൻ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിൽ ലൈബ്രറികൾ അതിപ്രധാനമായ പങ്കു വഹിക്കണമെന്നും, സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഉന്നമനത്തിനായ് ലൈബ്രറികൾ സദാ സജ്ജമായിരിക്കണമെന്നും പറയുന്നുണ്ട്.

ഡോ.എസ് .രാധാകൃഷ്ണൻ പറഞ്ഞിട്ടുള്ളത്, "ലൈബ്രറി ഏതൊരു സർവ്വകലാശാലയുടെയും ഹൃദയമാകുന്നു." എന്നാണ്. യുനെസ്കോയുടെ 'പബ്ളിക് ലൈബ്രറി മാനിഫെസ്റ്റോ' യിൽ പബ്ളിക് ലൈബ്രറിയുടെ ധർമ്മങ്ങൾ വിശദീകരിക്കുന്ന കൂട്ടത്തിൽ ഇങ്ങനെ പറയുന്നു, "ഇളം പ്രായത്തിൽ തന്നെ കുട്ടികളിൽ വായനശീലം കരുപിടിപ്പിക്കാൻ പബ്ളിക് ലൈബ്രറികൾ അവസരമൊരുക്കണം." കുട്ടികളെ ലൈബ്രറിയിലേക്ക് ആകർഷിക്കാനും, അവരുടെ സർഗവാസനകളെ വളർത്തി വ്യക്തിത്വവികസനത്തിന് അവസരമൊരുക്കാനും കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേകവിഭാഗം ഏറേ സഹായകരമാണ്. ഇത്തരത്തിലുള്ള വിഭാഗങ്ങൾ നിരവധി പബ്ളിക് ലൈബ്രറികളിൽ നമുക്ക് കാണാം. കുട്ടികൾക്കു വായിക്കാൻ

പുസ്തകമെത്തിച്ച് അവരെ വായനയിലേയ്ക്കും, ലൈബ്രറിയിലേയ്ക്കും ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ സ്റ്റേറ്റ് ലൈബ്രറികൗൺസിൽആവിഷ്കരിച്ചിട്ടുള്ള സംരംഭമാണ് 'സ്റ്റുഡൻസ് കോർണർ'.

പുതിയ ദേശീയവിദ്യാഭ്യാസനയം അനുസരിച്ച്
വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം ഉത്തമ പൗരനായി വളരാനും സമൂഹത്തിൻെറ ഉയർച്ചയ്ക്കായി തങ്ങളുടെ പങ്കു നിർവ്വഹിക്കാനും ഓരോ പൗരനെയും പ്രാപ്തനാക്കുക എന്നതാണ്. വിദ്യാഭ്യാസത്തിൻെറ വിജയത്തിനു വേണ്ടി ഒരു ചാലകശക്തിയായി പ്രവർത്തിക്കുക എന്നതാണ് ലൈബ്രറിയുടെ പ്രധാന ധർമ്മം.

## കവിത

## എൻ പ്രിയതോഴി



ഇന്നു ഞാൻ എത്തിക്കഴിഞ്ഞിരിക്കുന്നു
വാർദ്ധക്യത്തിൻ പടിവാതിൽക്കൽ!
തിരിഞ്ഞു ഞാൻ ചിന്തിപ്പൂ,

എന്തു ഞാൻ നേടി ഈ ജീവിതത്തിൽ?
ഞാൻ അറിയുന്നു, എൻ പ്രിയ തോഴി
എന്നെ വിട്ടകന്നിരിക്കുന്നു!
ഞാൻ ഓർക്കുന്നു മതി മറന്നവൾ
എന്നെ സ്നേഹിച്ചിരുന്നു!
ഞാനോ പലപ്പോഴായി അവളെ സ്നേഹിച്ചിരുന്നു!
ഇന്നും ഞാൻ ഓർക്കുന്നു ജീവിതത്തിൻ
സന്തുഷ്ടമാകും ആ ദിനങ്ങൾ!
ഞാൻ തിരിച്ചറിഞ്ഞു, ഇന്നവൾ ഇല്ലെൻെറ കൂടെ,
ഉള്ളതാകട്ടെ എൻ ഓർമ്മച്ചെപ്പിൽ മാത്രം!
എൻ കണ്ണിൽ നിന്നും പൊഴിയുമാ
കണ്ണുനീരിൽ ഞാൻ ഓർക്കുന്നു
സഖീ, നിൻ പുഞ്ചിരി!
ഞാൻ അറിയുന്നു ഇന്നെൻ കൂടെ നീയില്ല!
ആ ദിവ്യനിമിഷങ്ങൾ തൻ ഓർമ്മകളുമായ്
തിരികെ വരില്ലേ നീ ആ സുദിനങ്ങളിൽ!

വിഷ്ണു എസ് .എൽ.

## കഥ

### അമ്മയോട് പറയാനിരുന്നത്...





അലൻകുമാർ എ.എസ്

ഭൂമിയിൽ പതിക്കുന്ന സൂര്യരശ്മികളുടെ സാന്ദ്രത കുറഞ്ഞുവന്ന സമയം. സൂര്യൻ സമുദ്രത്തിനടിയിൽ ഒളിച്ചിരിക്കുവാൻ പോയ സമയം. പ്രകൃതിയുടെ സൗന്ദര്യം നുകരുവാൻ ഞാൻ കാൽനടയായ് വിശാലമായ പൊൻവിളക്കുകൾക്കിടയിലൂടെ നടക്കവെ സ്വർണ്ണത്തിളക്കത്തോടെ, സായാഹ്ന സൂര്യന്റെ വെളിച്ചത്തിൽ തിളങ്ങി നിൽക്കുന്ന നെൽക്കതിരുകൾക്കിടയിൽ മുഷിഞ്ഞുകീറി നിറം മങ്ങിയ വസ്ത്രത്തോടെ ഒരമ്മ ഇരുന്ന് തേങ്ങുകയാണ്. അലഞ്ഞ് തിരിഞ്ഞ് കിടക്കുന്ന മുടിയിഴകൾ കൈകൊണ്ട് മാടി ഒതുക്കുകയാണ് ആ അമ്മ. ചുക്കി ചുളുങ്ങിയ അവരുടെ മുഖവും അവരുടെ ദരിദ്രാവസ്ഥയും കണ്ടപ്പോൾ എനിക്ക് ആ അമ്മയോട് സഹതാപം തോന്നി. ദയനീയത നിറഞ്ഞ ആ അമ്മയുടെ മുഖം കണ്ടപ്പോൾ അമ്മയുടെ വിഷമം എന്താണെന്ന് അറിയുവാൻ ഞാനാഗ്രഹിച്ചു. ആദ്യം ഒന്ന് വിസമ്മതിച്ചെങ്കിലും, അവരുടെ സങ്കടം എന്നോട് തുറന്ന് പറയാൻ തുടങ്ങി. തന്റെ പൊന്നോമന പുത്രന്റെ വരവിനെ പ്രതീക്ഷിച്ചായിരുന്നു അവർ അവിടെ നിന്നിരുന്നത്. അവരുടെ ഭർത്താവിന്റെ മരണശേഷം മകനെ വളർത്തിയതും പരിപാലിച്ചതും കഠിനാദ്ധ്വാനം കൊണ്ട് മാത്രമാണ്. അമ്മയുടെ കഷ്ടത കണ്ട് മകൻ, അവൻ സമ്പാദിച്ച പണം കൊടുത്തിട്ട് അവിടെ നിന്ന് പോയതാണ്. എന്തോ കാര്യം പറയാനുണ്ടെന്നും പറഞ്ഞു. ആ മകൻ ഇതുവരെ വന്നിട്ടില്ല. ആ മകന്റെ വരവും കാത്താണ് ആ വയൽ വരമ്പത്ത് നിൽക്കുന്നത്. ആ അമ്മയുടെ സങ്കടക്കടലിന്റെ ആഴം അവർ എനിക്ക് മനസ്സിലാക്കിത്തന്നു. അവരുടെ അവസ്ഥ കണ്ട് മകനെ അമ്മയുടെ മുന്നിൽ കൊണ്ടെത്തിക്കാമെന്ന് പറഞ്ഞ് ഞാൻ ആ അമ്മയെ എന്റെ വീട്ടിലേയ്ക്ക് കൂട്ടികൊണ്ടു പോയി. എന്റെ വാക്കുകേട്ടപ്പോൾ ആ അമ്മയുടെ കണ്ണിൽ നിന്ന് പൊഴിഞ്ഞ രണ്ടു തുള്ളി ചുടുകണ്ണീർ പതിച്ചത് എന്റെ ഹൃദയത്തിലായിരുന്നു. ഞാൻ ആ അമ്മയെ എന്റെ അമ്മയെപ്പോലെ തന്നെ നോക്കി. പക്ഷെ എനിക്കിപ്പോഴും മനസ്സിലാവാത്തത് ഒന്നു മാത്രമാണ്. എന്തായിരിക്കും ആ മകൻ തന്റെ അമ്മയോട് പറയാനിരുന്നത്?.....

## കവിത

### എപ്പെളസ് മൃഗം



എൽക്കേജിലിട്ടു കരിച്ചു,നിങ്ങൾ
യൂക്കേജിലിട്ടു മൊരിച്ചു!
ട്യൂട്ടോറിലിട്ടു വഹിച്ചു,ട്യൂഷൻ-
മാസ്റ്ററെ വെച്ചു തൊഴിച്ചു!
പ്രൈമറിമുള്ളിൽ കുരുക്കി,ഹോംവർ-
ക്കെന്തെന്നറിയാതെഞ്ഞങ്ങൾ.
കണ്ടും കാണാതെയുമെന്തൊക്കെയോ
കൊണ്ടുകിടന്നുപഠിച്ചു!
യൂപ്പിയെസ്സിൽ ചെന്നിടിച്ചു,ഗൈഡിൽ
തപ്പിത്തടഞ്ഞു സിലബസ്?
എച്ചസ്സിൻതേരിലേക്കെത്തി,യാത്മ-
പീഡയിൽ യാത്ര നടത്തി!
എച്ചസ്സസ്സിൻ ഗജമേറി,കാവ്യ-
കൗമാരസന്ദേഹമേറി!
എൻട്രൻസിൻ കുന്തത്തിൽകോർത്തു,നിങ്ങൾ
എത്രയോ രാത്രികൾ കൊന്നു?
കാത്തിരിപ്പിന്നലൗട്ട്മെൻറിൽ ഞങ്ങളെ
കാശിനുവിറ്റവർ നിങ്ങൾ!
ചരിത്രപഠനം വിലക്കി ഞങ്ങളെ
പാവകണക്കെയിരുത്തി!
ജാതിമതപൊട്ടുതൊട്ടു,ഞങ്ങളെ
വർഗ്ഗവർണ്ണങ്ങൾതിരിച്ചു!
തല്ലിപ്പഴുപ്പിച്ചെടുത്തു,ഞങ്ങളെ
എപ്ളസ് മൃഗമായ് വളർത്തി!
ഒറ്റയ്ക്കൊരുമുറിക്കള്ളിൽത്തള്ളി-
നീറ്റിക്കളഞ്ഞില്ലേ ബാല്യം?
റേഡിയോയിട്ടൊന്നുകേട്ടാൽ,ടീവി-
പ്പെട്ടിക്കുമുമ്പിലിരുന്നാൽ,
മൊബൈലിൽതൊട്ടുകളിച്ചാൽ,ലാട്ടോ-
പ്പൊന്നു തുറന്നുപിടിച്ചാൽ,
ഫെയിസ്ബുക്കിലൊന്നുതിരഞ്ഞാൽ,ബ്ളോഗി-
ലൊന്നുകുറിക്കാൻ ശ്രമിച്ചാൽ,

തലയൽ മനോഹരൻ നായർ

പത്രം കൈകൊണ്ടുതൊട്ടാൽ കുറ്റ-
പത്രം ചമപ്പവർ നിങ്ങൾ!
മുത്തിയോടൊന്നിച്ചിരുന്നാൽ,മുതു-
മുത്തച്ഛനോടൊപ്പം ചേർന്നാൽ,
കൂട്ടുകാർക്കൊപ്പം നടന്നാൽ,കളി-
ക്കൂട്ടുകാർക്കൊപ്പം കളിച്ചാൽ,
അയൽപ്പക്കത്തെങ്ങാനും ചെന്നാൽ,കൊഞ്ചി-
ക്കുയിലായിപ്പാടിപ്പറന്നാൽ,
സംശയംകൊണ്ടു തുള്ളിക്കും,നിങ്ങൾ
സംഘർഷക്കമ്പാൽ വിറയ്ക്കും,
കുറ്റക്കടലിലെറിയും,മഹാ-
ദ്രോഹത്തിരകൊണ്ടടിക്കും!
മധുരം കിനിയേണ്ടകാലത്താകെ
നരകം പണിഞ്ഞവർ നിങ്ങൾ?

കവിത

## ഒടുവിലീസ്വപ്നങ്ങൾ





ലിറ്റിൽ കൈറ്റ്സ്

അഞ്ജന

ഇനിയുമുണ്ടൊത്തിരി സ്വപ്നങ്ങൾ, പിന്നെയും
മുറവുണങ്ങാത്തൊരീജീവിതയാത്രയിൽ!
ഒടുവിലീനേരവും മങ്ങിത്തുടങ്ങുമ്പോൾ
ഒരുതുള്ളി കണ്ണീരു ബാക്കിയായി.
ചിതലരിച്ചെത്തുന്ന ചിന്തകൾക്കുള്ളിലീ-
നിഴലും വെളിച്ചവും വീശിടുമ്പോൾ,
ഏതോ കിനാക്കോണിൽ ഏകമായി
ചിതറുന്ന നിദ്രതൻ പാതകൾ താണ്ടുമ്പോൾ
കനവിൻെറ വീഥിയിൽ പതിഞ്ഞു നിൻ കാൽപ്പാട്!
മാഞ്ചുന പേറുന്ന ബാല്യത്തിന്നോർമ്മയിൽ
മൗനം തിരഞ്ഞു നാമെത്ര നേരം!
ഒടുവിലീ അന്ത്യപ്പടികൾ ചവിട്ടുമ്പോൾ
ഇടറുന്ന നമ്മുടെ കർമ്മകാണ്ഡം!
ഇന്നുമെൻ നേർത്തതാം ജീവിതമാനസ്സേ
പൊട്ടിപ്പൊളിഞ്ഞിതെന്നോമനസ്വപ്നങ്ങൾ
ഊണി,ലുറക്കത്തിൽ കൊണ്ടു നടന്നത്
ഏകാന്ത സ്വപ്നങ്ങൾ മാത്രമല്ലേ!
അന്തിത്തിരികൾ പൊലിയുമീ വേദിയിൽ
എൻ മനോ വേദനയ്ക്കിത്ര നൈർമല്യമോ?
മുറിവുണങ്ങാത്ത നിന്നോർമ്മയും ളുക്കി
ഞാൻ യാത്രയാകുന്നു  ഏതോ കിനാക്കാറ്റിൽ!
വീണ്ടുമീസന്ധ്യകൾ ഏകാന്തമാകുമ്പോൾ
കൊതിയുണ്ട് പിന്നെയും തിരികെ നടക്കുവാൻ.
പാടാൻ കൊതിച്ചതും പറയാൻ മറന്നതും
ഇന്നുമെൻ മിഴികളിലൊഴുകിടുന്നു.
നിന്നെയോർത്തൊഴുകുന്ന കണ്ണുനീർത്തുള്ളികൾ
എന്നിനി വിശ്രമമേറ്റുവാങ്ങും!

# ലേഖനം

## പ്രകൃതിയ്ക്കൊരു കൈത്താങ്ങ്



അന്നമാരിയോ ബി.വി 7 B

പ്രകൃതി അമ്മയാണ്; ഭൂമി തന്ന വരദാനമാണ്. അതിനെ സംരക്ഷിക്കുക നമ്മുടെ കടമയാണ്. പ്രകൃതിയെ മലിനമാക്കുന്നതിലൂടെ നമ്മുടെ ജീവിതംതന്നെയാണ് മലിനമാക്കപ്പെടുന്നത്. നമ്മുടേത് മാത്രമല്ല, ഈ പ്രകൃതിയിൽ കുടികൊള്ളുന്ന ജീവജാലങ്ങളുടെ ജീവിതം കൂടിയാണ് നാം തകർക്കുന്നത്. ഈ വിധത്തിൽ നാം പ്രകൃതിയെ മലിനമാക്കിയാൽ വരും തലമുറയ്ക്ക് ഈ ഭൂമിയിൽ ജീവിതം സാധ്യമല്ല.

ആധുനിക തലമുറയ്ക്ക് കൃഷിയോടും, പ്രകൃതിയോടുമുള്ള സ്നേഹം കുറഞ്ഞുവരുകയാണ്. അവർ കൃഷിയിടങ്ങൾ നികത്തിയും വനഭൂമികൾ വെട്ടി നശിപ്പിച്ചും കെട്ടിടങ്ങളും മറ്റു വ്യവസായ കേന്ദ്രങ്ങളും നിർമ്മിക്കുന്നു. അതിനാൽ ഭൂമിയിൽ ഹരിതാഭം കുറഞ്ഞു വരുന്നു. പുതുതലമുറയ്ക്ക് കൃഷിചെയ്ത് പ്രകൃതിയോടിണങ്ങി ജീവിക്കാൻ താത്പര്യമില്ല. ഇങ്ങനെയുള്ള ഈ വികസനം മാനവരാശിയുടെ നിലനിൽപ്പിനെയും ഭൂമിയുടെ പച്ചപ്പിൻെറ മനോഹാരിതയെയും വളരെ വലിയ അളവിൽ ബാധിച്ചുകഴിഞ്ഞു. "മനുഷ്യൻെറ ആവശ്യങ്ങൾക്കുള്ളത് എല്ലാം ഈ പ്രകൃതിയിൽ ഉണ്ട്,എന്നാൽ അത്യാഗ്രഹങ്ങൾക്കുള്ളത് ഇല്ലതാനും"; എന്ന നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ വാക്കുകൾ ഇവിടെ അന്വർത്ഥമാണ്.

പ്രകൃതിയെ മലിനമാക്കുന്നതിൻെറ മുഖ്യ കാരണങ്ങളിൽലൊന്നാണ് പ്ലാസ്റ്റിക്ക്. മണ്ണിൽ ഒരിക്കലും അലിഞ്ഞുചേരാത്ത വസ്തുവാണ് പ്ലാസ്റ്റിക്ക്. അവ നമ്മൾ മണ്ണിൽ നിക്ഷേപിക്കുമ്പോൾ അത് മണ്ണിനും, മരങ്ങൾക്കും അതുപോലെതന്നെ മനുഷ്യർക്കുമൊരുപോലെ ഹാനികരമാണ്. അതുപോലെ നമ്മൾ പ്ലാസ്റ്റിക്ക് , റബ്ബർ തുടങ്ങിയ മണ്ണിനോട് ചേരാത്ത പദാർത്ഥങ്ങൾ കൂട്ടിയിട്ട് കത്തിക്കുമ്പോൾ, ഓസോൺപടലത്തിൽ വിള്ളലുകൾ വീഴുന്നു. സൂര്യനിൽ നിന്ന് വരുന്ന അൾട്രാവയലറ്റ് രശ്മികൾ ഭൂമിയിലേക്ക് നേരിട്ട് പതിക്കുന്നതിന് കാരണമാകുന്നു . ആ രശ്മികൾ മനുഷ്യരേയും മൃഗങ്ങളെയും വൃക്ഷലതാദികളെയും ദോഷകരമായി ബാധിക്കാനുള്ള സാധ്യതയുണ്ട്. അതിനാൽ പ്ലാസ്റ്റിക്കും റബ്ബറും നമുക്ക് പുനരുപയോഗിക്കാനും അവ മണ്ണിലേക്ക്

വലിച്ചെറിയാതിരിക്കാനും ശ്രദ്ധിക്കുന്നതിലൂടെ മുന്നേറാം....പ്രകൃതിയ്ക്കൊരു കൈത്താങ്ങായ്......

കവിത

# ഒരുപിടി മനുഷ്യർ





കുന്നും  മലകളും ഇല്ലാതെയാകുന്നു
മാലിന്യക്കുന്നുകൾ പൊങ്ങുന്നു!
വൻമരക്കാടുകൾ ഇല്ലാതെയാകുന്നു
കോൺക്രീറ്റുകാടുകൾപൊങ്ങുന്നു!
ആകാശനീലിമഇല്ലാതെയാകുന്നു!
വിഷധൂളിധൂമിതമാകുന്നു!
നീലക്കടലിനും ആഴം കുറയുന്നു?
മനുഷ്യൻെറ ഗാത്രവും,ഹൃദയവും
സർവ്വത്ര വിഷമയമാകുന്നു!
ഇതിൽ നിന്നു മോചനം വേണമെ-
ന്നൊരുപിടി മനുഷ്യരെപ്പോഴും ഓർക്കുന്നു.
കാണുന്നതൊക്കെയും കൈക്കലാക്കാ-
നവർവെറിപിടിച്ചോടാതിരിക്കുന്നു!
ചെറിയൊരാവശ്യവും വലിയൊരു ചിന്ത-
യാൽ വളരെ നിയന്ത്രിച്ചു  നിർത്തുന്നു!
ശാസ്ത്രനേട്ടങ്ങളിൽ ഗർവ്വിനും ധൂർത്തിനും
സ്ഥാനമേകാതവർ നോക്കുന്നു, ശ്രദ്ധമായ്!
ഭൂമിയും,വായുവും,വെള്ളവും സൂക്ഷിക്കാ-
നവർ ശ്രദ്ധിപ്പൂ, ജീവിതാനന്ദവും,
ശാന്തിയുമുണ്ണുവാൻ ജീവപ്രകൃതിയെ

സ്നേഹിക്കും അവരല്ലോ പിൻ-
വരും മക്കൾക്കുവേണ്ടിയും സുഖ-
ജീവിതത്തിനായ് പ്രാർത്ഥിപ്പൂ.

## ഒരു ചെറുകഥയിലൂടെ

## ലോകസുഖം വെടിഞ്ഞ യുവാക്കൾ



ശീഷ്മ ഡി.എസ്.

ഒരിക്കൽ കുറച്ച് യുവാക്കൾ വിനോദയാത്രപോയി. തിരികെ വരുകയായിരുന്ന അവർ വാഹനത്തിനകത്തിരുന്ന് മദ്യപിക്കുകയും, മയക്കമരുന്നുപയോഗിക്കുകയും ചെയ്തു. അവരുടെ വാഹനം ഓടിക്കൊണ്ടിരുന്ന വഴിയിൽ ഒരു അപരിചിതൻ തന്റെ വണ്ടിയുടെ ടയർ പഞ്ചറായി വഴിയിൽ നിൽക്കുകയായിരുന്നു. അദ്ദേഹം ഇവരുടെ വണ്ടിക്ക് കൈ കാണിച്ചു. വാഹനത്തിന്റെ ഡ്രൈവർ അദ്ദേഹത്തെ വണ്ടിയിൽ കയറ്റി. ഈ യുവാക്കളെ കണ്ട അദ്ദേഹത്തിന് തന്റെ പഴയകാല ജീവിതം ഓർമവന്നു. അദ്ദേഹം അവരോട് തന്റെ കഥ പറയാൻതുടങ്ങി. ഞാനും ഒരിക്കൽ നിങ്ങളെ പോലെയായിരുന്നു. എനിക്കും ഉണ്ടായിരുന്നു മൂന്ന് കൂട്ടുകാർ. ഞങ്ങളും നിങ്ങളെ പോലെ ഒരിക്കൽ ഒരു വിനോദയാത്രപോയി. വാഹനത്തികത്തിരുന്ന് ഞങ്ങൾ മദ്യപിക്കുകയും, മയക്കമരുന്ന് ഉപയോഗിക്കുകയും ചെയ്തു. മദ്യത്തിന്റെയും, മയക്കമരുന്നിൻെറയും ലഹരിയിൽ വണ്ടി ഓടിച്ചിരുന്ന എന്റെ കൂട്ടുകാരൻ അറിയാതെ ഒന്ന് ഉറങ്ങിപോയി. ഞങ്ങളുടെ വാഹനം ഒരു ലോറിയിൽ ഇടിച്ചു. എന്റെ പ്രിയപ്പെട്ട കൂട്ടുകാരൻ ലോറിയുടെ ടയറിനിടയിലായി. അവൻ അപ്പോൾ തന്നെ മരിച്ചു. ഒരു വഴിയാത്രക്കാരൻ ഞങ്ങളെ ആശുപത്രിയിലെത്തിച്ചു. എന്റെ രണ്ട് കൂട്ടുകാരും മരിച്ചു. മരണത്തിന്റെ അടുത്തെത്തിയ ഞാൻ ഡോക്ടറുടെ സഹായത്തോടുകൂടി സുഖം പ്രപിച്ചു. എന്റെ കൂട്ടുകാരുടെ വേർപാട് എന്നെ വല്ലാതെ വേദനിപ്പിച്ചു. ആ സംഭവത്തിനു ശേഷം ഞാൻ മദ്യത്തിനെയോ മയക്കമരുന്നിനെയോ തിരിഞ്ഞുനോക്കിയില്ല. ഈ കഥ കേട്ടിരുന്ന

യുവാക്കൾക്ക് അവരുടെ തെറ്റ് ബോധ്യമായി. അവർ അവരുടെ കയ്യിലുണ്ടായിരുന്ന മദ്യവും, മയക്കുമരുന്നും ദൂരേക്ക് വലിച്ചെറിഞ്ഞു. അതിനുശേഷം അവരുടെ പഴയ ജീവിതത്തിലേക്ക് അവർ തിരിഞ്ഞു നോക്കിയില്ല.

## ഓർമ്മകൾ



അനന്യ എ. എസ്. VIII M

ഒരു നൂറു ജന്മം ഓർമ്മകൾ മാത്രമായ്
ഒരു കൊച്ചു പൂവേ നീ എങ്ങു പോയ്
എൻെറ ചിരിയെ മായിച്ചു നീ എങ്ങു പോയ്
നിൻെറ നിറമെന്നും എന്നിൽ പുഞ്ചിരിയായ്
നിൻെറ സുഗന്ധങ്ങൾ എന്നിലെ ഓർമ്മകളായ്
വാടാതെ വാടുന്ന ഓർമ്മകളായ്
ഒരു കൊച്ചു പൂവേ നീ എങ്ങുപോയ്
നിൻെറ മധുരമാം മധു തേടി എത്തുന്ന
പൂമ്പാറ്റയെ കാണാതെ കാണുന്ന പൂവേ
നീ എന്തേ വാടി കൊഴിഞ്ഞു പോയ്

പൂവിൻെറ ഒരു നൂറു ഓർമ്മകൾ മാത്രമായ്......
പൂമ്പാറ്റയോടും തുമ്പിയോടും പിന്നെ
തേനീച്ചയോടും ഒന്നും പറയാതെ
ഒരു കൊച്ചു പൂവേ നീ എങ്ങുപോയ്

## പരിസ്ഥിതിസംരക്ഷണവും

## ആധുനികജീവിതവും



ഗ്രേസിൻ സി ഗിൽബർട്ട്

"ഇനി വരുന്നൊരു തലമുറയ്ക്ക്
ഇവിടെ വാസം സാധ്യമോ ?"

പുരാതന കാലം മുതലേ പരിസ്ഥിതിയുമായി ബന്ധപ്പെട്ടിരിക്കുന്നു മനുഷ്യൻെറ ജീവിതം. മനുഷ്യന് സുഖമായി ജീവിക്കാനാവശ്യമായ എല്ലാം തന്നെ പ്രകൃതി അവനു കൊടുത്തിരിക്കുന്നു. അന്ന് അവൻ പ്രകൃതിയെ പൂജിച്ചിരുന്നു. അത്രയും പവിത്രമായി അവളെ ആരാധിച്ചിരുന്നു. നമ്മുടെ ചുറ്റുവട്ടത്തുള്ളതെല്ലാം പരിസ്ഥിതിയുടെ ഭാഗമാണ്. വായുവും, ജലവും, മണ്ണും, മൃഗങ്ങളും, സസ്യങ്ങളും, മനുഷ്യരുമെല്ലാം....

പൗരാണിക കാലത്ത് സംസ്കാരമില്ലാത്തവരെന്നും, ആദിവാസികളുമെന്നൊക്കെ നാം വിശേഷിപ്പിച്ചിരുന്നവരാണ് പരിസ്ഥിതിയെ നമുക്കായി കാത്തുവെച്ചത്. അവർ ചെയ്തത് വലിയൊരു കാര്യമാണ്. അവർ നമുക്കായി കാത്തുവെച്ചതുപോലെ ആധുനികരെന്ന് സ്വയം വിശേഷിപ്പിക്കുന്ന നമ്മൾ വരുംതലമുറകൾക്കായി പരിസ്ഥിതിയെയും പ്രകൃതിയെയും, പ്രകൃതിവിഭവങ്ങളെയും കാത്തു സൂക്ഷിക്കുന്നുണ്ടോ? ഇല്ല, എന്നാണ് ഉത്തരം.

സ്വാർത്ഥതല്പരനായ മനുഷ്യൻ സാങ്കേതികവിദ്യയിൽ

ഉയർച്ചപ്രാപിച്ചു കഴിഞ്ഞു. തന്റെ സാമർത്ഥ്യം കൊണ്ട് മറ്റുള്ളവരുടേതെല്ലാം എങ്ങനെ സ്വന്തമാക്കാം എന്ന് ചിന്തിക്കുന്നവനായി താഴ്ന്നിരിക്കുന്നു അവൻ. ആധുനിക ജീവിതമെന്നാൽ ഇന്ന് വിശാലമായ പാതകൾ, ഭീമാകാരമായ കെട്ടിടങ്ങൾ, കാടുകൾ വെട്ടിതെളിച്ച് കോൺക്രീറ്റ് സമുച്ചയങ്ങൾ പണിയുക തുടങ്ങിയവയാണ്. അതിനൊരു പേരുമിട്ടു അവൻ – വികസനം!

പരിസ്ഥിതിയെ ചൂഷണം ചെയ്തു നശിപ്പിക്കുകയാണ് മനുഷ്യൻ. ശുദ്ധമായ വായുവും ജലവും ഇല്ലാതെയായാൽ അത് അവന്റെ നാശത്തിനുതന്നെ കാരണമാകുമെന്ന് അവൻ ചിന്തിക്കുന്നില്ല. മണൽവാരിയും കുന്നുകൾ ഇടിച്ചു നിരത്തിയും പാടങ്ങൾ മണ്ണിട്ടുയർത്തിയും പുഴകളിൽ മാലിന്യമെറിഞ്ഞും മരങ്ങൾ വെട്ടിനശിപ്പിച്ചും മനുഷ്യൻ ആധുനികലോകം സൃഷ്ടിക്കുമ്പോൾ, ഒരാധുനിക ജീവിതം നയിക്കുമ്പോൾ, അവനറിയുന്നില്ല മരണത്തെ അവൻ ക്ഷണക്കത്ത് കൊടുത്ത് സ്വീകരിക്കുകയാണെന്ന്. ആധുനികജീവിതം നയിക്കുന്ന മനുഷ്യന്റെ ചെയ്തികൾ പരിസ്ഥിതിയേയും മനുഷ്യനേയും മരണത്തിന്റെ വക്കിലെത്തിക്കുമെന്ന് പല കവികളും പ്രവചിച്ചിട്ടുണ്ട്.

'ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്ന മൃതിയിൽ നിനക്കാത്മ ശാന്തി'
'

എന്ന് കവി പാടുമ്പോൾ ആധുനിക ജീവിതരീതികളെയും കെട്ടിപ്പിടിച്ചിരിക്കുന്ന മനുഷ്യൻ എത്ര മൂഢനാണ്! പരിസ്ഥിതിയെ സംരക്ഷിക്കണമെന്ന് മനുഷ്യന് തോന്നിത്തുടങ്ങിയിരിക്കുന്നു. അവൻ അതിനുള്ള മാർഗങ്ങളും നോക്കുന്നു. ഭൂമി ക്കടിയിലെ ജലനിരപ്പ് ഉയർത്താൻ മഴക്കുഴികൾ നിർമ്മിക്കുക, പ്ളാസ്റ്റിക്ക്ഉൽപ്പന്നങ്ങൾ കത്തിക്കാതിരിക്കുക, ജലസ്രോതസ്സുകളിൽ മാലിന്യം ഒഴുക്കാതിരിക്കുക, മണൽ വാരൽ തടയുക, പാടങ്ങൾ മണ്ണിട്ട് നികത്താതിരിക്കുക, തുടങ്ങിയ കാര്യങ്ങൾ ചെയ്താൽ പ്രകൃതിയെയും പരിസ്ഥിയെയും സംരക്ഷിക്കാൻ മനുഷ്യനു കഴിയും. ഇതൊക്കെ ചെയ്യാൻ ആധുനികജീവിതരീതിയൊന്നും മാറ്റേണ്ടതില്ല. പരിസ്ഥിതിയും, വികസനവും, ആധുനികജീവിതവുമെല്ലാം ഒന്നിച്ചു കൊണ്ടുപോകാൻ കഴിയും. നാമൊന്നു മനസ്സുവെച്ചാൽ മതി.

പരിസ്ഥിതിയുടെ ഭാഗമാണ് താനും എന്നു തിരിച്ചറിയാതെ പ്രകൃതിയെ ഇനിയും ചൂഷണം ചെയ്തുകൊണ്ടിരുന്നാൽ അതിനർത്ഥം മനുഷ്യന്റെ

ചരമക്കുറി അവൻ തന്നെ അടിച്ചുകൊണ്ടിരിക്കുന്നുവെന്നാണ്. മനുഷ്യൻെറ ആധുനിക ജീവിതത്തിൽ പരിസ്ഥിതിക്കും ഒരു സ്ഥാനം നൽകണം. പരിസ്ഥിതിയെ അടുത്ത തലമുറകൾക്കായി കേടുപാടുകളൊന്നുമില്ലാതെ കൈമാറാൻ പ്രയത്നിക്കണം. അതിനായി മനുഷ്യൻ തന്നെ മുന്നിട്ടിറങ്ങണം. ചേറിലും, ചെളിയിലുമിറങ്ങാൻ മടിക്കരുത്. ആധുനിക ജീവിതം നയിച്ച് വെള്ളക്കോളർ ജോലി ചെയ്യുന്ന മനുഷ്യൻ മാറണം. അവനോർമ്മവേണം അതിൽനിന്നൊക്കെയാണ് അവൻ ഉണ്ടായതെന്നും ഈ നിലയിലെത്തിയതെന്നും മണ്ണിൽ വളരുന്ന ചെടികളാണ് അവനെ പട്ടിണിയില്ലാതെ നോക്കുന്നതെന്നും മനുഷ്യൻപരിസ്ഥിതിയെആശ്രയിച്ചാണ്കഴിയുന്നതെന്നും പരിസ്ഥിതിയില്ലെങ്കിൽ താനുമില്ല എന്ന തിരിച്ചറിവും അവനുണ്ടാകണം. “ ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ?” എന്ന് ഇനിയാരെങ്കിലും ചോദിച്ചാൽ; സാധ്യമാണെന്ന് തലയുയർത്തി അഭിമാനത്തോടെ പറയാൻ മനുഷ്യനാകണം. പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം നൽകികൊണ്ട് ആധുനികമനുഷ്യന് ജീവിക്കാൻ കഴിയട്ടെ എന്ന് നമുക്കാശിക്കാം. അതിനായി കൈകോർക്കാം.

## കാഴ്ച



അഞ്ജന എസ് എസ്

പച്ചപ്പുൽത്തകിടിൻപുറത്ത് നൽ-
വെളുത്ത പൊട്ടുപോൽ മിന്നും കുഞ്ഞുപുഷ്പങ്ങൾ!
അവയ്ക്കു ചുറ്റും പാറിപ്പറന്നും
തേനുണ്ടും ആനന്ദമാഘോഷിക്കും വണ്ടുകളും
ഹാ! എത്ര നൽസൗന്ദര്യമീ കാഴ്ചയുടെ
 വർണ്ണമനോഹാരിത വാരിവിതറും,
 ഈ ലോകത്തിൻ സൗന്ദര്യം
നാം എത്ര നാൾ നുകരും?
വെളുത്ത പഞ്ഞിക്കെട്ടുപോൽ മിന്നും മേഘങ്ങളും
അവയ്ക്കിടയിലൂടെ എത്തിനോക്കി പ്രകൃതി-
തൻ സൗന്ദര്യമാസ്വദിക്കും ദിവാകരനും,
എത്ര മനോഹരമീ പ്രകൃതിതൻ സൗന്ദര്യം!

# ഒരു ക്ലാസ്





അമിൻസ്വങ്ങ് എൽ
IX K

ആരും അവനെ ശ്രദ്ധിക്കുന്നില്ല. ഒന്നാമത്തെ ബഞ്ചിൽ അവൻ ഏകനായിരിക്കുകയാണ്. മറ്റു കുട്ടികളുമായി പ്രത്യേകിച്ച് സൗഹൃദമൊന്നും അവനില്ലായിരുന്നു. അച്ഛൻ അവന്റെ ചെറുപ്പത്തിലെ മരിച്ചുപോയി. ആരോടും മിണ്ടാത്ത അവനെ മറ്റു കുട്ടികൾ 'ഊമ' എന്നാണു വിളിച്ചിരുന്നത്. അവൻറടുത്ത് മലയാളം അധ്യാപിക ചോദിച്ചു: "നീ എന്താണ് ക്ലാസിൽ ഒറ്റയ്ക്കിരിക്കുന്നത്?"
അവൻ മറുപടിയൊന്നും പറഞ്ഞില്ല. ആ സമയം അവന്റെ സഹപാഠി അവനെ എന്തിനോ വിളിക്കുകയാണ്. കണ്ണാടിവച്ച മെലിഞ്ഞ അവന്റെ പേര് രാമു എന്നായിരുന്നു. മിഠായി കഴിച്ച് ദ്രവിച്ച പല്ലുകളായിരുന്നു അവന്റേത്. രാമു സന്ദർഭത്തിനനുസരിച്ച അവനോട് ചോദിക്കുകയാണ്: "വാട്ട് ഈസ് യുവർ നെയിം?" നിസ്സഹായനായ ആ കുട്ടി പറയുകയാണ്: "മൈ നെയിം ഈസ് ഗോപാലൻ." ആരും തന്നെ അവന്റെ ശബ്ദം മുമ്പ് കേട്ടിട്ടില്ലാത്ത മട്ടിലായിരുന്നു അവന്റെ മേലുള്ള എല്ലാവരുടെയും നോട്ടം. ടീച്ചറുൾപ്പെടെ എല്ലാവരും ചിന്തിക്കുകയായിരുന്നു: "എ ബി സി ഡി.... അറിഞ്ഞുകൂടാത്ത ഇവൻ....എന്നൊക്കെ....." എന്നാൽ രാമുവിന്റെ മനസ്സിൽ പ്രത്യേകിച്ചൊന്നും തോന്നിയില്ല. അന്നു മുതൽ ഇംഗ്ളീഷായിരുന്നു അവന്റെ ശരണം. യൂണിറ്റ് ടെക്സ്റ്റ് പേപ്പർ കഴിഞ്ഞു. ഫുൾമാർക്ക് അവനുണ്ടായിരുന്നു. എല്ലാവർക്കും അതിശയം!

# കിളിക്കൂട്



ചന്നം ചിന്നം മഴ പെയ്യുന്ന
ചക്കരമാവിൻചില്ലകളിൽ
ചക്കരമാവിൻ ചില്ലയിലുണ്ടൊരു
ചകിരിക്കൂട് കിളിക്കൂട്
കിളിക്കൂടിൻ മുൻഭാഗത്തായി
ചപ്പില കൊണ്ടൊരു കിളിവാതിൽ

ചന്നം ചിന്നം മഴ പെയ്തപ്പോൾ
ചപ്പിലപാറി പോയപ്പോൾ
കുളിരായ് മേനി വിറച്ചപ്പോൾ
കുളിരു സഹിക്കാതങ്ങനെ കുരുവി-



ആരതികൃഷ്ണ സി. എസ്

കുഞ്ഞു കിടന്നു ചിലച്ചപ്പോൾ
ചില്ലയിലമരും  തള്ളക്കിളി തൻ
ചിറകായ് വാതിലടഞ്ഞല്ലോ.

# നമ്മുടെ നാട്, നമ്മുടെ സമ്പത്ത്



ജനങ്ങളെല്ലാം  ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വസിക്കുന്നവരാണ്. അവരെല്ലാം തന്റെ രാജ്യത്തെ സ്നേഹിക്കുന്നു. രാജ്യസ്നേഹം ഓരോ പൗരനും ആവശ്യമാണ്.   ജനങ്ങൾ സ്വന്തം രാജ്യത്തിന്റെ ഐശ്വര്യത്തിനു വേണ്ടി പ്രാർത്ഥിക്കുന്നവരാണ്.  എന്നാൽ ചില മനുഷ്യരാകട്ടെ  രാജ്യത്തിൻെറ നന്മയും ഐശ്വര്യവും ആഗ്രഹിക്കാത്തവരാണ്.  കാരണം അവർ പ്രകൃതിയെ സ്നേഹിക്കുന്നില്ല.  പരിസ്ഥിതിയെ സംരക്ഷിക്കുന്നില്ല.  സമ്പൽ സമൃദ്ധമാണ് നമ്മുടെ നാട്.

ഓണം, വിഷു, തിരുവാതിര, തുടങ്ങിയവ നമ്മുടെ

നാട്ടിലെ വിവിധ ഉത്സവങ്ങളാണ്. ഓണം നമ്മുടെ ദേശീയ ഉത്സവമാണ്. ഓണം, വിഷു, തിരുവാതിര മുതലായവ സമൃദ്ധിയുടെയും അദ്ധ്വാനത്തിന്റെയും സൗന്ദര്യത്തിന്റെയും പ്രതീകങ്ങളാണ്. അന്ന് നടുമുറ്റത്ത് മുല്ലത്തറയില്ലാത്ത വീടുകൾ ഇല്ല. കൂടാതെ പൂവിറുക്കൽ, മാലകെട്ടൽ, പൂക്കളം വരയ്ക്കൽ, പൂജയ്ക്കൊരുക്കൽ ഇതെല്ലാം ഒരു ദിനാരംഭത്തിലെ നൈതിക ധർമ്മങ്ങളാണ്. കുളിച്ചു കുറിയിട്ട് മുടിയിൽ പൂക്കൾ തിരുകി ദേവദർശനം കഴിച്ചെത്തുന്ന കേരളീയവനിതകൾ ആ നാടിൻെറ സാക്ഷാൽ ഗ്രാമലക്ഷ്മിമാരും. സ്വന്തം പ്രകൃതിക്കു വേണ്ടി പ്രയത്നിച്ച് അതിനെ സംരക്ഷിച്ച് പരിപാലിക്കണം.

ഓണം, വിഷു, താരുവാതിര ഇങ്ങനെ വ്യത്യസ്ത ഋതുക്കളിൽ വ്യത്യസ്ത സംവിധാനത്തിൽ ആഘോഷിക്കപ്പെടുന്ന ഈ മൂന്നിന്റെയും പശ്ചാത്തലം വേറെയാണ്. ഗ്രീഷ്മത്തിൽ വിഷു, ശരത്തിൽ ഓണം, ഹേമന്തത്തിൽ തിരുവാതിര ഇങ്ങനെയാണ് ശാർങ്ഗധരസംഹിതയിലെ നിർവചനം. ഓണവും വിഷുവും തിരുവാതിരയുമൊക്കെ വലിയ വലിയ ആഘോഷങ്ങളാണ്. ആഘോഷ ഉത്സവങ്ങൾക്കുവേണ്ടി നേരത്തേ തന്നെ ജനങ്ങൾ എല്ലാം തയാറാക്കിയിരുന്നു. എന്നാൽ ഇന്ന് ആർക്കും ഒന്നിനും നേരം ഇല്ല. നാടിനെയും നാട്ടാരെയും വീട്ടാരെയും കുറിച്ച് ഇന്നവൻ ചിന്തിക്കുന്നേയില്ല.

ഭൂതകാലത്തിന്റെ അന്ധതയിൽ നിന്ന് നവോത്ഥാനത്തിന്റെ ആദ്യ കിരണങ്ങൾ കണികണ്ട് അവർ ഉണരുന്നു. ഉരുളിയിൽ കണിക്കൊന്ന, കണിവെള്ളരിക്ക, നാളികേരമുറി, ഉണക്ക വെള്ളരി, വെറ്റില, അടയ്ക്ക, വാൽകണ്ണാടി, സ്വർണ്ണം, രാമായണ ഗ്രന്ഥം, അലക്കിയ വസ്ത്രം, ഇങ്ങനെ പുതുവർഷത്തിൽ ആസ്വദിക്കേണ്ട ഭൗതികവും വൈദികവുമായ സാധന സാമഗ്രികൾ കത്തുന്ന നിലവിളക്കിനു മുൻപിൽ പ്രദർശിപ്പിക്കുന്നു. പുതുവത്സരപ്പിറവിയിൽ ഒരുക്കുന്ന കണികണ്ടു കർഷകർ നിർവൃതിയടയുന്നു. അവരോടൊപ്പം സസ്യശ്യാമളമായ പ്രകൃതിയും. ഇന്നു ജനങ്ങൾ വയൽ നികത്തൽ, കുന്നിടിക്കൽ തുടങ്ങിയ ക്രൂര പ്രവൃത്തികളാണ് പ്രകൃതിയോട് ചെയ്യുന്നത്. ഇങ്ങനെ പ്രകൃതിയെ നശിപ്പിച്ചാൽ ജനങ്ങൾക്ക് എന്താണ് ഗുണം? പ്രകൃതിയെ നശിപ്പിച്ചാൽ പ്രകൃതി നമ്മുടെ ജീവനെ പരിപാലിക്കുമോ?

പ്രകൃതി മനുഷ്യനിലനിൽപ്പിന് പ്രധാനമാണ് എന്ന് മനുഷ്യൻ തിരിച്ചറിയുന്നില്ല. ഓരോ ആഘോഷവും ഓരോ പുരാതനകഥകളെ ആസ്പദമാക്കിയിട്ടുള്ളതാണ്. നാം ധരിക്കുന്ന വസ്ത്രം, കഴിക്കുന്ന വിഭവ സമൃദ്ധമായ ഭക്ഷ്യവസ്തുക്കൾ ഇവയെല്ലാം പ്രകൃതിയിൽ നിന്നും ലഭിക്കുന്നതാണ്. പ്രകൃതിയുടെ പ്രാധാന്യത്തെ നാം പലപ്പോഴും മനസ്സിലാക്കാതെ പോകുന്നു.

പ്രകൃതിയെ സംരക്ഷിക്കാതെ അതിനെ ക്രൂരമായി നാശിപ്പിക്കുന്ന പ്രവൃത്തികളാണിന്ന്.പ്രകൃതിയെ നശിപ്പിക്കരുത്. പ്രകൃതിയെ നശിപ്പിച്ചാൽ ജീവിതം ഒരിക്കലും സുരക്ഷിതമാകുകയില്ല.........

## കുഞ്ഞിച്ചെടി



നിരഞ്ജനാറാം ആർ.എ.

മണ്ണിൻെറ മാറിൽ മുളച്ചുവന്നെത്തിയ
പാവമാം കുഞ്ഞുചെടിയാണു ഞാൻ.
എന്നെ തഴുകിപ്പുണരുന്ന കാറ്റിനെ
ഉമ്മകൾകൊണ്ടു പൊതിഞ്ഞീടും ഞാൻ.
എൻ കുഞ്ഞിലകളാ മഞ്ഞിൽ പൊതിയുമ്പോൾ
കുളിരിനാൽ കോരിത്തരിച്ചീടും ഞാൻ!
മഴയെന്ന വരമെന്നെ ഈറനാക്കീടുമ്പോൾ
ചാഞ്ചാടിയാടി കളിച്ചീടും ഞാൻ!
വെയിലെന്ന തീയെന്നെ കുത്തിനോവിക്കുമ്പോൾ
നിശ്ശബ്ദം കണ്ണീർ പൊഴിക്കുമീ ഞാൻ!
കാറ്റും മഴയും ഋതുഭേദസത്യവും
എന്നെത്തേടി വന്നണഞ്ഞീടുമ്പോൾ,
നന്ദി അർപ്പിക്കുന്നു ഭൂമിമാതാവിനാൽ
തന്നൊരീ പുണ്യമാം ജന്മത്തിനെ!

## അയ്യപ്പസ്വാമി



ബൈജു കുറിച്ചി

പൗരാണിക ഭാരതത്തിലെ ഉച്ചനീചത്വങ്ങളെ വെല്ലുവിളിച്ച മഹാനായിരുന്നു ശ്രീബുദ്ധൻ. അന്ന് കീഴാളമേലാളർക്ക് അവരവരുടെ ദൈവങ്ങളുണ്ടായിരുന്നു. പ്രത്യേകം പ്രത്യേകം ആചാരങ്ങളും, അനുഷ്ഠാനങ്ങളും . കീഴാളർക്ക് പ്രാകൃതമായ ആരാധനയായിരുന്നു. മദ്യവും, കള്ളും, കഞ്ചാവും, ഉണക്കമീനും തല അറുത്ത കരിങ്കോഴിയും, മറ്റ് അനേകം അനാചാരങ്ങളും.

എന്നാൽ ബൗദ്ധസിദ്ധാന്തം തിരുവിതാം കൂറിനെ സാർവത്രികമായി സ്വാധീനിച്ചിരുന്നില്ല. തിരുവിതാംകൂർ നാട്ടുരാജ്യത്ത് ബ്രിട്ടീഷ്ഭരണം അരക്കിട്ടുറപ്പിച്ച കാലം.സമൂഹത്തിൻെറ മേൽത്തട്ടിൽ ബ്രിട്ടീഷുകാർ. താഴെ രാജാവ്. അതിനുതാഴെ ജാതി- ജന്മി- നാട്ടുവാഴിദുഷ്പ്രഭുത്വം. ബ്രിട്ടീഷുകാരൻെറ തണലിൽവന്ന ക്രൈസ്തവവിഷമറിമാർ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് തുടക്കമിട്ടു. രാജാവിൻെറ പൊളിഞ്ഞ സൈന്യത്തെ പരിഷ്കരിച്ചു. നീതിന്യായവ്യവസ്ഥ തീർത്തും നവീകരിച്ചു. ആധുനിക കോടതി സ്ഥാപിച്ചു. രാജകൊട്ടാരത്തിലെ യുവാക്കൾ ഇംഗ്ലീഷ് ഭാഷ പഠിച്ച് വിദ്യാസമ്പന്നരായി. അവർ കോടതിയിൽ ബാരിസ്റ്റർമാരും മുൻസിപ്പ്മാരും സൈനികോദ്യോഗസ്ഥരുമായി. രാജാവ് റബ്ബർസ്റ്റാമ്പായി.

സമൂഹത്തിലെ ഇടത്തട്ടുകാരിൽ ഒരു വിഭാഗം ആശ്രയിച്ചത് ക്രൈസ്തവ മിഷണറിമാരെയായിരുന്നു. അവർ മേലാളരുടെ ക്ഷേത്രാരാധനയും സമത്വവും നിഷേധിക്കപ്പെട്ടവരായിരുന്നു. മാറ്മറയ്ക്കാൻപോലും അവകാശമില്ലാത്ത സ്ത്രീകളും പെൺകുട്ടികളും. നാടാഴ്വർ എന്ന് തമിഴിലും -നാടാർ എന്ന് മലയാളത്തിലും സ്ഥാനപ്പേരുണ്ടായിരുന്ന അവർ മാർത്താണ്ഡവർമ്മ

രാജാവിൻെറ പക്ഷപാതികൾ എന്ന കാരണത്താൽ 'ചാന്നാർ' (ദ്രാവിഡചേരൻ) എന്ന് അധിക്ഷേപിച്ച് വിളിച്ചിരുന്നു. അവരിൽ ഒരു വിഭാഗത്തെ മതം മാറ്റി. മതം മാറിയ നാടാർ സ്ത്രീകൾക്ക് ബ്ലൗസ് ധരിക്കാനുള്ള അവകാശം ബ്രിട്ടീഷ് രാജ്ഞി വിളംബരം ചെയ്തു. ഒരു വിപ്ലവം സൃഷ്ടിക്കുമ്പോൾ അത് സമൂഹത്തെ മുഴുവനായി മാറ്റിമറിക്കണം. ഇവിടെ മതം മാറിയ പുലയരും പറയരും പഴയ പടിതന്നെ. നാടാർ സമുദായത്തിലെ വലിയൊരു വിഭാഗത്തെ ഒഴിവാക്കുകയും ചെയ്തു. ചുരുക്കിപറഞ്ഞാൽ ഇടതുകാലിലെ മന്ത് വലതു കാലിലേക്ക് മാറ്റിയ അവസ്ഥ. എന്ന് മാത്രവുമല്ല മതം മാറിയവർ ബ്രിട്ടീഷുകാരൻെറ കിടപ്പറയിൽ വിരിപ്പ് വിരിക്കുന്ന ഊഴിയം വേല ചെയ്യുന്ന ദയനീയമായ കാഴ്ചയാണ് കണ്ടത്.

മുകളിൽപ്പറഞ്ഞ സാമൂഹ്യവ്യവസ്ഥിതി നിലനിൽക്കുമ്പോഴായിരുന്നു അയ്യാവൈകുണ്ഠസ്വാമികളുടെ കടന്ന് വരവ്. ചുറ്റിനുമുള്ള ജീവിതദുരിതങ്ങൾ, ദുരാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ, അയിത്തം തുടങ്ങിയവ അദ്ദേഹത്തിൻെറ മനസിനെ മഥിച്ചു. ജീവിത പ്രശ്നങ്ങളെ പറ്റി ചിന്തിച്ചു. അവയ്ക്കുള്ള പരിഹാരങ്ങളും. വിലക്കുകളെ ഓരോന്നായി ധിക്കരിക്കാൻ തുടങ്ങി. മതം വച്ച അസമത്വത്തെ തകർക്കാൻ മതത്തെ ഉപകരണമാക്കി. അങ്ങനെ അദ്ദേഹം 1830-ൽ തുടങ്ങിയ പ്രക്ഷോഭങ്ങളിൽ പ്രധാനപ്പെട്ടവയായിരുന്നു കുമാരകോവിലിലെ അഗ്നിക്കാവടിലംഘനം. ശുചീന്ദ്രത്തെ സവർണ്ണരഥയാത്രയിൽ പങ്കെടുത്തു. കീഴാളരെ ജോലിക്കൂലി ചോദിക്കാൻ പഠിപ്പിച്ചു. പാട്ടക്കരം വിലക്കി. കീഴ്ജാതിക്കാർക്ക് ക്ഷേത്രം നിർമ്മിച്ചു. സമത്വസമാജം രൂപീകരിച്ചു. ഏകലോകം, ഏകദൈവാരാധന, സമപന്തീഭോജനം, കണ്ണാടിപ്രതിഷ്ഠ തുടങ്ങിയവ നടപ്പിൽവരുത്തി. മതനവീകരണത്തിലൂടെ സാമൂഹ്യസമത്വം എന്ന കാഴ്ചപ്പാട് സ്വീകരിച്ചു. അദ്ദേഹത്തെ രാജാവ് കടുവാക്കൂട്ടിലടച്ചു. ഇതിനെ പറ്റി ന്യൂ ഹയർ സെക്കൻെററി സ്കൂളിൻെറ വാർഷിക പതിപ്പിൽ ഞാൻ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ആയതിനാൽ ഞാൻ ഇവിടെ ദീർഘിപ്പിക്കുന്നില്ല.

വൈകുണ്ഠസ്വാമികൾ സൃഷ്ടിച്ച വിപ്ലവം തിരുകൊച്ചിയിലേക്കും വ്യാപിച്ചു. വേദപഠനവും ക്ഷേത്രാരാധനയും ബ്രാഹ്മണരുടെ കുത്തകയല്ലെന്ന് വാദിച്ചുകൊണ്ട് വിദ്യാധിരാജാചട്ടമ്പിസ്വാമികൾ രംഗത്ത് വന്നു. ലോകത്തെ ഏറ്റവും പാരമ്പര്യമുള്ള ഭാഷ തമിഴാണെന്നും അദ്ദേഹം ശക്തിയുക്തം സമർത്ഥിച്ചു. ജാതി വ്യവസ്ഥക്കും, അയിത്തത്തിനും ജനകീയ പിപ്ലവം നയിച്ച ശ്രീ നാരായണൻ ശിവലിംഗം പ്രതിഷ്ഠിച്ചതോടെ വരേണ്യ വർഗ്ഗത്തിൻെറ അടിക്കല്ല് ഉലയാൻ തുടങ്ങി. അദ്ദേഹത്തിൻെറ 'ഒരു ജാതി,ഒരു മതം,ഒരു ദൈവം

മനുഷ്യന് ' എന്ന ഉദ്ബോധനം കീഴ്ജാതിക്കാരിൽ ആത്മീയ വിപ്ലവം ഉണ്ടാക്കി. അടിസ്ഥാന വർഗ്ഗത്തിൻെറ രക്ഷകനായി മാറിയ അയ്യൻകാളി കൊയ്ത്തിന് കൂലി ചോദിച്ചു. നിഷേധിക്കപ്പെട്ട പൊതു വഴിയിൽ വില്ലുവണ്ടിയിൽ സഞ്ചരിച്ചു. വിദ്യക്ക് വേണ്ടി പടവെട്ടി. കീഴാളസ്ത്രീകളുടെ അടയാളമായ കല്ല് മാല പൊട്ടിച്ചെറിയാൻ ചേരിനാട് നടത്തിയ ലഹളയിൽ അയ്യങ്കാളിയുടെ പിന്നിൽ പ്രവർത്തിച്ചത് ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയായിരുന്നു.

ജാതി-ജന്മി-നാടുവാഴി ദുഷ്പ്പഭുത്വത്തിൽ നിന്ന് കീഴ്ജാതിക്കാരെ മോചിപ്പിക്കേണ്ടത് ബ്രിട്ടീഷുകാരന്റെ അനിവാര്യമായ ആവശ്യമായിരുന്നു. നമ്പൂതിരിയെ മനുഷ്യനാക്കാൻ വി.ടി.ഭട്ടതിരിപ്പാട് യോഗക്ഷേമസഭ രൂപീകരിച്ചതും. പൂജയുംആരാധനയും വച്ചുമതിയാക്കി നമ്പൂതിരി സമൂഹം 'തോട്ടിപ്പണിയ്ക്ക് പോണം' എന്ന മഹാനായ ഇ.എം.എസിന്റെ ആഹ്വാനവും വൈദേശിക ഭരണത്തെ ആഴത്തിൽ ചിന്തിപ്പിച്ചു. രാജാവിന്റെകാൽക്കൽ നിന്ന് മണ്ണ് ചോർന്ന് പോകുന്നതായി തോന്നി. ക്ഷേത്രപ്രവേശനവിളംബരം വേഗത്തിലാക്കാൻ ഇടയാക്കി. അവർ ഭണ്ഡാരസ്വത്ത് ഈഴവർക്ക് പാട്ടത്തിന് കൊടുത്തു. ആ വിഭാഗം പ്രമാണിമാരാകാൻ തുടങ്ങി.

ഞാൻ ഈ ചരിത്രസത്യം വിവരിച്ചത്എല്ലാ രാജാക്കൻമാരും യാഥാസ്ഥിതികൻമാരായിരുന്നില്ല. ചേര-ചോള-പാണ്ഡ്യരിലെ ഉത്പതിഷ്ണുവായ രാജാവായിരുന്നു പന്തളംരാജാവ്. മക്കളില്ലാത്തരാജാവ് പുത്രൻ ജനിക്കാൻ വേണ്ടി പരശുരാമന്റെ കാർമ്മികത്വത്തിൽ ബുദ്ധക്ഷേത്രം പണിയുന്നു വിഖ്യാതചരിത്രപണ്ഡിതൻ എ.ശ്രീധരമേനോൻ 'കേരളചരിത്ര' ത്തിൽ ഇക്കാര്യം പറഞ്ഞിട്ടുണ്ട്. അമ്പലംബുദ്ധക്ഷേത്രം പമ്പാതീരത്ത് വേട്ടയ്ക്ക് പോയ രാജാവിന് ഒരുആൺകുഞ്ഞിനെകിട്ടിആഹ്ലാദചിത്തനായരാജാവ്കുഞ്ഞിന്ചുംബനപ്പൂക്കൾ അർപ്പിച്ചു മനസ്സിൽ പരമശിവനെയും വിഷ്ണുവിനെയും ധ്യാനിക്കുന്നതിനിടയിൽ ഒരു ഋഷി പ്രത്യക്ഷപ്പെട്ട്ഇങ്ങനെ പറഞ്ഞു; "പരമശിവന് വിഷ്ണുവിന്റെ അവതാരമായ മോഹിനിയിൽനിന്ന് പിറന്നകുഞ്ഞാണിത്. സത്യം, ധർമ്മം, നീതി നിലനിർത്താൻമഹിഷിവധമാണ് ലക്ഷ്യം. അങ്ങ് ഇവനെ നന്നായിവളർത്തണം.കീർത്തിമാനാവും.” മഹർഷി അപ്രത്യക്ഷനായി. കൊട്ടാരത്തിൽ എത്തിയ രാജാവ് കഥ രാജ്ഞിയെ ധരിപ്പിച്ചു. കൊട്ടാരം ഉത്സവലഹരിയിലായി. എന്നാൽ രാജ്ഞി ഗർഭം ധരിച്ചതോടെ കൊട്ടാരത്തിലെ മന്ത്രിമുഖ്യനമായി രാജ്ഞി ചേർന്ന് മണികണ്ഠനെ അപായപെടുത്താൻ നോക്കി. ജ്ഞാനദൃഷ്ടിയിൽഎല്ലാം മനസ്സിലാക്കിയ മണികണ്ഠൻ തന്റെ ദൗത്യം

പൂർത്തിയാക്കി കാനനത്തിലേയ്ക്ക് പോയിബുദ്ധവിഗ്രഹത്തിൽ ലയിച്ചു. ഇവിടെ എന്റെ ചോദ്യം ഇതാണ്. ബുദ്ധന്റെ പൂർവാശ്രമത്തിൽഭാര്യയും കുഞ്ഞുമുണ്ട്. ബുദ്ധനിൽ ലയിച്ചുചേർന്ന അയ്യപ്പസ്വാമി നൈഷ്ഠികബ്രഹ്മചാരിഎങ്ങനെ ആയി?

അയ്യപ്പസ്വാമിക്ക് ജാതിയില്ല, മതമില്ല. എന്നിട്ടും ദുരാചാരങ്ങൾ സമൂഹത്തിൽ നിലനിന്നു വൈക്കംക്ഷേത്രത്തിന്റെ മതിലിനുപുറത്തുള്ള വഴിയിലൂടെ സഞ്ചാരസ്വാതന്ത്ര്യം ആവശ്യപ്പെട്ടു കൊണ്ട് ശ്രീ.നാരായണഗുരുവിന്റെ നേതൃത്വത്തിൽ സത്യാഗ്രഹസമരം ആരംഭിച്ചു. സമരം ഒത്തുതീർക്കാൻ എത്തിയ മഹാത്മാഗാന്ധിയെ തന്ത്രി ഇണ്ടംതുരുത്തി നമ്പൂതിരി മുറ്റത്തിരുത്തി ഇല്ലത്തിനകത്തുനിന്ന് ആവശ്യം നിഷേധിച്ചു ഗാന്ധിജി മടങ്ങിയപ്പോൾ ഇരുന്നസ്ഥലം ചാണകം കൊണ്ട് മെഴുകി ശുദ്ധമാക്കി. ഒടുവിൽ ഗാന്ധിജിയുടെ അഭ്യർത്ഥനമാനിച്ച് ശ്രീ.ചിത്തിരതിരുനാൾബാലരാമവർമ്മ കവി ഉള്ളൂർസ്വാമിയെ ചെയർമാനാക്കി കമ്മിഷനെ നയിച്ചു. ഉള്ളൂർസ്വാമിയുടെ സമ്മർദ്ദത്തിന് വഴങ്ങിയ രാജാവ് ക്ഷേത്രപ്രവേശനവിളമ്പരം പുറപ്പെടുവിച്ചു. അക്കാരണത്താലാണ് ഉള്ളൂർസ്വാമിയെ സ്വജാതിയിൽ നിന്നും പുറത്താക്കിയത്.

അപ്പോഴും സമൂഹാത്മാവ് ദുഷിച്ച് തന്നെ കിടന്നു. സ്വസമുദായത്തെ തിരുത്താൻ മന്നത്ത് പദ്മനാഭന് പടപൊരുതേണ്ടി വന്നു. അക്കാലത്ത് നായർ തറവാട്ടിലെ സ്ത്രീകൾ നമ്പൂതിരി ഇല്ലത്തെ ദാസ്യവേലക്കാരികളായിരുന്നു-ബഹുഭൂരിപക്ഷം. അദ്ദേഹം എൻ.എസ്.എസ് സർവീസ് ന്യൂസിൽ എഴുതി: "നായർ തറവാടിൻെറ തകർച്ചക്ക് കാരണം നാലുകെട്ടുകളാണ്. താലികെട്ട്, കുതിരകെട്ട്, വെടിക്കെട്ട്, കേസ് കെട്ട്." പടുവൃദ്ധൻമാരായ നമ്പൂതിരിമാർ നായർ പെൺകുട്ടിയെ താലികെട്ടും. വേളി കഴിക്കില്ല. അമ്മമാരുടെ മടിയിലിരുന്നായിരുന്നു താലികെട്ട്.മറ്റൊരിക്കൽ അദ്ദേഹം പറഞ്ഞു: "നികൃഷ്ടജന്തുക്കൾ എന്നു കരുതപ്പെടുന്ന പട്ടികൾക്കും പൂച്ചകൾക്കും നാലമ്പലത്തിൽ പ്രവേശനമുണ്ട്. മനുഷ്യന് തീണ്ടൽ.” ഈ പുരോഗമന ചിന്തയാണ് അദ്ദേഹത്തെ കൊണ്ട് വൈക്കം സത്യാഗ്രഹത്തിന് സവർണ്ണ ജാഥ നയിപ്പിച്ചത്. ഈ മനസ്ഥിതിയുള്ള ആളായിരുന്നു തിരുകൊച്ചികോൺഗ്രസ്സ് മുഖ്യമന്ത്രിയായിരുന്ന സി.കേശവൻ. അദ്ദേഹത്തിൻെറ കടുത്തവാക്കുകളിതാ:" ഒരു അമ്പലം കത്തിനശിച്ചാൽ അത്രയും അന്ധവിശ്വാസം നശിക്കും.”

സി.കേശവൻെറ അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല. അമ്പലവും പള്ളിയുമല്ല കുഴപ്പം. അതിനെവിഴുങ്ങിയിരിക്കുന്നഅന്ധവിശ്വാസങ്ങളും

അനാചാരങ്ങളുമാണ്. നമ്പൂതിരി മനുഷ്യനാകണമെന്നാണ് വി.ടി. ഭട്ടതിരിപ്പാട് പറഞ്ഞത്. പൂജയും ആരാധനയും വച്ച്മതിയാക്കി നമ്പൂതിരി സമൂഹംതോട്ടിപ്പണി ചെയ്യാനാണ് ഇ.എം.എസ് ആഹ്വാനംചെയ്തത്.ശബരിമലയിൽജാതിമതഭേദമന്യേ ആർക്കുംലിംഗവർണ്ണവ്യത്യാസമില്ലാതെദർശനംനടത്താംതീർത്ഥംമതനിരപേക്ഷതയുടെ പ്രതീകമാണ് അയ്യപ്പസ്വാമി. മാളികപ്പുറവും വാവരുസ്വാമിയും കടുപ്പസ്വാമി എന്ന ഈഴവനും നിലയ്ക്കൽ ക്രൈസ്തവാരാധനാലയവും ചേർന്ന വിശ്വമാനവീകതയുടെ പ്രതീകം.

അത് മുന്നിൽ കണ്ട പന്തളം രാജാവ് മലയരയമൂപ്പനെ കൊണ്ട് തേൻ അഭിഷേകം ചെയ്യിച്ചു. കാലം മാറി, കഥ മാറി. തന്ത്രികൾ ബ്രാഹ്മണരായി. പൂജാവിധികളാകെ തകിടം മറിഞ്ഞു. ഭസ്മവും, നെയ്യും, പാലും, കളഭവും വന്നു. അയ്യപ്പസ്വാമി നൈഷ്ഠിക ബ്രഹ്മചാരി എന്ന് വാദിക്കുന്നവർ തന്നെ പൂജനടത്താൻ വേളി കഴിച്ചു പോറ്റിമാരായി. അമ്പലത്തിന് ഒരിക്കൽ കാട്ടുതീവീണപ്പോൾ മതസൗഹാർദ്ദം കാത്തുസൂക്ഷിച്ച രാജാവ് സഖറിയാസ്കത്തനാർ എന്ന ക്രൈസ്തവനെയാണ് പുതുക്കിപ്പണിക്ക് ഏൽപ്പിച്ചത്. എന്നാൽ പിൻഗാമിയായ രാജാവ്കൊട്ടാരത്തിൻെറകടംവീട്ടാൻഅയ്യപ്പസ്വാമിയെരണ്ടുലക്ഷത്തിനാല്പതിനായിരം രൂപയ്ക്ക് തിരുവിതാംകൂർ രാജാവിന് വിറ്റു എന്ന് പറയേണ്ടിവന്നതിൽ ദുഃഖമുണ്ട്. പൊന്നമ്പലമേട്ടിലെ മകരജ്യോതിയെപ്പറ്റിയുള്ള സത്യത്തെപ്പറ്റി എല്ലാവർക്കും അറിയാം. ആപൊള്ളയായവിശ്വാസംമനസ്സിനെഭരിക്കുന്നവരാണ്-രാജ്യത്തിൻെറ പരമോന്നതകോടതിവിധി മാനിക്കാത്തവർ-അയ്യപ്പസ്വാമി നോക്കിയിരിക്കവേ സ്ത്രീകളെ പീഡിപ്പിക്കുന്നത്-ഐക്യകേരളം രൂപപ്പെട്ട് രാജഭരണം അവസാനിച്ചിട്ടും രാജാവിൻെറ അധികാരത്തെപ്പറ്റി പൊങ്ങച്ചം വിളമ്പുന്നത്. ഒരു ക്രിസ്ത്യാനിജഡ്ജിയുടെ ഒത്തുതീർപ്പ് മധ്യസ്ഥതയിൽ നറുക്കിട്ടാണ് തന്ത്രിയെ നിയമിക്കുന്നത്. കൊട്ടാരമല്ല, അയ്യപ്പനെ കാണാൻ പോകണോ വേണ്ടയോ എന്ന് സ്ത്രീ തീരുമാനിക്കും. അതാണ് ജനാധിപത്യം. ക്ഷേത്രനടയിൽ കൊടിമരം സ്ഥാപിച്ചതും, പതിനെട്ടാംപടി സ്വർണ്ണം പൂശിയതും ഏത് ശാസ്ത്രവിധിപ്രകാരമാണെന്നും കുഴിക്കാട്ട് പച്ച എന്ന താന്ത്രികഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ടോ?അതെന്തായാലും എൻെറ കണ്ടെത്തൽ ഇതാണ്. രാജാവ് ശൈവവിശ്വാസിയായിരുന്നു. രാജ്ഞി വൈഷ്ണവവിശ്വാസിയും. ദ്രാവിഡൻമാരുടെ കുല ദൈവം പരമശിവനാണ്. ആര്യൻമാരുടേത് വിഷ്ണുവും. ആര്യാധിനിവേശം വേരുപിടിച്ച കാലഘട്ടത്തിൽ രണ്ട് ചിന്താധാരകൾ ഗോത്രസമൂഹത്തിൽ രൂപപ്പെട്ടു. വൈഷ്ണവധാരണം ശിവനെ ആരാധിക്കുന്നവർ 'നായനാർ' മാരെന്നും വിഷ്ണുവിനെ ആരാധിക്കുന്നവർ 'ആഴ്വാൻ' മാരെന്നും. ഈ രണ്ട് ചിന്താധാരകളുടെ

സമ്മയമാണ് അയ്യപ്പന്റെ കഥ. ജ്ഞാനത്തിന്റെ, ഐശ്വര്യത്തിന്റെ സമ്പൽസമൃദ്ധിയുടെ, വെളിച്ചവും പ്രതീകവുമാണ് മകരജ്യോതിസ്. സത്യത്തിന്റെ, ധർമ്മത്തിന്റെ, നീതിയുടെ വാൽനക്ഷത്രം കെടാതിരിക്കട്ടെ.

# ഗണിതം മനോഹരം





സ്നേഹ എസ്.എസ്.
VIII H

ഒരിക്കലും മറക്കില്ല നിന്നെ ഞാൻ ഗണിതമേ!
സങ്കലനം, വ്യവകലനം എന്നിവയും
ഗുണനം, ഹരണം എന്നിവയും
പഠിപ്പിച്ച ഗണിതമേ!
Mathematics എന്ന വാക്കിനർത്ഥം തന്നെ
'പ്രപഞ്ചത്തിന്നാധാരം' എന്നാണ്!

ഒരിക്കലും മറക്കില്ല നിന്നെ ഞാൻ ഗണിതമേ!
കണക്കുചെയ്യാൻ പഠിപ്പിച്ച, ഗണിതമേ!
ചതുരം,സമചതുരം എന്നിങ്ങനെ പല രൂപങ്ങൾ
അതിന്റെയൊക്കെ പരപ്പളവും, ചുറ്റളവും,
സൂത്രവാക്യങ്ങളും, ബീജഗണിതങ്ങളും മറക്കില്ല.
ഇത് പഠിപ്പിച്ച അദ്ധ്യപകരേ,
ലോകം നിങ്ങളെ നമിക്കുന്നു!
ഒരിക്കലും മറക്കില്ല നിന്നെ ഞാൻ ഗണിതമേ!
ജീവിതപാഠം പലതും പഠിപ്പിച്ച ഗണിതമേ!

## നവജീവൻ

ഷിബി പി. ബി.
X P

ആ കുഞ്ഞു കുടിലിൻെറ മേൽക്കൂരയിൽ നിന്നും അപ്പോഴും മഴത്തുള്ളികൾ ഇറ്റിറ്റു വീഴുന്നുണ്ടായിരുന്നു. കണ്ണൻ പതിയെ പുറത്തിറങ്ങി. ആളുകളെല്ലാം പോയിരിക്കുന്നു. ചുറ്റുപാടെല്ലാം നിശ്ശബ്ദമായിരുന്നതിനാൽ ഓലയിറമ്പിൽനിന്നും വീഴുന്ന വെള്ളത്തുള്ളികളുടെ ശബ്ദം നന്നായി കേൾക്കാം. അവൻ ആ ചേറു നിറഞ്ഞ തറയിൽ ചവിട്ടി, കുടിലിൻെറ ഒരു വശത്തുള്ള അസ്ഥിമാടത്തിനരികിലേക്ക് ചെന്നു. ഭൂരിഭാഗം മണ്ണും ഒലിച്ചു പോയിരിക്കുന്നു. തനിക്കിനി ആരാണുള്ളത്?

ആ ചിന്ത അവനെ വല്ലാതെ തളർത്തി. മരിച്ചുപോയ തൻെറ മുത്തശ്ശിയുടെ രൂപം മനസ്സിൽ വന്നു. അവൻ കുഴിമാടത്തിനരികിലിരുന്ന് കരച്ചിൽ തുടർന്നു. ആ വീട്ടിൽ തനിക്കും മുത്തശ്ശിക്കും തങ്ങാനുള്ള ഇടമേ ഉണ്ടായിരുന്നുള്ളു. എന്നാൽ അത്ര പരിഷ്കാരമൊന്നുമില്ലാത്ത, മറ്റാരുടെയോ വകയായ ആ വീട്ടിൽ താനിന്ന് തനിച്ചാണ്. ആറു വയസ്സുകാരനായ ആ ബാലന് ഇതു വരെയും വിദ്യാലയം കാണാൻ കഴിഞ്ഞിട്ടില്ല. ചിലർക്ക് വിറക് പെറുക്കി കൊടുത്തും, സാധനങ്ങൾ വാങ്ങിച്ചു കൊടുത്തും കിട്ടുന്ന തുച്ഛമായ വരുമാനം. ആഹാരത്തിനു വേണ്ടി മാത്രം അവൻെറ ജീവിതം അവൻ പാകപ്പെടുത്തിയിരുന്നു. എന്നാൽ അത്രയും തന്നെ ദുരിതപൂർണ്ണമായ ജീവിതമാണെങ്കിൽ പോലും നന്മയുടെ പാത വെടിയാൻ അവൻ തയ്യാറായിരുന്നില്ല.ചിലർ അവനെ പുച്ഛിച്ചു. 'സ്കൂളിൽ പോകാത്തവൻ,' 'നാട്ടുതെണ്ടി' ഇതെല്ലാം തൻെറ മനസ്സിനെ കുത്തിനോവിക്കുന്നുണ്ടെങ്കിൽത്തന്നെയും അവൻ മൗനിയായി നിന്നതേയുള്ളൂ. അവൻ തൻെറ കുടിലിലിരിക്കുന്ന സമയത്ത്, നല്ല വൃത്തിയും വെടിപ്പുമുള്ള വസ്ത്രങ്ങളൊക്കെ അണിഞ്ഞ് ഉദ്യോഗസ്ഥനെപ്പോലെ ഗമയോടെ ആരോ ഒരാൾ തൻെറ വീട്ടുവളപ്പിലേക്ക് വരുന്നുണ്ട്. ആദ്യമേ അവൻെറ

കുഞ്ഞുമനസ്സ് സംഭവിക്കാൻ പോകുന്ന ആ കാര്യം പറയാതെ തന്നെ അറിഞ്ഞു.മുത്തശ്ശിയുണ്ടായിരുന്നപ്പോൾ അയാൾ ഇടയ്ക്കൊക്കെ വരുമായിരുന്നു. അവൻെറ മുത്തശ്ശി എന്തെങ്കിലുമൊക്കെ യാചിച്ചു പറയും.

എന്നാൽ ഇന്ന് ഞാനിനി എന്താണ് പറയുക. എന്നെ വീട്ടിൽനിന്ന് ഇറക്കിവിടുകതന്നെ ചെയ്യും.

ഉടമസ്ഥനാകട്ടെ കണ്ണനെത്തന്നെ നോക്കിനിന്നു. അവൻെറ ദയനീയാവസ്ഥ അയാളുടെ മനസ്സ് തളർത്തി.തൻെറ മകനെക്കുറിച്ച് ആലോചിച്ചു. കണ്ണൻ താമസിക്കുന്ന കുടിലിൻെറ ഉടമസ്ഥനെന്ന നിലയിൽ ഇത്രയും പരിതാപവും, നിഷ്കളങ്കവുമായ കുട്ടിയെയല്ല അയാൾ പ്രതീക്ഷിച്ചത്. അതുകൊണ്ടുതന്നെ അയ്യാളുടെ കണ്ണു നനയിപ്പിച്ച കണ്ണൻെറ ജീവിതത്തെ അയാൾ പിന്താങ്ങി. അയാൾ നിഷ്കളങ്കനായ ആ കുട്ടിയെ തൻെറ മകനായി വീട്ടിലേക്കു കൊണ്ടുപോയി. എന്നാലും ഇടയ്ക്കിടെ അവൻെറ മുത്തശ്ശി പറഞ്ഞിരുന്നത് അവൻ ഓർക്കും: "നന്മ ചെയ്യുന്നവർക്ക് ദൈവം തുണ."





**അലിൻസ്വിങ് എൽ.**

**IX K**

# ഗ്രാമഭംഗി

കിഴക്കിൻ ആകാശത്തിൽ
ഉദിച്ചുയരുന്ന സൂര്യദേവൻ
ഉറങ്ങുകൂടിയ ഹിമകണങ്ങൾ
ഏറ്റു നിൽക്കുമീ പൂക്കളുംചെടികളും!
ആർക്കുവേണ്ടിയും കാത്തുനിൽക്കാതെ
ഒഴുകിയെത്തുകയായി തെളിനീർ!
കോയ്ത്തുകാരനെ തേടി നിൽക്കുകയായി
കതിരണിഞ്ഞനെൽപ്പാടങ്ങൾ!
കൂടിനുള്ളിൽ അടയിരിക്കുന്ന
സ്നേഹവതിയായപ്രാണസഖിക്കായി ഒരുനെൽക്കതിർകൊത്തിയെടുത്ത്
കൂടണയാൻ വെമ്പുകയാണ് ഇണപക്ഷി!
മണ്ണിനെ സ്നേഹിക്കുന്ന കർഷകന്റെ
മാറിലൂടെ അദ്ധ്വാനത്തിന്റെ വിയർപ്പ് ഒഴുകുന്നു!

# മലിനീകരണം.......

## ജലമലിനീകരണം.....





ശില്പ VIII H

ജലാശയങ്ങൾ മലിനമാകുന്നതിലൂടെ ജലമലിനീകരണം ഉണ്ടാകുന്നു. കുളം, തടാകം, നദി, കായൽ, കടൽ, ഭൂഗർഭജലസ്രോതസ്സുകൾ ഇവ മലിനമാകുന്നതിലൂടെ ഉണ്ടാകുന്ന മലിനീകരണമാണ് ജലമലിനീകരണം ശരിയായ സംസ്കരണം നടത്തി അപകടകരമായ ഘടകങ്ങൾ നീക്കംചെയ്യാതെ മാലിന്യങ്ങൾ നേരിട്ടോ അല്ലാതെയോ ജലാശയങ്ങളിലേക്ക് കലർത്തുമ്പോഴാണ് പൊതുവേ ജലമലിനീകരണം ഉണ്ടാകുന്നത്.

ജലമലിനീകരണത്തിന് കാർബണികമോ, അകാർബണികമോ ആയ പദാർത്ഥങ്ങൾ കാരണമാകുന്നു. ജലം മികച്ചൊരു ലായകമായതിനാൽ ചെറിയ അളവിലും പദാർത്ഥങ്ങളെ ലയിപ്പിക്കുന്നു. ഇത് ജലമലിനീ-കരണസാധ്യത വർദ്ധിപ്പിക്കുന്നു. ജൈവവിഘടനത്തിന് വിധേയമാകുന്ന കാർബണികവസ്തുക്കൾ ശുദ്ധീകരണ പ്രക്രിയയിൽ സങ്കീർണ്ണങ്ങളായ കാർബണികതന്മാത്രകളെ സൂക്ഷ്മാണുക്കൾ വിഘടിപ്പിച്ച് ഹാനികരമല്ലാത്ത പദാർത്ഥങ്ങളാക്കി മാറ്റുന്നു. ജലത്തിലെ ഓക്സിജനെ ഉപയോഗിക്കുന്നതിനാൽ ലയിച്ചുചേർന്ന പദാർത്ഥങ്ങളുടെ അളവ് കൂടുന്നതിനനുസരിച്ച് ഓക്സിജൻെറഅളവ് ഗണ്യമായി കുറയുന്നു.

ഭക്ഷ്യവസ്തുക്കൾ, തുകൽ എന്നിവ സംസ്കരിക്കുന്ന ഫാക്ടറികൾ, ചായം, തുണിത്തരങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്ന ഫാക്ടറികൾ ഇവയെല്ലാം കാർബണികമാലിന്യങ്ങൾ ഉണ്ടാക്കുന്നവയാണ്. പാറകളിൽ അടങ്ങിയിരിക്കുന്ന കാരീയലവണങ്ങൾ പ്രകൃതിദത്തമായ ജലമലിനീകരണത്തിന് കരണമാകുന്നു. കീടനാശിനികളും, രാസവളങ്ങളും ജലസ്രോതസ്സുകളെ മലിനമാക്കുന്നു. ആധുനിക കൃഷിരീതിയിൽ ശാസ്ത്രീയത അവലംബിക്കാത്തതിനാൽ യൂട്രോഫിക്കേഷൻ എന്ന പ്രതിഭാസവും ഉണ്ടാകുന്നു.

## <u>ജലമാലിന്യത്തിൻെറ അളവ്</u>

ജലത്തിൽ അടങ്ങിയ മാലിന്യത്തിൻെറ തോത് അളക്കാൻ ജലത്തിൻെറ ലായക സ്വഭാവമാണ് ഉപയോഗപ്പെടുത്തുന്നത്. നിശ്ചിതഅളവ്ജലംശേഖരിച്ച് 20 ഡിഗ്രിസെൽഷ്യസ്സിൽ കുറഞ്ഞത് 5 ദിവസം സൂക്ഷിക്കുന്നു. ആരംഭത്തിലും അവസാനത്തിലും ഓക്സിജൻെറ അളവ് അളക്കുന്നു.ഓക്സിജൻെറ അളവ് ഇപ്രകാരം കണ്ടെത്തണം. ഇതിനെ ബയോളജിക്കൽ ഓക്സിജൻ ഡിമാൻറ് (BOD) എന്ന് പറയുന്നു. PPM (perpart per million) യൂണിറ്റിലാണ് ഇത് സൂചിപ്പിക്കുന്നത്. കുടിക്കാനുള്ള ജലത്തിൻെറ BOD 0.75-1.5PPM ആയിരിക്കുന്നതാണ് ഉത്തമം. ജലത്തിൽ ധാരാളം ലവണങ്ങളും മറ്റ് രാസവസ്തുക്കളും ലയിച്ചു ചേരുന്നു. ജലമാലിന്യങ്ങളെ രാസമാലിന്യങ്ങൾ എന്നും ജൈവമാലിന്യങ്ങൾ എന്നും രണ്ടായി തരം തിരിക്കാം. ഇതിനു പുറമേ ജലത്തിൻെറ ഭൗതീക ഗുണനിലവാരവും പ്രധാനമാണ്. ജലത്തിൻെറ പി.എച്ച് മൂല്യംഅതിൽഅലിഞ്ഞുചേർന്നിട്ടുള്ളലവണങ്ങളുടെയുംരാസപദാർത്ഥങ്ങളുടെയുംഅളവ്എന്നിവയാണ്. രാസഗുണനിലവാരം നിർണയിക്കുന്നത് ജലത്തിൻെറ പി

എച്ച് 6.5 നും7.5 നും ഇടയിലായിരിക്കണം.

## തെന്നലായ്





മനം കുളിർപ്പിച്ചെത്തിടും
വികാരമായ് നീയെന്നെ

തഴുകീടവെ,
അധ്വാനിക്കുന്നവർക്കാശ്വാസമായ്
നീയെത്തിടുമ്പോൾ,
കണ്ണിൽനിന്നുമന്ധമായ്
പറന്നുകളിയാടീടുമ്പോൾ,
മർത്യനുശ്വാസമായ്
വന്നണയുമ്പോൾ,
നിന്നെക്കാണുവാൻകൊതിക്കുന്നു!
എൻെറ ദൃഷ്ടിയിൽ നിനക്കെ-
ത്തിടുവാനാകില്ലേലും,
നിൻ സൗന്ദര്യം ഞാൻ ആസ്വദിക്കുന്നു!
*വൃക്ഷലതാദിതൻ ചില്ലകളാട്ടിയും*
*പ്രപഞ്ചത്തിലെങ്ങും ശൈത്യോഷ്ണം*
*വിതറിയും നീ ഞങ്ങൾക്കൊപ്പമുണ്ട്!*
*നിന്നിലെ സുഖം ഞാൻ*
*അറിയാതിരുന്നുവെങ്കിൽ*
*എന്നേ ഉഷ്ണത്താൽ*
*മുടിഞ്ഞുപോയേനേ!*

അനീറ്റാജോൺ

## ഗുരുദക്ഷിണ



അനിഷ്മ എസ്.ആർ. *X P*

"ഒരു ആയിരം രൂപ തരുമോ ടീച്ചറെ?", "ക്ലാസിലെ ഏറ്റവും ഉഴപ്പനായ കുട്ടി, തന്നെ ബഹുമാനിക്കാത്തവൻ, വല്ലപ്പോഴും മാത്രം ക്ലാസിൽ വരുന്നവൻ, ഇവൻ എന്തിനാണ് എന്നോട് പൈസ വാങ്ങുന്നത്?" ലീന ടീച്ചർ ചിന്തിച്ചു. "കൊടുക്കരുത് ടീച്ചറെ". പിന്നെ ഇവൻ ക്ലാസിലേക്ക് വരില്ല. അവൻെറ ആവശ്യം കേട്ടുകൊണ്ടു വന്ന രാധ ടീച്ചർ പറഞ്ഞു.അവൻ ദയനീയമായി എന്നെ നോക്കി. "ഉറപ്പായും തരും ടീച്ചറെ. വേറാരുമില്ല സഹായിക്കാൻ." അവൻ വീണ്ടും അപേക്ഷിച്ചു. എന്തിനാണെന്നും ചോദിച്ചില്ല. ഞാൻ ബാഗിൽ നിന്നും പൈസ

എടുത്ത് കൊടുത്തു. "തരും ടീച്ചറെ, ഈ പൈസ ഞാൻ ഉറപ്പായും തരും." അവൻ അതും പറഞ്ഞ് ഓടി. ദിവസങ്ങൾ കടന്നുപോയി. അവൻ ഇതു വരെ ക്ലാസിൽ വന്നില്ല." ഇനി അവൻ തന്നെ പറ്റിച്ചതായിരിക്കുമോ?" എന്തിനാണ് പൈസ എന്നെങ്കിലും ചോദിക്കാമായിരുന്നു തനിക്ക്. സാരമില്ല ഞാൻ സ്വയം ആശ്വസിച്ചു.

പിന്നീടൊരു ദിവസം ഞാനവനെ വഴിയിൽ വച്ചു കണ്ടു. ചുമടെടുപ്പിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു അവൻ. ഞാൻ അവനെ കണ്ടതുകൊണ്ടാവാം അവൻ മുഖത്തൊരു പുഞ്ചിരി വരുത്തി എൻെറ അടുത്തേയ്ക്ക് വന്നു. "ടീച്ചറെന്താ ഇവിടെ? എന്നെ അന്വേഷിച്ച് ഇറങ്ങിയതാണോ? നാളത്തെ പണി കൂടെ കഴിഞ്ഞാൽ പൈസ കിട്ടും. കിട്ടിയാൽ ഉടനെ ടീച്ചറിൻെറ പൈസ തരാം. വൈകിപ്പിച്ചതിനു ക്ഷമിക്കണം." എന്തു പറയണമെന്നറിയാതെ ഞാൻ നിന്നു. "വിഷ്ണു, നീ എന്താ ക്ലാസിൽ വരാത്തെ?" : അല്പസമയത്തെ മൗനത്തിനു ശേഷം ഞാൻ ചോദിച്ചു." ഓ! ഇനി വരില്ല ടീച്ചറെ. വീട്ടിൽ പെങ്ങളൊറ്റയ്ക്കാണ്. അന്ന് അമ്മയ്ക്ക് സുഖമില്ലാത്തതുകൊണ്ടാണ് ടീച്ചറോട് പൈസ വാങ്ങിച്ചത്. പക്ഷേ അമ്മ പോയി... രക്ഷപ്പെടുമെന്ന് പ്രതീക്ഷയൊന്നും ഉണ്ടായിരുന്നില്ല. എന്നാലും ആ കിടപ്പ് കണ്ടിട്ട് സഹിച്ചില്ല ടീച്ചറെ..." : അവൻെറ ശബ്ദം ഇടറി. ഇതു പറയുമ്പോൾ അവന് പ്രായത്തിൽ കവിഞ്ഞ പക്വത ഉണ്ടായിരുന്നു. നാളെ വൈകിട്ട് വിഷ്ണു എൻെറ വീട്ടിലേക്ക് വരൂ. മിസ്സായ പോർഷൻസ് ഞാൻ എടുത്തു തരാം. ഞാൻ പറഞ്ഞതുപോലെത്തന്നെ അവൻ എൻെറ വീട്ടിലേക്ക് വന്നു. ടീച്ചറെന്തിനാ വെറുതേ എനിക്കു വേണ്ടി ബുദ്ധിമുട്ടുന്നേ? ബുദ്ധിമുട്ടോ? ആരാ പറഞ്ഞേ? അറിവുകൾ പകർന്ന് കൊടുക്കേണ്ടത് ഒരു അധ്യാപകൻെറ കടമയാണ്. അവൻ പഠിച്ചു.ക്ലാസിലെ മറ്റു കുട്ടികളെക്കാളും കൂടുതൽ മാർക്ക് വാങ്ങി അവൻ ക്ലാസിൽ ഒന്നാമതായി. അങ്ങനെയിരിക്കെ ഒരു ദിവസം വിദേശത്തുള്ള തൻെറ ഭർത്താവിൻെറ നിർദ്ദേശപ്രകാരം തന്നോട് അങ്ങോട്ടേയ്ക്ക് പോകാൻ ആവശ്യപ്പെട്ടു. ഇതറിഞ്ഞ് അവൻ ഓടിയെത്തി. ടീച്ചറമ്മയും എന്നെ പിരിഞ്ഞ് പോവുകയാണല്ലേ... അവൻെറ കണ്ണുകൾ നിറഞ്ഞു. പോകാതെ പറ്റില്ല മോനെ... ടീച്ചർ പറഞ്ഞു. അവൻെറ കാര്യങ്ങൾ നോക്കാനായി ഞാൻ ഒരു ടീച്ചറിനെ ഏർപ്പെടുത്തി. അവൻെറ ചെലവിനായി ടീച്ചറിൻെറ കൈയിൽ കുറച്ച് പണവും കൊടുത്തു. വർഷങ്ങൾ കടന്നുപോയി. ഭർത്താവിൻെറ വിയോഗം എന്നെ തളർത്തിയിരുന്നു. സ്നേഹിച്ചും ലാളിച്ചും വളർത്തിയ മക്കൾ, അമ്മയെ ആരു നോക്കും എന്ന കാര്യത്തിൽ പരസ്പരം കലഹിക്കുന്നു. അവസാനം തീരുമാനമായി. അമ്മയെ നാട്ടിലുള്ള വൃദ്ധസദനത്തിൽ കൊണ്ടാക്കാം. ഒരു പക്ഷെ എൻെറ മനസ്സിൽ മക്കളുടെ ഈ തീരുമാനം കുത്തിനോവിപ്പിച്ചു. എന്നാൽ

പിറന്ന നാട്ടിൽ തന്നെ അന്ത്യവിശ്രമം കൊള്ളാമെന്ന് ചിന്തിച്ചപ്പോൾ സന്തോഷവും തോന്നി. വർഷങ്ങൾ വീണ്ടും കടന്നു പോയി. എന്നെപ്പോലുള്ള ധാരാളം അമ്മമാർ അവിടെ ഉണ്ടായിരുന്നു. കൊച്ചു കൊച്ചു സന്തോഷങ്ങളുമായി ഞങ്ങളവിടെ ജീവിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം ലീന ടീച്ചർക്ക് ഒരു വിസിറ്റർ ഉണ്ട് വൃദ്ധസദനത്തിൻെറ നോക്കിനടത്തിപ്പുകാരൻ എന്നോടു പറഞ്ഞു. ടീച്ചറമ്മേ.... വിഷ്ണു.... ടീച്ചറമ്മേടെ വിഷ്ണു ഇപ്പോൾ ഡോക്ടർ വിഷ്ണുവാ... എനിക്ക് സന്തോഷമായി മോനേ. പെറ്റുവളർത്തിയ മക്കൾ എന്നെ ഇവിടെ ഉപേക്ഷിച്ചു. എന്നാൽ നീ എന്നെ കാണാൻ വന്നല്ലേ! അതുമതി... ടീച്ചറമ്മ വരൂ... നമുക്ക് പോകാം. ഞാനവനെ നോക്കി. അവൻെറ വാക്കുകളിൽ അമ്മയോട് മകനുള്ള ഉത്തരവാദിത്തം നിറഞ്ഞിരുന്നു. അനാഥത്വത്തിൻെറ നടുവിൽ വളർന്ന് ഒരമ്മയ്ക്ക് നൽകേണ്ട മുഴുവൻ സ്നേഹവും കരുതലും കരുതിവച്ച് എൻെറ ഭാര്യ അവിടെ കാത്തിരിക്കുന്നു. മുത്തശ്ശിക്കഥ കേട്ട് ഉറങ്ങാൻ എൻെറ മക്കളും. നമുക്ക് പോകാം ടീച്ചറമ്മേ... അവൻെറ സ്നേഹത്തിനുമുന്നിൽ എതിർത്തൊരു വാക്കുപോലും പറയാൻ എനിക്കായില്ല. അനാഥത്വത്തിൻെറ നടുവിൽ വളർന്ന മകനു നൽകേണ്ട സ്നേഹവും കരുതലും നൽകി ആ അമ്മ ഇന്ന് അവരോടൊപ്പം ജീവിക്കുന്നു.

## ദുഃഖമേ! നീയൊരു സൗന്ദര്യം





ദുഃഖംപേറുമീ നിമിഷത്തിലെൻ-
നെഞ്ചിൻെറ നീറുമീ സൗന്ദര്യം!
പകൽപൂരമോടിയെത്തുമീനിമിഷം
സൗന്ദര്യംപോലും നിശാഗന്ധിയായ്!
മാനവൻെറ എല്ലാ പ്രതീക്ഷയും
തല്ലിക്കെടുത്തുമീദുഃഖം എൻമനസ്സിൽ
പൊട്ടിവരുന്നതോ സൗന്ദര്യമായ്!
പ്രശ്നങ്ങളേറ്റിയെത്തുമീ
നിമിഷനേരത്തിൻ നൊമ്പരം
പ്രാർത്ഥനായിമാറുമീനിമിഷം
ചിന്തിക്കുവാൻപോലും കഴിയാതെ
മാറിമറിയുന്ന ദുഃഖസമുദ്രം!
ചിന്തിക്കുവാൻ തേടുന്നൊരീ
സാന്ദ്രമാം പ്രതീക്ഷയിൽ
ചിന്തയിലൊരുശീലുമായി
മാറുമീ ഞൊടിനേരെത്തെൻ
ദുഃഖമേ നീയെൻ സൗന്ദര്യം!

അപർണ ആർ.എസ്
VIII B

**ഇരുട്ടകറ്റാൻ......**



ആതിര ബി.കെ
VII B

ഇരുട്ടിലും, വെളിച്ചത്തിലും ഒരു അറിവ് ഒളിഞ്ഞിരിക്കുന്നുണ്ട്. ഓരോ മനുഷ്യനും ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കാണ് പോകുന്നത്. കാരണം ചില മനുഷ്യർ ഏത് പ്രവൃത്തി ചെയ്താലും ആദ്യം ഒന്ന് പരാജയപ്പെട്ടുവെന്നിരിക്കാം, എന്ന് വിചാരിച്ച് ആ പ്രവൃത്തിയെ അപ്പോൾ തന്നെ

കൈഒഴിയുകയല്ല വേണ്ടത്. വീണ്ടും അത് പരിശ്രമിച്ച് വിജയം കൈവരിക്കാനാണ് ശ്രമിക്കേണ്ടത്. പരാജയം വിജയത്തിന്റെ മുന്നോടിയാണ്. അക്കാരണത്താലാണ് എല്ലാവരും ഇരുട്ടിൽ നിന്ന് പ്രകാശത്തിലേക്ക് അല്ലെങ്കിൽ വെളിച്ചത്തിലേക്ക് സഞ്ചരിക്കേണ്ടത്. നമ്മുടെ അബ്ദുൽകലാമിന്റെ കാര്യം തന്നെ നോക്കുകയാണെങ്കിൽ അദേഹത്തിന്റെ ആദ്യ വിക്ഷേപണം പരാജയപ്പട്ടപ്പോൾ നിരാശനാകാതെ വീണ്ടും ആ വിക്ഷേപണം വിജയിപ്പിക്കാൻ വേണ്ടി അദ്ദേഹത്തിന് ആത്മധൈര്യം കൊടുത്തത് സതീശ്ധവാൻ ആയിരുന്നു. പിന്നെ, അദ്ദേഹത്തിന്റെ വിക്ഷേപണം വിജയിക്കുകയും ചെയ്തു. അതായത് പരാജയം വിജയത്തിന്റെ മുന്നോടിയിലേക്കുള്ള കാൽചുവടുകളാണ്.

ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് പോകാൻ അറിവ് മാത്രമല്ല വേണ്ടത്. പല കാര്യങ്ങളും വേണം. നമ്മുടെ സമൂഹത്തിൽ തന്നെ താഴ്ന്ന ജാതിക്കാരും, ദാരിദ്ര്യം അനുഭവിക്കുന്നവരും ഉണ്ടാകാം. അപ്പോൾ അവർക്കു തോന്നും അവർ ഇരുട്ടിൽ കിടക്കുകയാണെന്ന്. അവരെ വെളിച്ചത്തിലേക്ക് എത്തിക്കുകയാണ് നമ്മൾ ഓരോരുത്തരുടെയും ലക്ഷ്യം. ഇരുട്ടിലെ വെളിച്ചം എന്ന് പറയുമ്പോൾ പല കാര്യങ്ങൾ ഉണ്ട്. മനുഷ്യന്റെ ഓരോ ചെയ്തികളാണ് അവ. നമ്മൾ ഓരോരുത്തർക്കും ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് പോകണമെങ്കിൽ പരിശ്രമിക്കണം. നമ്മുടെ മനസ്സിലെ ഇരുട്ടകറ്റി വെളിച്ചത്തെ കടത്തിവിടണം. അതാണ് മിടുക്ക്.

ഇപ്പോൾ നമ്മുടെ ക്ലാസ്സിൽ തന്നെ നന്നായി പഠിക്കുന്ന കുട്ടികൾ കാണാം, അപ്പോൾ പഠിക്കാത്ത കുട്ടികൾ വിചാരിക്കും മറ്റു കുട്ടികൾ നന്നായി പഠിക്കുന്നു. നമ്മളൊക്കെ എത്ര പരിശ്രമിച്ചാലും വിജയം കിട്ടില്ല എന്നു പറഞ്ഞ് പഠിത്തത്തിൽ നിന്ന് മാറിനിൽക്കുകയല്ല വേണ്ടത്. ഏറ്റവും നന്നായി പഠിക്കുന്ന കുട്ടിയായി മാറാൻ ശ്രമിക്കണം. അപ്പോഴെ നമ്മുടെ മനസ്സിലെ ഇരുട്ട് മാറി വെളിച്ചം വന്ന് സ്പർശിക്കുകയുള്ളു. നമ്മുടെ ഭൂമിയിൽ തന്നെ ഇരുട്ട് മാറി വെളിച്ചം വരുന്നുണ്ട്. അത് പ്രപഞ്ച രീതി. എന്നാൽ മനുഷ്യന്റെ കാര്യത്തിൽ എപ്പോഴും മനസ്സിൽ വെളിച്ചമായിരിക്കണം. ഇരുട്ടിനെ കടത്തിവിടാൻ അനുവദിക്കരുത്.

മനുഷ്യൻെറ ഓരോ ചെയ്തികളും ഓരോ പടികളാണ്. ഇരുട്ടിൽ നിന്ന് വെളിച്ചിലേക്ക് കടക്കുക എന്നു പറഞ്ഞാൽ മനുഷ്യൻ ഇരുട്ടിൽ നിന്ന് മാറി വെളിച്ചത്തിലേക്ക് കടക്കുക എന്നതാണ്.

## നീലിമ





ഗഗനനീലിമയിൽ കാഴ്ചകൾ കാണാം,
ആഹാ! നിന്നുടെ കൺമിഴിയിൽ
കാറും കോളും നിറഞ്ഞുതുളുമ്പും
നീലിമയേറിയചിത്രങ്ങൾ!
ചായം പൂശിയ ചിത്രങ്ങളിലെ
നേർക്കാഴ്ച്ചകൾ കാണാനായ്
തിരക്കു കൂട്ടി താളം തുള്ളി
തേങ്ങുകയാണ് ഹൃദയങ്ങൾ!
വെള്ളിക്കിണ്ണൻ അമ്പിളി ചൊല്ലി
എന്തു മനോഹരമാണിന്ന്!
മാനം നിറയെ പൂത്തു കിടക്കും
താരകസൗന്ദര്യമാണിക്യം!

നിരഞ്ജന പി

# ബാല്യത്തിന്റെ തലോടൽ



**അജിതാറാണി ബി. എസ്.**
**IX F**

ആരും കൊതിച്ചുപോകുന്ന ബാല്യമായിരുന്നു എബിയുടേത്. കുടുംബത്തിലെ ഏക കുട്ടി എന്ന സ്ഥാനം. സ്നേഹം മതിയാവോളം നൽകുന്ന അച്ഛനും

അമ്മയും. അവനെ ഒന്നു താലോലിക്കാൻ മത്സരം വയ്ക്കുന്ന മുത്തശ്ശനും മുത്തശ്ശിയും. ആശിക്കുന്നതെല്ലാം വാങ്ങിക്കൊടുക്കാൻ പ്രാപ്തിയുള്ള കുടുംബമായിരുന്നില്ല എബിയുടേത്. എങ്കിലും അവർ സ്നേഹത്തോടെയാണ് കഴിഞ്ഞിരുന്നത്. സ്കൂളിലും വീട്ടിലും അവൻ ഉജ്ജ്വലതാരമായിരുന്നു. അവൻെറ സൽസ്വഭാവങ്ങൾ വളരെ പെട്ടെന്നാണ് കൂട്ടുകാരെയും ആകർഷിച്ചത്. നാട്ടുകാരുടെ പ്രീയപ്പെട്ട ഓമനയായിരുന്നു അവൻ.

എന്നാൽ കാലത്തിൻെറ ചുഴിയിൽ അവന് അവൻെറ അമ്മയെ നഷ്ടമായി. കാൻസർ എന്ന ആ മാരകരോഗം അവൻെറ ജീവിതത്തിൻെറ എല്ലാമായ അമ്മയെ അവനിൽ നിന്നും പറിച്ചെടുത്തു. ജീവിതത്തിൽ ആകപ്പാടെ ഒരു ഏകാന്തത തോന്നിയവന്. ധാരാളം തിരക്കുകൾ നിറഞ്ഞതായിരുന്നു എബിയുടെ അച്ഛൻെറ ജിവിതം. അതിനാൽ അവൻെറ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല. രണ്ടാം വിവാഹത്തെപ്പറ്റി പലരും പറഞ്ഞെങ്കിലും അദ്ദേഹം ആദ്യം സമ്മതിച്ചില്ല. മകൻെറ നല്ലൊരു ഭാവിയെ മുൻനിർത്തി അവസാനം അദ്ദേഹം രണ്ടാം വിവാഹത്തിനു തയ്യാറായി. എബിനു നഷ്ടപ്പെട്ടുപോയ ആ മാതൃസ്നേഹം മതിയാവോളം രണ്ടാനമ്മയിൽ നിന്നും കിട്ടുമെന്ന് എല്ലാവരും വിശ്വസിച്ചിരുന്നു. എന്നാൽ രണ്ടാനമ്മയുടെ സ്വാർത്ഥത അച്ഛനിൽ നിന്ന് എബിനെ അകറ്റി. അവർക്ക് എബിനെ ഇഷ്ടമില്ലായിരുന്നു. അവർക്കൊരു മകൻ പിറന്നതോടെ ആ അകൽച്ചയും പൂർണമായി. എബിന് വീട്ടിലൊരു സ്ഥാനവും ലഭിക്കാതെ വന്നു. ഒടുവിൽ അവന് ഒരു ആശ്വാസം എന്ന വണ്ണം മുത്തശ്ശനും മുത്തശ്ശിയും അവിടെ വന്നു. അവൻ വീണ്ടും ഉത്സാഹവാനായി. എന്നാൽ, ഒരപകടത്തിൽ അവൻെറ മുത്തശ്ശനും മുത്തശ്ശിയും മരിക്കുകയായിരുന്നു.

അവിടെയും ദൈവം അവനെ ഏകനാക്കി. വീട്ടിലെ ഇരുട്ടുമുറിയിലായി അവൻെറ ജീവിതം. സ്കൂളിലെ കൂട്ടുകാരെല്ലാം അവനിൽ നിന്നും അകൽച്ച പാലിച്ചു. നാട്ടുകാരെല്ലാം അവനെ സഹതാപത്തോടെ നോക്കിയിരുന്നു. വീട്ടിൽ വന്നാൽ അവരുടെയെല്ലാം ദാസ്യവൃത്തി ചെയ്യാനായിരുന്നു എബിന് സമയം. അച്ഛൻെറ മൗനം അവനെ സങ്കടത്തിലേക്ക് കടത്തിവിട്ടു. ഉറക്കമില്ലാത്ത രാത്രികളിൽ അവൻ തേങ്ങലോടെ അവൻെറ അമ്മയെ ഓർത്തു. ആകാശത്തിലെ നക്ഷത്രങ്ങൾ മിന്നുമ്പോൾ അവൻ അമ്മ ചിരിക്കുന്നതായി സങ്കൽപ്പിച്ചു. ജീവിതത്തിൻെറ ഓരോ താളവും അവന് ദിനം പ്രതി നഷ്ടമായി.

യൗവനം കടന്നതോടെ അവൻെറ കൂട്ട് ലഹരിയോടായി. അവൻ ശരിക്കുമൊരു ലഹരിയുടെ അടിമയായി ജീവിച്ചു. ജീവിതത്തിലേക്കു തിരിച്ചുവരാൻ പലപ്രാവശ്യം ശ്രമിച്ചെങ്കിലും രണ്ടാനമ്മയുടെ തുടർച്ചയായ പരിഹാസവും, അതിൽ പ്രതികരിക്കാതെ നിൽക്കുന്ന അച്ഛനും അവനെ ആ കുഴിയിലേക്കാണ് തള്ളിവിട്ടത്. അവന് ജീവിതം മടുക്കുവാൻ തുടങ്ങി. അവന് പ്രതീക്ഷകൾ ഇല്ലായിരുന്നു. ഇത്തരത്തിൽ അർത്ഥശൂന്യമായ ജീവിതം

അവസാനിപ്പിക്കാൻ ശ്രമിച്ചു. സ്വർഗ്ഗത്തിലെങ്കിലും അമ്മയോടൊപ്പം സുഖമായി ജീവിക്കാൻ കഴിയണമേയെന്നായിരുന്നു അവൻെറ പ്രാർത്ഥന. പിറ്റേദിവസം മനസ്സിൽ എന്തോ തീരുമാനിച്ചുറപ്പിച്ചതുപോലെ സ്കൂളിൽ നിന്നും ഇറങ്ങിയ അവനെ പിടിച്ചു നിർത്തിയത് മനുവിൻെറ വിളിയാണ്. ജീവൻ നശിപ്പിക്കാൻ ഇറങ്ങി തിരിച്ച അവനോട് ഒരു അപേക്ഷയുമായിട്ടാണ് മനു വന്നത്. "ഇന്ന് നമുക്ക് ഒരുമിച്ച് വീട്ടിലേക്ക് പോകാമോ?" എന്നതായിരുന്നു ആ ചോദ്യം . തന്നോടിതുവരെ ആരും ഇങ്ങനെ ചോദിച്ചിട്ടില്ല. ആരും കൂട്ടുകൂടാനും ശ്രമിച്ചിട്ടില്ല. മനസ്സില്ലാമനസ്സോടെയാണെങ്കിലും അവസാനം എബിൻ സമ്മതിച്ചു.

വഴിയാത്രയിലുടനീളം മനു നിർത്താതെ സംസാരിച്ചു. താൻ ജീവിതം തീർക്കാൻ ഒരു ഉപാധിയായികണ്ടെത്തിയ വിഷക്കുപ്പി എബിൻ മനുവിന് കാണിച്ചു കൊടുത്തു. എബിൻ എന്തെങ്കിലും പറയുന്നതിനുമുൻപ് മനു പറഞ്ഞു. "ഇത് ജീവിതമാണ്. നഷ്ടപ്പെടുത്തിയാൽ ഒരിക്കലും തിരിച്ചുകിട്ടില്ല.
നിന്നെ ഇങ്ങനെ ആക്കിയത് നിൻെറ ജീവിതസാഹചര്യമാണ്. ജീവിതത്തിൻെറ ഒഴുക്കിനൊത്ത് തുഴയുകയല്ല വേണ്ടത്." മനു ഉപദേശിച്ചു. പ്രതിബന്ധങ്ങളെ തരണം ചെയ്യുകയാണ് നമ്മുടെ ലക്ഷ്യമെന്ന് മനു പറഞ്ഞു. എബിൻെറ കണ്ണുകൾ നിറഞ്ഞു. അവൻ മനുവിനോടൊപ്പം അവൻെറ വീട്ടിൽ പോയി. അച്ഛനും അമ്മയും അടങ്ങിയ ഒരു കൊച്ചുകുടുംബമാണ് മനുവിൻെറത്. മനുവിൻെറ അമ്മ എബിനെ സ്വന്തം മകനെപ്പോലെ തലോടി. ആ സ്പർശനത്തിൽ അവൻ അറിഞ്ഞത് തനിക്കു നഷ്ടപ്പെട്ട ബാല്യത്തിൻെറ തലോടലാണ്. അത് അവൻെറ ജീവിതത്തിൽ ധാരാളം മാറ്റങ്ങൾക്കും കാരണമായി.

## എൻെറ അമ്മ



Ashish S shiju
VIII O

അമ്മേ നിന്നെ കാണാതിരുന്നാൽ
എൻ മനം ആകെതളർന്നുപോകും!
അമ്മയില്ലാദിവസം ഒരു ഉൻമേഷമില്ല.
വീട്ടിലെ ജോലി എല്ലാം കഴിഞ്ഞ്-
എന്നുടെ കാര്യം നോക്കും അമ്മ
അമ്മിഞ്ഞപ്പാലു തന്നൂട്ടിയമ്മതൻ-
എൻ ബലം.
എന്തുപറഞ്ഞാലും നന്മ മാത്രം
പറഞ്ഞുതരുന്ന അമ്മ!
എന്തു കഷ്ടപ്പാടുണ്ടെങ്കിലും,
എന്നെ ഒന്നും അറിയിക്കാതെ,
മനസ്സിൽഒതുക്കൊന്നരമ്മ.
എന്നെ താരാട്ടു പാട്ടുപാടിയുറക്കുന്നൊരമ്മ.

# ലേഖനം

## ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും

## സാമൂഹിക പങ്കാളിത്തവും



അക്ഷരാത്മിക എ.എം.

അവസരസമത്വം മനുഷ്യന്റെ അനിവാര്യതയാണ്, അവകാശമാണ്. പലപ്പോഴും വിദ്യാഭ്യാസപ്രക്രിയയിൽ അവസരസമത്വം നിഷേധിക്കപ്പെടുന്നുണ്ടോ എന്നത് വർത്തമാനകാലത്ത് ചിന്തിക്കപ്പെടുന്ന ഒരു സത്യമാണ്. ഇന്നലെകളിലെ സമൂഹം ജാതിയുടെയോ , മതത്തിന്റെയോ , സാംസ്കാരിക വൈവിധ്യത്തിന്റെയോ പേരിൽ പാർശ്വവൽക്കരിക്കപ്പെട്ടുവെങ്കിൽ ഇന്നിന്റെ ചരിത്രം വിഭിന്നമാണ്. ശാരീരികമോ മാനസികമോ ആയി രൂപപ്പെടുന്ന വൈകല്യങ്ങളുടെ പേരിൽ ഒരു ചെറു വിഭാഗമെങ്കിലും അവഗണിക്കപ്പെടുന്നു, മാറ്റിനിർത്തപ്പെടുന്നു.ഇവിടെയാണ് ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകത.

"വിദ്യാഭ്യാസം ഏറ്റവും ശക്തിയുള്ള ഒരായുധമാണ്. ലോകത്തെ മാറ്റുവാൻ നിങ്ങൾക്കിത് ഉപയോഗിക്കുവാൻ കഴിയും." നെൽസൺമണ്ടേലയുടെ പ്രസിദ്ധമായ ഈ വാക്കുകൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. ലോകത്തിന്റെ മാറ്റം സാർത്ഥകമാകണമെങ്കിൽ ലക്ഷ്യത്തിലെത്തുന്ന വിദ്യാഭ്യസപ്രക്രിയയാണ് നമുക്കാവശ്യം. ഒരുവന്റെ മാനസികവും ശാരീരികവുമായ വളർച്ചയാണ് വിദ്യാഭ്യാസത്തിലൂടെ കൈവരിക്കപ്പെടുന്നത്. ആരും പൂർണരായി ജനിക്കുന്നില്ല, അപൂർണരായി മരിക്കുന്നതുമില്ല. ജനന – മരണ പ്രക്രിയയ്ക്കിടയിലെ ജീവിതമെന്ന യാത്രയ്ക്കിടയിൽ അവർ എന്തൊക്കെയോ നേടുന്നു. അത് ചിലർക്ക് മാത്രം അവകാശപ്പെട്ടതല്ല. " പ്രപഞ്ചത്തിൽ ചിലർക്കുമാത്രമായി നക്ഷത്രം കൺചിമ്മുന്നതുമില്ല....ചിലർക്കുമാത്രമായി മഴയും വെയിലും കാറ്റും ഋതുഭേതമായി ഭവിക്കുന്നതുമില്ല...പൂക്കൾ വിടരുന്നില്ല...പുഴകൾ ഒഴുകുന്നതുമില്ല" – പ്രപഞ്ചസത്യം

ഇതാണ്.

പക്ഷേ,വിദ്യാഭ്യസപ്രക്രിയയിലും സാമൂഹിക – സാംസ്കാരിക മേഖലകളിലും എന്തേ ഭിന്നശേഷിക്കാരോട് ഒരു വിവേചനം. കൂട്ടത്തിലുള്ളൊരാൾ ഒരു മിനിറ്റ് കൊണ്ട് അറുപത് പടികൾ ചവിട്ടികയറുമ്പോൾ മറ്റൊരാൾക്ക് രണ്ടു പടിയിൽ എത്തിച്ചേരാനേ കഴിഞ്ഞിട്ടുണ്ടാവുകയുള്ളൂ. ഇവിടെ നാം എന്താണ് ചെയ്യുക? അടുത്തഘട്ടത്തിൽ ഭിന്നശേഷിക്കാരനെ ഒഴിവാക്കുകയല്ലേ ചെയ്യുന്നത്? അവനോടുള്ള സഹതാപം കൊണ്ടാണെന്ന് നിങ്ങൾ പറഞ്ഞേക്കാം. പക്ഷെ, അത് അവസരനിഷേധമല്ലേ? ചരിത്രം പരിശോധിച്ചാൽ സമൂഹം സഹതാപത്തോടെ മാത്രം കണ്ടിരുന്ന പലരും ജീവിതവിജയത്തിൻെറ ഔന്നത്യം കീഴടക്കിയത് വിസ്മരിക്കാനാവില്ല. ബിഥോവനും ഹെലൻകെല്ലറും വൈക്കം വിജയലക്ഷ്മിയും പരിമിതികളെ പരിധിയില്ലാതെ നേരിട്ടവരാണ്.

ആ ചരിത്രം നമ്മുടെ ഇടയിൽ ഇനിയും ആവർത്തിക്കപ്പെടണം. ഇവിടെയാണ് ഉൾച്ചേരൽ വിദ്യാഭ്യാസം എന്ന ആശയം പ്രാധാന്യമർഹിക്കുന്നത്. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മറ്റുള്ള കുട്ടികൾക്കൊപ്പം പങ്കെടുക്കാൻ ഇത്തരക്കാർക്ക് അവസരമുണ്ടാകണം. അവരുടെ ലോകം നമുക്ക് ചെറുതായാലും അവർക്ക് വലുതാണ്. മറ്റുള്ളവരിൽ നിന്ന് ലഭിക്കുന്ന അഭിനന്ദനങ്ങളും പ്രോത്സാഹനങ്ങളും ഉൾച്ചേരൽ വിദ്യാഭ്യാസത്തിന് അനിവാര്യമാണ്. മറ്റുള്ളവരാൽ പ്രചോദിക്കപ്പെട്ട്, അഭിനന്ദിക്കപ്പെട്ട് ഭിന്നശേഷിക്കാരനും തൻെറ കർമ്മങ്ങളിൽ സജീവമാകുമ്പോൾ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം സാർത്ഥകമാകുന്നു.

ഉൾച്ചരൽ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം സഹതാപമല്ല കരുതലാണ്; ഒഴിവാക്കലല്ല പരിഗണിക്കലാണ്; ശാസിക്കലല്ല അഭിനന്ദനമാണ്, ബഹുമതികൾ നൽകലാണ്. ഈ കാഴ്ചപ്പാടിൽ മാത്രമേ ഭിന്നശേഷിക്കാരെ സമൂഹത്തിൻെറ നേർധാരയിൽ എത്തിക്കാൻ കഴിയൂ. ക്ലാസ്സ്മുറിയിൽ നിന്നും സ്കൂൾ അസംബ്ലിയിലേക്കും അവിടെ നിന്ന് സമൂഹത്തിലേക്കും അവൻെറ പങ്കുവയ്ക്കലുകളും പ്രകടനങ്ങളും വളരുമ്പോൾ അവൻെറ ജീവിതത്തിൽ ഭിന്നശേഷിക്കാരൻ എന്ന പ്രയോഗത്തിനു പോലും സ്ഥാനമില്ലാതാകുന്നു.

ഈ പ്രവർത്തനഘട്ടിൽ സമൂഹത്തിനുള്ള പങ്ക് വളരെ

വലുതാണ്. ഏതോ തലത്തിൽ ഇത്തരക്കാരെ വൈകല്യമുള്ളവരായി കണ്ട് അവരെ സമൂഹത്തിൻെറ നേർധാരയിൽ നിന്നും വിദ്യാഭ്യാസപ്രക്രിയയിൽ നിന്നും മാറ്റിനിർത്തി അവർക്ക് വേണ്ടി മാത്രം ഒരു ലോകം നിർമ്മിക്കുമ്പോൾ അവർ ക്രമേണ പാർശ്വവൽക്കരിക്കപ്പെട്ട ഒരു വിഭാഗമായി മാറിയേക്കാം. ഇത് പരിഷ്കൃത സമൂഹത്തിന് ഭൂഷണമല്ല. കുടുംബവും വിദ്യാലയസമൂഹവും ഒരുപോലെ ഈ ഉൾച്ചേർക്കൽ പ്രക്രിയയിൽ പങ്കാളിയാകുമ്പോൾ വ്യത്യസ്തതകളില്ലാത്ത സമത്വസുന്ദരമായ ഒരു സമൂഹം രൂപപ്പെടും, അപൂർണതകൾ സമൂഹത്തിൻെറ കൈതാങ്ങലായി, കരുതലാൽ പൂർണത നേടും. ഇവിടെ ജോൺഡിവേയുടെ വാക്കുകൾ യാഥാർത്ഥ്യമാകും. "ജീവിതത്തിനുവേണ്ടിയുള്ള തയ്യാറെടുക്കലല്ല വിദ്യാഭ്യാസം; വിദ്യാഭ്യാസം ജീവിതം തന്നെയാണ്."

# ഓട്ടോവണ്ടി



Hariprasad H. VIII F

നാടായ നാടാകെ ഓടി നടക്കുന്ന ഓട്ടോവണ്ടി
പരക്കം പാച്ചിലിനൊതുക്കമില്ലാത്ത ഓട്ടോവണ്ടി
നേരമേ നോക്കാതെ  ഓടി നടക്കുന്ന ഓട്ടോവണ്ടി
പണ്ടുമുതലേ ഓടി നടക്കുന്ന ഓട്ടോവണ്ടി

മൂന്നുകാലുകൊണ്ടോടി നടക്കുന്ന ഓട്ടോവണ്ടി
നാലുകാലനെ പിന്നിലാക്കുന്ന ഓട്ടോവണ്ടി
ഏതു വഴിയിലും ഓടി നടക്കുന്ന ഓട്ടോവണ്ടി
നാട്ടാരെസ്നേഹിക്കുംഓട്ടോവണ്ടി

റോഡിൽ തളരാത്ത ഓട്ടോവണ്ടി
റോഡിൻെറ സങ്കടമറിയുന്നോൻ ഓട്ടോവണ്ടി
റോഡിൻെറ ചക്കരമുത്താണ് ഓട്ടോവണ്ടി
നാട്ടിലെമുത്തിൻെറമുത്താണ്ഓട്ടോവണ്ടി

# ശീലമാണ്ഓർമ്മ





അജീറാണി പി.എസ്

എല്ലാ ജോലിയുടെയും, ബിസിനസിൻെറയും വിജയത്തിന് അടിസ്ഥാനമാണ് കൃത്യവും നിലനിൽക്കുന്നതുമായ ഓർമ്മ. അവസാന വിശകലനത്തിൽ നിങ്ങളുടെ എല്ലാ അറിവുകളുടെയും അടിസ്ഥാനം ഓർമ്മശക്തിയാണ്. "ഓർമ്മശക്തിയാണ് അറിവ് " എന്ന് പ്ലേറ്റോ പറയുകയുണ്ടായി.

യഥാർഥത്തിൽ ഓർമ്മശക്തി പൂർണ്ണമായി നഷ്ടപ്പെട്ടാൽ നിങ്ങൾക്ക് പിന്നെ എല്ലാ കാര്യങ്ങളും തുടക്കം മുതൽ പഠിക്കേണ്ടിയിരിക്കുന്നു. ഒരു നവജാതശിശുവിനെപ്പോലെ, എങ്ങനെ വസ്ത്രം ധരിക്കണം, കാർ ഓടിക്കണം, കത്തിയോ അതുപോലുള്ള മറ്റെന്തെങ്കിലും ഉപകരണമോ എങ്ങനെ ഉപയോഗിക്കണം അങ്ങനെയെല്ലാം. ഇതെല്ലാം നമ്മൾ ചെയ്യുന്നുണ്ടെങ്കിൽ അതിനുള്ള ഓർമ്മശക്തി നമുക്കുണ്ടെങ്കിൽ, അതിനു കാരണം അതെല്ലാം നമ്മുടെ ശീലമായതുകൊണ്ടാണ്. ഓർക്കുക നമ്മുടെ ഓരോ പ്രവൃത്തിയും, ശീലവും ഓർമ്മയുമായി ബന്ധപ്പെട്ടിരിക്കുന്നു. ശീലമാണ് ഓർമ്മ.

പരിശീലിപ്പിക്കപ്പെട്ട ഓർമ്മശക്തിക്ക്, സ്മൃതി സഹായകോപകരണങ്ങൾ പുതിയതോ അപരിചിതമോ ആയ ഒന്നല്ല. എന്നിട്ടും ആശ്ചര്യകരമായ വസ്തുത; ഇന്നും ഓർമ്മശക്തി വർദ്ധിപ്പിക്കാനുള്ള മാർഗങ്ങളെപ്പറ്റി അധികം ആളുകൾക്കും അറിവില്ല. അറിവുണ്ടെങ്കിൽ തന്നെ അത് വേണ്ടവിധം ഉപയോഗിക്കുന്നില്ല എന്നതാണ്.

ഓഫീസിൽ എല്ലാ കണക്കുകളും കാര്യങ്ങളും

കൃത്യമായി അറിഞ്ഞിരിക്കുന്ന വ്യക്തിയെ മേലധികാരിക്ക് കീടുതൽ ഇഷ്ടമാകും എന്ന് പ്രത്യേകം പറയേണ്ടല്ലോ. അതുപോലെ ഒരു പാർട്ടിയിൽ അല്ലെങ്കിൽ ഡമോൺസ്ട്രേഷൻ ക്ലാസിൽ എല്ലാവരെയും പേരുവിളിച്ചു കൊണ്ട് അഭിസംബോധന ചെയ്യുന്നത് ഒന്നാലോചിച്ചു നോക്കു. പക്ഷേ ഈ കഴിവ് എങ്ങനെയാണ് നേടിയെടുക്കുക?

ടൈപ്പിങ്ങ് നന്നായി ചെയ്യുന്നവർ ഓർത്തുനോക്കുക. എങ്ങനെയാണ് പഠനത്തിൻെറ ആദ്യനാളുകളിൽ അവർക്കത് അനുഭവപ്പട്ടത്. മറ്റുള്ളവർ തന്നെക്കാൾ ഇതിൽ യോഗ്യരാണെന്നുള്ള ധാരണ അന്ന് പ്രബലമായിരുന്നില്ലേ? ഈ രീതികൾ ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ വളരെയധികം പ്രയാസം അനുഭവപ്പട്ടിട്ടില്ലേ? കുറേ മുന്നേറികഴിയുമ്പോൾ നിങ്ങൾക്ക് അത്ഭുതം തോന്നിയില്ലേ, തുടക്കത്തിൽ എന്തിന് ബുദ്ധിമുട്ടിച്ചെന്ന്?

സിമണൈഡ്സുമായി ബന്ധപ്പെട്ട ഒരു കഥ ശ്രദ്ധിക്കുക. അദ്ദേഹം ഒരു കവി സമ്മേളനത്തിൽ കവിത ചൊല്ലുന്നതിനിടെ കെട്ടിടത്തിൻെറ മേൽക്കൂര വീണ് എല്ലാവരും മരിച്ചു. അദ്ദേഹമൊഴികെ മറ്റാർക്കും വികൃതമാക്കപ്പെട്ട ശവശരീരങ്ങളാൽ അവരെ തിരിച്ചറിയാൻ സാധ്യമായിരുന്നില്ല. എന്നാൽ സിമണൈഡ്സ് ആ മുറിയിലെ ഓരോരുത്തരുടെയും ഇരിപ്പിടങ്ങൾ എവിടെയൊക്കെയായിരുന്നുവെന്ന് വ്യക്തമായി ഓർത്തിരുന്നതുകൊണ്ട് ആ മൃതശരീരങ്ങളുടെ സ്ഥാനം ഉപയോഗപ്പെടുത്തി ഓരോരുത്തരെയും വേർതിരിച്ചറിഞ്ഞു.

അശ്രദ്ധ ഒഴിവാക്കാനുള്ള പരമപ്രധാനമായ കാര്യം - ചെയ്യുന്നകാര്യം വ്യക്തമായ അർപ്പണബോധത്തോടെ അതിൽ മുഴുകി തന്നെ ചെയ്യുക എന്നതാണ്. അപ്പോൾ മനസ്സും അത് ചെയ്യുന്ന അവയവും തമ്മിൽ ഒരു ബന്ധം സ്ഥാപിക്കപ്പെടുന്നു. അത് എപ്പോഴും ഓർമ്മയിൽ തങ്ങിനിൽക്കുകയും ചെയ്യുന്നു.

# അമ്മയാകും ഭാഷ



Anjali krishna R.R.

അറിവിൻെറയകമ്പടിയമ്മ-
യെന്നിലാദ്യാക്ഷരംകുറിച്ചതമ്മ.
പകലന്തിയോളം പൊരുതിയെന്നെ
അനുദിനം പോറ്റിവളർത്തുമമ്മ.

അ-യിൽ തുടങ്ങുന്ന അമ്മ.
ആ ദിവ്യമഹതിയെൻറമ്മ.
ചൊല്ലിപ്പഠിപ്പിച്ചതോരോന്നും
എൻെറ നെഞ്ചിൽ മുളയ്ക്കുന്ന സ്വത്ത്.

ഇന്നും മറക്കാതെയുള്ളി-
ലലതല്ലും മലയാള ഭാഷ.
അമ്മയെപ്പോലെയെൻെറ ഭാഷ-
യരുളുന്ന പൊരുൾ നിത്യം,നിത്യം !

# സ്വപ്നങ്ങൾ യാഥാർത്ഥ്യത്തിലേയ്ക്ക്





എലിസബത്ത് കെ

ഓർമ്മകൾ ഏറെ മധുരമുള്ളതാണ്. അതും എന്നെ ഞാനാക്കിയ നൃ ഹയർസെക്കൻഡറി സ്കൂളിനെക്കുറിച്ചാകുമ്പോൾ, അത്. അതിമധുരം തന്നെ. ഇവിടത്തെ അധ്യാപികയാകുന്നതിനു മുമ്പുതന്നെ എന്റെ സ്വപ്നങ്ങളിലും ആഗ്രഹങ്ങളിലും "ഈ സ്കൂൾ"ഉണ്ടായിരുന്നു. ആ കാഴ്ചകളിലേയ്ക്ക് ഓർമ്മച്ചിറകിലേറി ഒരു യാത്ര

1988 ഡിസംബർ മാസം. ഞാൻ B.Ed കഴിഞ്ഞു നിൽക്കുന്ന സമയം. ഞാൻ, എന്റെ അമ്മ, നാത്തൂൻ, അവരുടെ മകൾ എന്നിവർ ചേച്ചിയുടെ വീട്ടിൽ പോകാൻ വേണ്ടി പൂവാറിൽ നിന്നും ബസ്സിൽ കയറി, നെല്ലിമൂട്ടിലേയ്ക്ക് ടിക്കറ്റ് എടുത്തു. ജംങ്ഷനിൽ ഇറങ്ങാതെ ഞങ്ങൾ ഇറങ്ങിയത് സ്കൂളിനു മുന്നിലുള്ള ബസ്സ്റ്റോപ്പിൽ ആയിരുന്നു. അന്ന് ഞാൻ ആദ്യമായി എന്റെ സ്കൂൾ കണ്ടു. ശാന്തസുന്ദര അന്തരീക്ഷവും, ഓടിട്ട കെട്ടിടവും എന്റെ മനസ്സിനെ സ്വാധീനിച്ചു. ആദ്യ കാഴ്ചയിൽ തന്നെ എനിക്ക് സ്കൂൾ ഇഷ്ടമായി. ഈ സ്കൂളിൽ ഒരു ജോലി കിട്ടിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു എന്ന് ഞാൻ ചിന്തിക്കുകയും ആഗ്രഹിക്കുകയും ചെയ്തു. ഇതൊരു മാനേജ്മെൻറ്

സ്കൂൾ ആണെന്ന് എനിക്കറിയില്ലായിരുന്നു. സ്കൂളിന്റെ ആദ്യ കാഴ്ച എന്റെ ചിന്തകളിൽ നിറഞ്ഞുനിന്നു.

1991 മെയ് മുപ്പതാം തിയതി എന്റെ നെല്ലിമൂട്ടിലെ ചേച്ചിയും ചേട്ടനും വീട്ടിൽ വന്നു. ഞാൻ ഏറെ ആഗ്രഹിച്ച ആ കാര്യം അവർ എന്നോടു പറഞ്ഞു. "ജൂൺ ഒന്നാം തിയതി നീ ന്യൂ ഹൈസ്കൂളിൽ ജോയിൻ ചെയ്യണം, അതിനായി റെഡിയായിക്കോ."ഏറെ സന്തോഷിച്ച നിമിഷം. ആ സന്തോഷനിമിഷങ്ങൾ എന്റെ മനസ്സിൽ ഇപ്പോഴും മായാതെ നിൽക്കുന്നു.

മനസ്സിലെ ആ വലിയ ആഗ്രഹത്തെ യാഥാർത്ഥ്യമാക്കിത്തന്ന എന്റെ ബന്ധുമിത്രാദികൾ... സഹോദരി, സഹോദരങ്ങൾ... മാനേജ്മെന്റ് അംഗങ്ങൾ... സർവ്വോപരി സർവ്വശക്തനായ ദൈവത്തിനും ഞാൻ നന്ദി അർപ്പിക്കുന്നു. ജീവിതത്തിലെ ധാരാളമായ പ്രതികൂലസാഹചര്യങ്ങളിലും കൈതാങ്ങായ എന്റെ സഹപ്രവർത്തകർക്ക് നന്ദി. ഒപ്പം സ്കൂളിന് എല്ലാവിധമായ ഭാവുകങ്ങളും സ്നേഹാശംസകളും നേർന്നുകൊണ്ട്....

# പിരിയരുതേ



മനസ്സിൻെറ  മണിച്ചെപ്പിൽ

വിടർന്നെത്തിയ സൗഹൃദം!

എൻെറ ജന്മത്തിൻ പുണ്യമായ്

വന്നുചേരുന്നതാണീ സൗഹൃദം!

ഓരോരോനിമിഷവും സാന്ത്വനമായ്



ആതിര എസ്. കെ.

x p

**കണ്ണീരൊപ്പാൻ വന്നുചേരുന്നൊരീ സൗഹൃദം!**

**ഇമവെട്ടാതാപത്തിൻകാലത്തു**

**കാത്തിരിക്കുന്നതാണെൻെറ സൗഹൃദം!**

**ഉള്ളു നിറയെ സ്നേഹിക്കാൻ**

**ഉള്ളുരുകി പ്രാർത്ഥിക്കാൻ**

**എന്നിൽ നിന്നും പിരിയരുതേ**

**സൗഹൃദമേകിയ കൂട്ടുകാരി!**

# ഭാസ്കരാചാര്യ



മിഥുല എ.ആർ.

ഭാരതം ലോകത്തിന്, വിവിധ മേഖലകളിൽ അതുല്യരായ മഹാപ്രതിഭകളെ സമ്മാനിച്ചിട്ടുണ്ട്. അതിൽ ഒരു മഹാപ്രതിഭയായിരുന്നു ഇന്ത്യൻ യൂക്ലിഡ് എന്ന വിശേഷണത്തിനു പാത്രമായ ഭാസ്കരാചാര്യ. അനന്തവും അവർണ്ണനീയവുമായ ഗണിതശാസ്ത്രത്തിൻെറ ഊരാക്കുടുക്കുകളെ ജന്മസിദ്ധമായ ബൗദ്ധിക വിചിന്തനത്തിലും കാവ്യഭാവനയിലും ഭാരതത്തിൽ, ഒരു പക്ഷേ ലോകത്തിൽ ആദ്യമായി അവതരിപ്പിച്ചതും വ്യാഖ്യാനിച്ചതും ഭാസ്കരാചാര്യനായിരിക്കും. കേരളീയ ബന്ധം ആരോപിക്കുന്ന ഈ വിശ്വോത്തര പ്രതിഭയുടെ പേരിൽ "സിദ്ധാന്തശിരോമണി", "കരണകുതൂഹലം" എന്നീ പ്രസിദ്ധങ്ങളായ രണ്ടു ഗ്രന്ഥങ്ങളുണ്ട്.

സിദ്ധാന്തശിരോമണിയിലെ 'ലീലാവതി' എന്ന ഭാഗം അഖിലലോകപ്രസിദ്ധവുമാണ്. ഈ ഭാഗത്തിന് ഒട്ടനേകം ഭാഷാന്തരങ്ങളും

വ്യാഖ്യാനങ്ങളും ഐതീഹ്യങ്ങളും നിലവിലുണ്ട്. 'ലീലാവതി' എന്ന രജപുത്രകന്യകയ്ക്ക് ഗണിതവിജ്ഞാനം സരസസുന്ദരമായി പറഞ്ഞുകൊടുക്കുന്ന രൂപത്തിലാണ് ഈ ഭാഗത്തിൻെറ രചനയെന്ന് അഭിപ്രായമുണ്ട്.

അതല്ല, ഒരു സങ്കല്പസുന്ദരിയിലൂടെ കടലാഴമുള്ള ഗണിതശാസ്ത്രതത്ത്വങ്ങളെ മധുരമോഹനമായ ആസ്വാദനത്തിനായി അവതരിപ്പിച്ചതാണെന്നും വാദമുണ്ട്. എന്തായാലും അന്നത്തെ സാമൂഹികവും രാഷ്ട്രീയവും മതപരവുമായ എതിർപ്പുകൾ ഏറെ അദ്ദേഹത്തിന് നേരിടേണ്ടി വന്നെങ്കിലും , വിജയപരാജയങ്ങൾ മാറിമാറി അദ്ദേഹത്തെ പുണർന്നെങ്കിലും , ഒന്നിലും അദ്ദേഹം സന്തോഷിക്കുകയോ നിരശപ്പെടുകയും ചെയ്തിരുന്നില്ല. നിരന്തരമായ പരിശ്രമമാണ് അദ്ദേഹത്തെ വിശ്വപൗരനാക്കിയത്.

# ഗണിതശാസ്ത്രത്തിൻെറ പ്രാധാന്യം



അക്ഷയ എ.എസ്.

ശാസ്ത്രങ്ങളുടെ പടിപ്പുരയും താക്കോലും എന്ന് വിശേഷിക്കപ്പെടുന്ന ശാസ്ത്രമാണ് ഗണിതം എന്ന് നാം വിളിക്കുന്ന ശാസ്ത്രങ്ങളുടെ റാണിയായ ഗണിതശാസ്ത്രം. അനേകം സഹസ്രാബ്ദങ്ങളുടെ കഠിന പ്രയത്നത്തിലൂടെയുള്ള മനുഷ്യൻെറ കണ്ടുപിടിത്തമാണ് നാം ഓരോദിവസവും നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംഖ്യകൾ. അതുകൊണ്ട് സംഖ്യകൾ ജീവിതത്തിൻെറ അവിഭാജ്യഘടകമാണെന്ന് തന്നെ പറയാം. ഗണിതപ്രശ്നങ്ങൾ സമർത്ഥമായി കൈകാര്യം ചെയ്യണമെങ്കിൽ ഒരു കുട്ടി നിർബന്ധമായും സംഖ്യാബോധം , ചതുഷ് ക്രിയകൾ എന്നീ ഗണിതവിഭാഗങ്ങൾ അറിഞ്ഞിരിക്കണം.

ഗണിതശാസ്ത്രത്തിന് മനുഷ്യരാശിയുടെ സംസ്കാരത്തോളം

പഴക്കമുണ്ട്. ഇന്ന്, നൂതനമായ ശൈലികളും, വ്യാപ്തിയും കൊണ്ട് ഗംഭീരമായ ഒരു സ്വതന്ത്ര ശാസ്ത്ര ശാഖയായി ഗണിതശാസ്ത്രം മാറിയിരിക്കുന്നു. മാത്രമല്ല മറ്റ് എല്ലാ ശാസ്ത്രശാഖകളെയും ഗണിതശാസ്ത്രപരമായി പ്രകാശിപ്പിക്കാൻ കഴിയും എന്നത് ഗണിതശാസ്ത്രത്തിന്റെ ഏറ്റവും വലിയ സവിശേഷതയാണ്. മനുഷ്യന്റെ എണ്ണിയാലൊടുങ്ങാത്ത നേട്ടങ്ങളുടെയെല്ലാം പിന്നിൽ പ്രവർത്തിക്കുന്നത് ഗണിതശാസ്ത്രമാണ് എന്നുള്ളതിൽ സംശയമില്ല. അതുകൊണ്ട് ഈ ശാസ്ത്രസാഗരത്തിന്റെ തീരത്ത് കൂടി നമുക്ക് അഭിമാനപൂർവ്വം ശാസ്ത്രങ്ങളുടെ റാണിയായ ഗണിതശാസ്ത്രത്തെ ഉയർത്തിക്കാട്ടാം.

## ഗണിത ക്വിസ്

***1.***'ഗണിതശാസ്ത്രജ്ഞന്മാരുടെ ഗണിതശാസ്ത്രജ്ഞൻ' എന്ന് വിശേഷിപ്പിക്കുന്നത് ആരെ ***?***

ആർതർ കെയിലി

***2.***ഒരക്കസംഖ്യയുടെ അഞ്ചാം കൃതി ***32768*** എന്നാൽ സംഖ്യ ഏത് ***?***

***8***

***3.***ഭാസ്കരാചാര്യരുടെ 'ലീലാവതി' എന്ന ഗ്രന്ഥം ഏത് കൃതിയുടെ ഭാഗമാണ് ***?***

സിദ്ധാന്തശിരോമണി

***4.***ഗണിതശാസ്ത്ര ഗവേഷണത്തിനിടയിൽ തല നഷ്ടപ്പെട്ട ശാസ്ത്രജ്ഞൻ ആര് ***?***

ആർക്കിമിഡീസ്

***5.*** $10^2 - 9^2 + 8^2 - 7^2 + 6^2 - 5^2 + 4^2 - 3^2 + 2^2 - 1^2$ എത്ര ***?***

***55***

***6. 5*** പേർ ***5*** മണിക്കൂർ കൊണ്ട് ***5 km*** മല കയറുന്നു എന്നാൽ ഒരാൾക്ക് ***1 km*** മല കയറാൻ എത്ര സമയം വേണ്ടിവരും ***?***

ഒരു മണിക്കൂർ

***7.*** ഒരു ക്ലോക്കിൽ സമയം ***5:30*** ആവുമ്പോൾ മിനിട്ട് സൂചിയും മണിക്കൂർ സൂചിയും നിർണ്ണയിക്കുന്ന കോണളവ് എത്ര ***?***

***15*** ഡിഗ്രി


***8.*** തൊട്ടടുത്ത രാജ്യങ്ങൾക്ക് ഒരേ നിറം വരാത്തവിധം ഏത് ഭൂപടത്തിലെയും രാജ്യങ്ങൾക്ക് വ്യത്യസ്തനിറം നൽകാൻ ഏറ്റവും കുറഞ്ഞത് എത്ര നിറങ്ങൾ വേണം***?***

***4***

***9.*** മീന***,*** റീന***,*** ഗീതു***,*** രാഹുൽ എന്നീ നാലു കുട്ടികളുടെ ശരാശരി മാർക്ക് ***30.*** റീന***,*** ഗീതു***,*** രാഹുൽ എന്നിവരുടെ ശരാശരി മാർക്ക് ***15.*** എന്നാൽ മീനയുടെ മാർക്ക് എത്ര***?***

***75***

***10.*** വിട്ടുപോയ ഭാഗം പൂരിപ്പിക്കുക***.***




***73***

# കൃഷിക്കാരനും കുസൃതികളായ മൂന്ന് മുയലുകളും



ശരൺ എസ്.യു.

ഒരു സ്ഥലത്ത് ഒരു കൃഷിക്കാരനുണ്ടായിരുന്നു. ആ കൃഷിക്കാരൻ പച്ചക്കറികളാണ് കൃഷി ചെയ്തിരുന്നത്. ആ കൃഷിയിടത്തിന്റെ അൽപ്പം ദൂരെയായിരുന്നു കുസൃതികളായ മൂന്ന് മുയലുകൾ താമസിച്ചിരുന്നത്. ആ മുയലുകൾ എല്ലാ ദിവസവും കൃഷിക്കാരന്റെ പച്ചക്കറികൾ നശിപ്പിക്കുകയും തിന്ന് തീർക്കുകയും ചെയ്തിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം കൃഷിയിടത്തിൽ കൃഷിക്കാരൻ കെണി നിർമ്മിച്ചു വച്ചു. ഇത് മുയൽക്കുട്ടൻമാർ കണ്ടു. പിറ്റേ ദിവസം കൃഷിക്കാരൻ കൃഷിയിടത്തിൽ വന്നു നോക്കിയപ്പോൾ കൃഷിയിടം നശിച്ചും കെണികളെല്ലാം നശിപ്പിച്ചും ഇട്ടിരിക്കുന്നു. പാവം കൃഷിക്കാരന് ദുഃഖവും ദേഷ്യവും വന്നു..

അങ്ങനെയിരിക്കെ കൃഷിക്കാരൻ മൂന്ന് മുയലുകളെയും പിടിക്കാൻ വേട്ടക്കാരനെ വരുത്തി. വേട്ടക്കാരനെ മൂന്ന് മുയലുകളും കൂടി കളിപ്പിച്ച് തളർത്തി

മടക്കിയയച്ചു. ഈ വിദ്യയും തോറ്റ കൃഷിക്കാരൻ മുയലുകളെ മയക്കുന്ന മരുന്ന് പച്ചക്കറികളിൽ തളിച്ചു. എന്നാൽ ആ ദിവസം മുയലുകൾ കൃഷിസ്ഥലത്ത് എത്തിയില്ല. അതുകൊണ്ട് കൃഷിക്കാരൻ പിറ്റേ ദിവസവും പച്ചക്കറികളിൽ മരുന്ന് തളിച്ചു. വിശപ്പ് സഹിക്കാനാവാതെ മുയലുകൾ പച്ചക്കറി കഴിക്കാനായി വന്നു. പച്ചക്കറി കഴിച്ച് മുയലുകൾ മയങ്ങി വീണു. മയക്കം തെളിഞ്ഞപ്പോൾ കൃഷിക്കാരന്റെ വീട്ടിലെ കൂട്ടിനകത്തായിരുന്നു മൂന്ന് മുയലുകളും. മൂന്ന് മുയലുകളെയും വിൽക്കാനായി ഇറച്ചിക്കടയിൽ കൊണ്ടു പോകുവാൻ ഒരുങ്ങിയപ്പോൾ മൂന്ന് മുയലുകളും കരയുന്ന ശബ്ദം കേട്ട് കർഷകന് അലിവു തോന്നി.

മുയലുകളെ കർഷകൻ വിറ്റില്ല. സഞ്ചിയിൽ നിന്ന് മുയലുകളെ ഇറക്കി അടുത്തുള്ള മരത്തിന്റെ പിറകിൽ ഒളിപ്പിച്ചു വച്ചിട്ട് പറഞ്ഞു; " എന്നെക്കണ്ട് നിങ്ങൾ ഇനി പേടിക്കണ്ട, ഞാൻ നിങ്ങളെ ഒന്നും ചെയ്യില്ല. നിങ്ങൾ ഇനി പച്ചക്കറികൾ നശിപ്പിക്കരുത്. പച്ചക്കറികൾ വേണമെങ്കിൽ എന്റെ അടുക്കൽ ചോദിച്ചാൽ മതി. ഞാൻ നിങ്ങൾക്ക് ഭക്ഷണം തരാം." ഇതു കേട്ട മുയലുകൾ പറഞ്ഞു; " ഞങ്ങളോട് ക്ഷമിക്കണേ, ഇനി ഞങ്ങൾ പച്ചക്കറികൾ നശിപ്പിക്കുകയില്ല." അങ്ങനെ ഓരോ ദിവസവും മുയലുകൾ കർഷകന്റെ അടുക്കൽ ചെന്ന് ഭക്ഷണം തിന്നാൻ ചോദിക്കും. കർഷകൻ അവർക്ക് ധാരാളം ഭക്ഷണങ്ങൾ കൊടുക്കും. അങ്ങനെ അവർ കൂട്ടുകാരായി ജീവിച്ചു.

# ഓൺലൈൻ ഷോപ്പിങ്ങ്



K.C. Sugatha kumari

ഇന്ന് ഇൻെറർനെറ്റിൻെറ ഉപയോഗം കൂടിയതോടെ ആർക്കും എവിടെയും ഇരുന്ന് മൊബൈൽ, കമ്പ്യൂട്ടർ എന്നിവയിലൂടെ ലോകം കൈപിടിയിലാക്കാം. ഈ ഉപയോഗത്തിൻെറ ഏറ്റവും അടുത്തകാലത്ത് ഉണ്ടായ പ്രവണതയാണ്ഓൺലൈൻ ഷോപ്പിങ്ങ്. ഇതിലൂടെ നമുക്ക് ആവശ്യമായ സാധനങ്ങൾ കടകളിലും, നീണ്ട ക്യൂവിലും ബഹളത്തിലും പോയി വാങ്ങേണ്ട സാഹചര്യം ഒഴിവാക്കുന്നു. നമ്മുടെ മൊബൈൽ അഥവാ കമ്പ്യൂട്ടർ വഴി ഒരു വിരൽ തുമ്പിൽ നമുക്ക് ഇഷ്ടപ്പെട്ട സാധനങ്ങൾ ചില വൻകിട കമ്പനി സൈറ്റുകളായ ആമസോൺ, ഫ്ലിപ്പ്കാർട്ട് മുതലായവയിൽ നിന്നും വളരെ പെട്ടെന്ന് തിരഞ്ഞെടുക്കാം. ഓൺലൈൻ വഴി കാശ് അടച്ചാൽ ചുരുങ്ങിയ കാലത്തിനുള്ളിൽ സാധനം നമ്മുടെ വീട്ടിൽ എത്തും.

ഇത് ഒരു നേട്ടമാണോ? ശരിയാണ്. മനുഷ്യൻ എന്നും തൻെറ സൗകര്യങ്ങൾ കൂട്ടാനുള്ളവഴി തേടിയിട്ടേ ഉള്ളൂ. ഓൺലൈൻഷോപ്പിങ്ങ് ഇത്രയും പ്രചാരം വന്നതിന് പിന്നിൽ അവ തന്നിട്ടുള്ള നേട്ടങ്ങൾ തന്നെയാണ്. അതായത് കടയിൽ പോയി വാങ്ങുന്നതിനേക്കാൾ ലാഭത്തിൽ നമുക്ക് ഓൺലൈനിൽ കിട്ടും. വമ്പിച്ച ആദായത്തോടെ നമുക്ക് പല സൈറ്റ് വഴി ഒരേ സാധനത്തിൻെറ ഗുണവും ദോഷവും വിലയും വിലയിരുത്തി അനുയോജ്യമായ ഉൽപ്പന്നങ്ങൾ വാങ്ങാം. എവിടെ നിന്നും എപ്പോൾ വേണമെങ്കിലും നമുക്ക് സാധനങ്ങൾ ഓർഡർ ചെയ്യാം.

പക്ഷേ ഒരു നാണയത്തിന് രണ്ടുവശം ഉള്ളതു പോലെ ഇതിനുമുണ്ട് ദോഷങ്ങൾ. ഓൺലൈൻ സൈറ്റ് വഴി ആപ്പിൾ ഐഫോൺ ഓർഡർ ചെയ്ത് പെട്ടിയിൽ ആപ്പിൾ കിട്ടിയ കഥ ആരും മറക്കണ്ട. കരിഞ്ചന്തയിൽ കിട്ടുന്ന പല സാധനങ്ങളും ഇപ്പോൾ വമ്പിച്ച ഡിസ്കൗണ്ടിൽ വിപണിയിൽ മുൻനിരയിൽ ഉണ്ട്. ഓൺലൈൻ വഴി ഓർഡർ ചെയ്ത സാധനങ്ങൾ കൈയിൽ കിട്ടുമ്പോൾ മനസ്സിനിണങ്ങിയത് ആയിരിക്കണമെന്നില്ല. നമ്മൾ ഇഷ്ടപ്പെടുന്ന നിറമോ, വലിപ്പമോ, ഗുണമോ ഇവയ്ക്ക് ഉണ്ടായിരിക്കണമെന്നുമില്ല. സാങ്കേതിക വിദ്യയുടെ മുന്നേറ്റത്തിൽ ഇപ്പോൾ പല എഡിറ്റിംഗ് സോഫ്റ്റ് വെയറുകളും ഉണ്ട്, ഓർഡർ ചെയ്യപ്പെടുന്ന വസ്തുക്കൾക്ക് ആകർഷണം കൂട്ടി സൈറ്റുകളിൽ പ്രദർശിപ്പിച്ച് ഉപഭോക്താവിനെ ചതിയിൽപ്പെടുത്താം.

അതുകൊണ്ട് ചില മുൻകരുതലുകൾ എടുത്താൽ എന്നും മനുഷ്യന് ഉപയോഗപ്രദമായ ആശയമാണ് ഓൺലൈൻ ഷോപ്പിംങ്ങ്. അതായത് എപ്പോഴും ക്യാഷ് ഓൺ ഡെലിവറി ഓപ്ഷൻ എടുക്കുക. വിശ്വാസം

ആർജ്ജിച്ചസൈറ്റുകളിൽ നിന്നു മാത്രം ഷോപ്പ് ചെയ്യുക. ക്രഡിറ്റ് കാർഡ് ഡീറ്റയിൽസ് സൈറ്റിൽ സേവ് ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുക.

ഇങ്ങനെയുള്ള കാര്യങ്ങൾ ശ്രദ്ധിച്ചാൽ ഓൺലൈൻ ഷോപ്പിംങ്ങ് എന്നും മനുഷ്യന്റെ ഒരു സ്വകാര്യ അഹങ്കാരം ആയിരിക്കും!



# വർണ്ണാഭമായ ചിത്രങ്ങൾ



ഫെമി ജെ. എ. *VII H*

ദാമു എന്ന ചിത്രകാരൻ സുന്ദരമായി ചിത്രം വരയ്ക്കുമായിരുന്നു. അയാൾ വരയ്ക്കുന്ന ഓരോ ചിത്രവും മനുഷ്യമനസ്സുകളെ തൊട്ടുണർത്തുന്നവയായിരുന്നു. ആ ചിത്രങ്ങൾ ചന്തയിൽകൊണ്ടുപോയി വിൽക്കുമായിരുന്നു. ഒരു ദിവസം ശങ്കു എന്ന പേരുള്ള ഒരു ശിഷ്യൻ അയൽദേശത്തുനിന്ന് ദാമുവിനെ തേടിയെത്തി . ദാമു ശിഷ്യനായ ശങ്കുവിനോട് പറഞ്ഞു: "താങ്കൾ ഈ തെരുവിലിരുന്ന് ഒരു മനോഹരമായ ചിത്രം വരയ്ക്കണം." ഗുരുവിൻെറ കല്പന ലംഘിക്കുവാൻ കഴിയില്ലല്ലോ. എന്നു കരുതി അയാൾ ചിത്രം വരയ്ക്കുവാൻ തുടങ്ങി. വഴിയാത്രക്കാർ ചിത്രകാരനെ നോക്കിയും ചിത്രത്തെ നോക്കിയും കടന്നുപോയി. ചില വഴിപോക്കർ നല്ല അഭിപ്രായങ്ങളും അഭിനന്ദനങ്ങളും ചിത്രകാരന് നേർന്നു. സന്ധ്യയാകാറായപ്പോൾ ദാമു ശങ്കുവിൻെറ ചിത്രം വാങ്ങി നോക്കി.

ഒരു പ്രതികരണവുമില്ലാതെ അയാൾ അത് നോക്കിനിന്നു. ഒരു ആശംസയോ അഭിനന്ദനമോ പറയാതെ.... അയാൾ പറഞ്ഞു: " പത്ത് ദിവസങ്ങൾക്കകം നീ പത്ത് ചിത്രങ്ങൾ വരയ്ക്കണം. അതും ഒരു അടച്ചിട്ടമുറിയിൽ തന്നെയിരുന്ന് ഒരു ടോർച്ച് വെളിച്ചത്തിൻെറ കീഴിലിരുന്ന്." ഗുരുവിൻെറ വാക്കുകൾ കേട്ട് അമ്പരന്നുപോയെങ്കിലും വരച്ച തീർത്തു. ഒരു നേരിയ വെളിച്ചത്തിൻെറ സഹായത്തോടെ അവൻ ആ ചിത്രങ്ങൾ വരച്ചുതീർത്തു. എന്നും ശങ്കുവിൻെറ ഗുരു ദാമു, ഭക്ഷണം എത്തിച്ചുകൊടുക്കുമായിരുന്നു. ഒരു ദിവസം മുറിയിൽ നിന്ന് ശബ്ദം കേട്ടപ്പോൾ ശങ്കു ചിത്രങ്ങൾ വരച്ചുപൂർത്തിയാക്കിയെന്ന് ദാമുവിന് മനസ്സിലായി. അവൻ ശങ്കുവിനെ തുറന്നുവിട്ടു. എന്നിട്ട് ചിത്രങ്ങൾ പരിശോധിച്ചു. പത്ത് ദിവസം മുമ്പ് വരച്ച ചിത്രങ്ങളേക്കാൾ മുറിക്കുള്ളിൽ വച്ച് വരച്ച ചിത്രങ്ങൾ വളരെ സുന്ദരമായിരുന്നു. ഇത് പോലെയാണ് ജീവിതവും.

മനുഷ്യൻ, അവന്റെ സ്വാർത്ഥതയ്ക്കൊപ്പമാണ് നിൽക്കുന്നത്. അടുത്തുള്ളവന് കൂടുതൽ ലഭിക്കുമ്പോൾ തനിക്കും വേണമെന്ന ആഗ്രഹം ഉദിക്കുകയും അത് അത്യാഗ്രഹമായി മാറി മനുഷ്യജീവിതത്തിൽ കള്ളനും മോഷ്ടാവും കൊലയാളിയായും മാറുന്നു. ഇന്നത്തെ ഈ തലമുറ മാറുമ്പോൾ അവരുടെ ജീവിതത്തിലും മാറ്റം വരുന്നു. ഒരു നേർവെളിച്ചംകൊണ്ട് ശങ്കു ഇരുട്ടുമുറിയിൽ ചിത്രങ്ങൾ വരച്ചു തീർത്തെങ്കിലും ഇത്രയും സൂര്യപ്രകാശത്തിന്റെ വെളിച്ചത്തിൽ അവൻ മോശമായി മോശമായി ചിത്രങ്ങൾ വരച്ചത് എന്തുകൊണ്ടാവാം? അവൻ ഇരുട്ടുമുറിയിൽ ചിത്രങ്ങൾ വരച്ചപ്പോൾ ചിത്രത്തെക്കുറിച്ച് വിധിയെഴുതേണ്ടത് അവന്റെ കർത്തവ്യമായി. എന്നാൽ അവൻ തെരുവിലിരുന്ന് വരച്ചപ്പോൾ വിധികർത്താക്കളായി വഴിയാത്രക്കാരുണ്ടായിരുന്നു.



# പ്രിയതോഴൻ

ആദിത്യ എസ്.ആർ.

ഒരു നൂലിൽ കോർത്തൊരു
പവിഴമുത്തിൽ നാം ഒന്നായി
ചേർന്നൊരാരാമോഹകാലം!
എൻ ജീവിതപാതയിൽ
കണ്ടൊരാ നിത്യവെളിച്ചമല്ലോ നീ!

നിൻ മുഖം മങ്ങാത്ത പൂപോലെ
ഹൃദയത്തിൽ വിരിഞ്ഞുനിൽക്കവേ,
അകലാനുമാകില്ല; അകറ്റാനുമാകില്ല;
നീയും ഞാനുമായി പങ്കിട്ട സൗഹൃദം!
കാലം മാഞ്ഞുപോകാം, എൻെറ
ഓർമ്മകൾ നിനക്കു നഷ്ടമാകാം!

സൗഹൃദചെപ്പിൽ ചേർത്തുവച്ച-
എന്നെ നീ മറന്നുവോ കൂട്ടുകാരാ?
നീ എങ്ങുപോയി എന്നിൽനിന്ന്?
എത്ര കൊതിച്ചു നിന്നരികിലെത്താൻ?
എത്ര നിനച്ചൊന്നു മിണ്ടാൻ!
ഒരു സ്നേഹസാന്ദ്രനറുമലരായ്
നീ എന്നിൽ എന്നു വന്നു ചേരും?
ഇനിയും നീ വരുമെന്ന മൂകമാം
ചിന്തയിൽ കാത്തുനിൽക്കുകയാണ്
ഈ സൗഹൃദവസന്തത്തിൽ ഞാൻ!

# ജീവിതങ്ങൾ



പ്രഗൽഭ ഭുവനേന്ദ്രൻ ബി.ആർ.

ജീവിതസ്വപ്നങ്ങളെല്ലാം തകർന്നപോലെ, അവളുടെ കണ്ണുകൾ താഴ്ന്നു. ഇനിയും

ലക്ഷക്കണക്കിനു കടബാധ്യതയുണ്ട്. ജീവിതമാകുന്ന തോണി വഴിതെറ്റി ആടി-യുലയുകയാണ്. ഗതി എങ്ങോട്ടെന്നറിയില്ല. അവൾ സ്വയം പിറുപിറുത്തു. പണം കണ്ടെത്താൻ ഒരു മാർഗ്ഗവുമില്ല. എങ്ങോട്ടെങ്കിലും ഇറങ്ങി പുറപ്പെട്ടാലോ എന്നു വരെ അവൾ ചിന്തിച്ചു. രാഗിണിയുടെ മനസ്സ് തേങ്ങി.

മുത്തശ്ശനും മുത്തശ്ശിയും മാരകരോഗം പിടിപ്പെട്ട് കിടക്കയിൽ പരിചരണം പ്രതീക്ഷിച്ച് കിടന്നപ്പോൾ രാഗിണിയുടെ അച്ഛൻ അവർക്കു നേരെ താങ്ങിൻെറ കൈകൾ നീട്ടി. പുത്രൻ എന്ന നിലയിൽ തൻെറ കടമ നിർവഹിച്ചു. പരിചരണം തികച്ചും മാതൃകാപരമായിരുന്നു. മരണപര്യന്തം മാതാപിതാക്കളെ പരിചരിച്ചു. അപ്പോഴേക്കും കൊടിയ ദാരിദ്ര്യം നൃത്തമാടി. പണം കിട്ടേണ്ടവർ വീട്ടിൽ കയറിയിറങ്ങി തുടങ്ങി.

ടെ അച്ഛൻ അവർക്കു നേരെ താങ്ങിൻെറ കൈകൾ നീട്ടി. പുത്രൻ എന്ന നിലയിൽ തൻെറ കടമ നിർവഹിച്ചു. പരിചരണം തികച്ചും മാതൃകാപരമായിരുന്നു. മരണപര്യന്തം മാതാപിതാക്കളെ പരിചരിച്ചു. അപ്പോഴേക്കും കൊടിയ ദാരിദ്ര്യം നൃത്തമാടി. പണം കിട്ടേണ്ടവർ വീട്ടിൽ കയറിയിറങ്ങി തുടങ്ങി.

കഷ്ടകാലം അവരെ ഒഴിയാബാധപോലെ പിന്തുടർന്നു.കുടുംബബന്ധങ്ങളിൽ സംഘർഷങ്ങളുണ്ടായി. ഇന്നിപ്പോൾ കഴുത്തിനു മീതെ കടം. ആശ്വാസവാക്കുകൾ പ്രതീക്ഷിച്ച് ചുറ്റും കണ്ണോടിച്ചു. മനുഷ്യത്വം ഉള്ളിലെവിടെയോ സൂക്ഷിച്ച ചില വ്യക്തികൾ ആശ്വാസവാക്കുകളുമായി സധൈര്യം മുന്നോട്ടു വന്നു. ജോലി അന്വേഷിച്ച് അല്പം ദൂരം രാഗിണിയ്ക്ക് യാത്ര ചെയ്യേണ്ടി വന്നു. തിരിച്ചുള്ള യാത്രാമദ്ധ്യേ ബസ്സ് സ്റ്റാൻഡിൽ അല്പനേരം തങ്ങേണ്ടിവന്നു.

പ്രകൃതി ഇരുളടഞ്ഞുതുടങ്ങി. റോഡിൽ ആൾക്കാരുടെ എണ്ണം കുറഞ്ഞു തുടങ്ങി. അന്നേരം രാഗിണിയുടെ നേത്രങ്ങൾ ഒരു മുത്തശ്ശിയിലേക്ക് തറച്ചു. കുനിക്കൂടി മണ്ണുതറയിൽ കുത്തിയിരിക്കുന്നു. മുഷിഞ്ഞുകീറിയ വസ്ത്രം ധരിച്ചിരിക്കുന്ന കണ്ണുകൾ കഥപറയുന്നുണ്ട്. രണ്ടു സഞ്ചിക്കെട്ടുകൾ സമീപത്തായി ഇരിക്കുന്നു. ഒരു സഞ്ചിയിൽ എണ്ണം വസ്ത്രങ്ങളും അടുത്ത സഞ്ചിയിൽ തട്ടവും ഗ്ളാസ്സും കുപ്പിവെള്ളവും.

ഇതേ രൂപത്തിലുള്ള മറ്റൊരു വൃദ്ധയും ഇരിപ്പുണ്ട്. ഇരുവരുടെയും അവസ്ഥ പരമദയനീയം തന്നെ. അവർ പരസ്പരം പിറുപിറുക്കുന്നുണ്ട്. മക്കളും മരുമക്കളും വീട്ടിൽ നിന്നും അടിച്ചിറക്കിയവർ. അവർ ബസ്സറ്റാൻഡ് അഭയകേന്ദ്രമാക്കി. വൃദ്ധയുടെ കാഴ്ച മങ്ങിയ കണ്ണുകളിൽ നിന്നും അശ്രുകണങ്ങൾ ചുളിവു വീണ മുഖത്തുകൂടി ഒഴുകുന്നുണ്ടായിരുന്നു.

ഈ കണ്ണുനീർ തുള്ളികൾ -ലോകത്തെങ്ങുമുള്ള തിരസ്കരിക്കപ്പെട്ടവരുടെ അശ്രുകണങ്ങൾ-തളം കെട്ടി നിന്നിട്ടാവുമോ,പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്നത്? കണ്ണീർക്കണങ്ങൾ വിറയ്ക്കുന്ന വലതുകൈകൊണ്ട് തുടയ്ക്കുന്നുണ്ടായിരുന്നു. വൃദ്ധയ്ക്ക് ആളുകൾ ചില്ലറതുട്ടുകൾ ഇട്ടുകൊടുത്തു. പഴകിയ വസ്ത്രങ്ങൾ നൽകി. ചിലർ ബിസ്കറ്റ് നൽകി.

പട്ടുപോലെ നരച്ച തലയിലെ മുടി വാരിക്കെട്ടിക്കൊണ്ട് മറ്റേ വൃദ്ധയോടു പറഞ്ഞു; "നമുക്ക് പോകാം. ഇല്ലെങ്കിൽ ഇന്നലത്തേത് പോലെ വീണ്ടും അയാൾ മദ്യപിച്ചു വന്ന് ബഹളമുണ്ടാക്കും. ഏതോ ഒരു വൃദ്ധനാ. അയാൾക്കും എന്തെങ്കിലും വിഷമം കാണും.അതാ എപ്പോഴും മദ്യപാനം.” ഇത്രയും പറഞ്ഞുകൊണ്ട് ഒറ്റയടിവച്ചു മെല്ലെ നീങ്ങി. അപ്പോൾ താഴ്ന്ന ചിന്താഗതിയുള്ള ഒരു സ്ത്രീ ആത്മഗതമെന്നവണ്ണം സംസാരിക്കുന്നത് കേട്ടു:"വെറുതെയല്ല ഇവരെയൊക്കെ അടിച്ചിറക്കുന്നത്. വീട്ടുകാരെപ്പറ്റി ഓരോന്നു പറഞ്ഞുനടന്നോളും. വൃദ്ധരെയൊന്നും നോക്കാനേ പാടില്ല.”

വൃദ്ധർ കാഴ്ചയിൽ നിന്നും പോയി മറയും വരെ രാഗിണി നോക്കി നിന്നു. അവരെക്കുറിച്ചോർത്ത് അവൾക്ക് സങ്കടം വന്നു. രാഗിണി ചിന്തിച്ചു:"എൻെറ കുടുംബം സാമ്പത്തിക പ്രതിസന്ധിയിലകപ്പെട്ടത് അച്ഛൻ രോഗം പിടിപെട്ട മുത്തശ്ശനെയും മുത്തശ്ശിയേയും പരിചരിച്ചുകൊണ്ടാണ്. ഈ വൃദ്ധർ ഇനി എങ്ങനെ ജീവിക്കും? ഇവർക്ക് ആരാണ് തുണ?” അവളുടെ മനസ്സിൽ ചിന്തകളുടെ തിരമാലകൾ അലയടിച്ചുകൊണ്ടിരുന്നു. അപ്പോഴേക്കും രാഗിണിക്ക് കയറേണ്ടി വന്ന ബസ് എത്തി. ബസിൽ കയറി വീട്ടിലെത്തും വരെ അവളുടെ മനസ്സിൽ ചിന്താതിരമാലകൾ ഇളകി മറിഞ്ഞുകൊണ്ടിരുന്നു.



# മാതൃക

പിച്ച വച്ചു തുടങ്ങുന്ന കുട്ടിയെ
പഠിപ്പിച്ച് മാതൃകയാക്കുന്ന അമ്മ!
വീണുകിടന്നാലും കുഞ്ഞിന് അമ്മ-
യെന്ന രണ്ടക്ഷരമേ നാവിൽ വരൂ!

അർച്ചന യു എസ്
VIII H

പുതുതലമുറ ഉയർന്നു വന്നാൽ
അമ്മമാർക്കെന്തു സ്ഥാനം?
അമ്മമാർ കണ്ണീരിലാകുന്ന ഒരു-
വീടു മാത്രമാണ് വൃദ്ധസദനം!

എന്നെന്നും ഓർത്തിരിക്കുന്നു മക്കളെ
മനസ്സിൽ മാത്രം അമ്മമാർ.
പുറമെ കാട്ടുന്ന കണ്ണീർത്തുള്ളിയിൽ
അലിഞ്ഞു പോകുന്നു ഇന്നു മാതൃസ്നേഹം!

അമ്മയാണു ഭൂമിക്കു ഭാരമെന്നു
പറയുന്ന മക്കളാണ് ഭൂമിക്ക് ഭാരം!
അമ്മയാണ് വീടിൻ വിളക്ക്!
അമ്മയാണ് വീടിനൈശ്വര്യം!

# അധ്വാനം





ആതിര എസ്.എസ്.

# X P

ഇന്ന് നാം ആധുനിക കാലത്താണ് ജീവിക്കുന്നത്. ലോകം ഇന്നു പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ശാസ്ത്രവും സാങ്കേതികവിദ്യയും കൂടുതൽ ഉന്നതിയിലെത്തിച്ചേർന്നു. കണ്ടുപിടുത്തങ്ങൾ ഏറെയായിരിക്കുന്നു. മനുഷ്യൻെറ അധ്വാനവും കുറഞ്ഞിരിക്കുന്നു. ഇന്ന് എല്ലാ മേഖലയിലുമുള്ള യന്ത്രങ്ങളുടെ കടന്നുവരവ് മനുഷ്യൻെറ അധ്വാനം കുറച്ചിരിക്കുന്നു. അധ്വാനത്തിന് വലിയ വിലയൊന്നും കല്പിക്കാത്ത സമൂഹമാണ് ഇന്നുള്ളത്. നമ്മുടെ പൂർവ്വികർ കഠിനമായ വെയിലും മഴയും കണക്കിലെടുക്കാതെ കഠിനമായിത്തന്നെ അധ്വാനിച്ചിരുന്നു. പക്ഷേ ഇന്നത്തെ തലമുറയ്ക്ക് അധ്വാനിക്കാൻ താല്പര്യമേ ഇല്ല. ജോലി ചെയ്യാതെ വേതനം വാങ്ങാൻ ആഗ്രഹിക്കുന്നവരാണ് ഇന്ന് ഉള്ളവരിൽ പലരും.

ഇന്ന് സർക്കാർ ഉദ്യോഗങ്ങളും മറ്റുയർന്ന ജോലികൾക്കും മാത്രം വില കല്പിക്കുന്നവരുണ്ട്. അതിനാൽത്തന്നെ കൃഷിപോലുള്ള കായികാധ്വാനങ്ങൾക്ക് ആരും വിലകല്പിക്കുന്നില്ല. ഓരോ തൊഴിലിനും അതിൻെറതായ മഹത്വമുണ്ടെന്ന് ഇന്നുള്ളവർ തിരിച്ചറിയുന്നില്ല. ഈ തിരിച്ചറിവില്ലായ്മ കാരണം മലയാളികൾക്ക് ഭക്ഷ്യവസ്തുക്കൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതായി വരുന്നു.

ഇന്ന് നാം കണ്ടുവരുന്ന എല്ലാ പുരോഗതിയുടെയും അടിസ്ഥാനം അധ്വാനമാണ്. തളർന്നാലും ഇല്ലെങ്കിലും മനുഷ്യൻ വിശ്രമിക്കരുത്. എന്നാണ് ഗാന്ധിജി പറഞ്ഞിട്ടുള്ളത്. ഈ ലക്ഷ്യത്തോടെ നാം ആത്മാർത്ഥമായി അധ്വാനിക്കണം. അധ്വാനം നാടിൻെറ സമ്പത്താണ്. അധ്വാനപരമായ തൊഴിലുകൾ ചെയ്ത് നമുക്ക് ജീവിക്കാം. ഒരു പുതിയ തലമുറയെ വാർത്തെടുക്കാം.





# മാരി

ഹേ മാരി! നീ വരദാനമാണെനിക്ക്!
ജീവിതമേ ഇല്ലെനിക്ക് നീയില്ലാതെ!
കുളിരായ് നീ പെയ്തിറങ്ങുമ്പോൾ
കുളിർമയാണെൻ മനസ്സിൽ!

കാർമേഘങ്ങളിൽ നിൻ -
സാന്നിധ്യമറിയുമ്പോൾ
കാത്തിരിക്കുന്നു നിൻെറ വരവിനായ് ഞാൻ
ചാറ്റൽമഴയായ്, പേമാരിയായ്, നീ വരുമ്പോൾ
നിറയുന്നു  നയനം അതുപോലെ മനസ്സും!

ഹേ മാരീ! നീ വരദാനമാണെനിക്ക്!

ധനുഷ എസ്. ബാബു.
VIII . B

വരദാനമായ നീ ശാപമായ് മാറല്ലൊരിക്കലും.



# ഇരുട്ടിലെ വെളിച്ചം



ശ്രീക്കുട്ടി എസ്. ജി

**7.B**

ഒരിടത്ത് ഒരിടത്ത് ഒരു വലിയ പട്ടണത്തിൽ ഒരു പെൺകുട്ടിയും അവളുടെ ധനികരായ അച്ഛനും അമ്മയും ഒരു ബംഗ്ലാവുപോലുള്ള വീട്ടിൽ താമസിച്ചിരുന്നു. അവളുടെ പേര് മാളു എന്നായിരുന്നു. അവൾ പഠിക്കാൻ മിടുക്കിയായിരുന്നു. പക്ഷെ അവളുടെ മനസ്സുനിറയെ പകയും അസൂയയുമായിരുന്നു. മറ്റുള്ളവരോട് സ്നേഹമില്ലാത്തൊരു പ്രകൃതമായിരുന്നു അവളുടേത്. മാളുവിൻെറ സഹപാഠികൾ അവളോട് അത്ര അടുപ്പം കാണിച്ചിരുന്നില്ല. മാളുവിൻെറ മനസ്സ് ഇരുട്ടായിരുന്നു. മാളു ചെറുപ്പം മുതലെ മറ്റുള്ളവരോട് ക്രൂരതയോട്

പെരുമാറിയിരുന്നു. അതുകൊണ്ട് അവളുടെ സൗഹൃദങ്ങൾ അവളെ വിട്ട് പിരിഞ്ഞുകൊണ്ടേയിരുന്നു.

മാളുവിൻെറ അച്ഛനും അമ്മയ്ക്കും ഉയർന്ന ശമ്പളമുള്ള ജോലി, വലിയ വീട്, എല്ലാ സുഖ സൗകര്യങ്ങളും അനുഭവിച്ച് വളർന്ന മാളുവിൻെറ മനസ്സിൽ വെളിച്ചത്തിൻെറ ഒരംശം പോലുമില്ലായിരുന്നു. ഒരു ദിവസം മാളുവിൻെറ ക്ലാസിൽ ഒരു പുതിയ കുട്ടി അഡ്മിഷനെടുത്ത് വന്നു. അവളുടെ പേര് ദിയ. പഠിക്കാൻ മിടുക്കിയായിരുന്ന ദിയ ഒരു സാധാരണ കുടുംബത്തിലെ കുട്ടിയാണ്. ക്ലാസിൽ എപ്പോഴും ഒന്നാം സമ്മാനം ലഭിക്കുന്നതിൽ മാളുവിന് അഭിമാനമായിരുന്നു. പക്ഷെ അവളുടെ മനസ്സിൻെറ ഉള്ളിൽ നിറയെ അഹങ്കാരമായിരുന്നു .

പരീക്ഷാദിവസം അടുക്കാറായി മാളുവിന് ഈ പരീക്ഷക്കും ഒന്നാം സ്ഥാനം കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്നു. മാളുവിന് ദിയയോട് വെറുപ്പായിരുന്നു. എന്തുകൊണ്ടെന്നാൽ ദിയയും പഠിക്കാൻമിടുക്കിയായിരുന്നുവല്ലോ. ദിയക്ക് ഒന്നാം സ്ഥാനം കിട്ടുമെന്നുള്ള ഭയം മാളുവിനുണ്ടായിരുന്നു. അതിക്രൂരമായിരുന്നു മാളുവിന് ദിയയോടുള്ള പെരുമാറ്റം. പക്ഷേ ദിയയുടെ മനസ്സ് ശുദ്ധമായിരുന്നു. കളങ്കമില്ലാത്ത മനസ്സ്. മറ്റുള്ളവരെ സഹായിക്കാനും, മറ്റുള്ളവർ തെറ്റുചെയ്താൽ അത് തിരുത്താനും, കൂട്ടുകാർക്ക് അറിഞ്ഞുകൂടാത്ത പാഠങ്ങൾ പറഞ്ഞുകൊടുക്കാനും അവൾ മനസ് കാട്ടിയിരുന്നു.

പരീക്ഷയ്ക്ക് ഒരു ദിവസം കിടക്കവെ മാളുവിന് അസുഖം പിടിപ്പെട്ടു. അവൾക്ക് അറിഞ്ഞുകൂടാത്ത പാഠങ്ങൾ പഠിപ്പിച്ചുകൊടുക്കാൻ ആരുമില്ലായിരുന്നു. ദിയക്ക് മാളുവിൻെറ അവസ്ഥ കണ്ട് വിഷമം തോന്നി. ദിയ മാളുവിൻെറ വീട്ടിൽചെന്ന് അവൾക്ക് സ്കൂളിൽ പഠിപ്പിച്ച പാഠങ്ങൾ പഠിപ്പിച്ചു കൊടുത്തു. മാളുവിൻെറ സ്വഭാവം വല്ലാതെ മാറി. മറ്റുള്ളവരോട് ഭവ്യതയോടെയും, സ്നേഹത്തോടെയും സംസാരിക്കാൻ അവൾ പഠിച്ചു. പരീക്ഷക്ക് ദിയക്കും മാളുവിനും ഒന്നാം സ്ഥാനം ലഭിച്ചു. ദിയ കാരണം മാളുവിൻെറ മനസ്സിലെ തിന്മകളകന്നു; നന്മകൾ നിറഞ്ഞു; ഇരുട്ടകന്നു; വെളിച്ചം നിറഞ്ഞു....

# മോഹം



അഹല്യാരാജ് എ. ആർ.
VIII H

മഞ്ഞിൻകണങ്ങൾ മഴപോലെ പെയ്യുന്ന
കുളിരാർന്ന രാവുകൾപോയ് മറഞ്ഞു!
തുഷാരബിന്ദുക്കളാൽ ആലിംഗനം ചെയ്യും
പൂവിൻെറ ശോഭയും പോയ് മറഞ്ഞു!
പൊഴിയുന്ന ഇലകളിൽ നോക്കിയിരിക്കുമ്പോൾ
അറിയുന്നു ശിശിരത്തിൻ വരവായെന്ന്!
ഉള്ളിൽ വസന്തത്തിൻ നിറഭംഗി ഉണ്ടേലും
ശിശിരത്തെ തള്ളുവാൻ ആയീടുമോ?
കൊഴിയുന്ന ഇലകളെ നോക്കി ഒരിക്കലും
തരുനിന്നു കണ്ണീർ പൊഴിക്കാറില്ല!
വീണ്ടും തളിർക്കാനും പൂക്കാനും കായ്ക്കാനും
വെമ്പലോടതു വീണ്ടും മാറിടുന്നു!
വേർപാടു നൽകുന്ന വേദനകൾ എന്നും
മർത്യനു മാത്രമായതുള്ളത്രേ!
നഷ്ടങ്ങൾ മാത്രം നൽകിപ്പിരിയുന്ന
ബന്ധത്തിനോർമ്മയും അവനു മാത്രം!
വീണ്ടും തളിർക്കാനും പൂക്കാനും കായ്ക്കാനും
ഒരു മരമായ് ഞാനും മാറിയെങ്കിൽ!
പോയ വസന്തത്തിൻ തരളിത ഭാവങ്ങൾ
വീണ്ടും എന്നിൽ നിറഞ്ഞുവെങ്കിൽ!

# ഭാരതീയകർഷകൻ





അശ്വതി ബി.

IX I

ഭാരതം കൃഷിക്ക് പ്രധാനപ്പെട്ട ദേശമാണ്. പ്രാചീനകാലം മുതൽ തന്നെ കൃഷി ആരംഭിച്ചിരുന്നു. ആദ്യമായി കൃഷി ആരംഭിക്കുന്നതുതന്നെ സിന്ധുനദിയുടെ തീരത്താണ്. കൃഷി ഭാരതത്തിലെ ഒരു വ്യവസായമാർഗ്ഗം കൂടിയാണ്. പ്രാചീനകാലത്തെ മനുഷ്യരുടെ പ്രധാനതൊഴിൽ കൃഷിയായിരുന്നു. അപ്പോൾ കൃഷിക്കായി ഉപകരണങ്ങൾ ഒന്നുംതന്നെഇല്ലായിരുന്നു. അതേ ഭാഗത്ത് ഇപ്പോൾ നമ്മുടെ നാട്ടിൽ കർഷകരുടെ എണ്ണം വളരെ കുറവാണ്. എന്നാൽ അതിലൂടെ ലഭിക്കുന്ന ഉത്പന്നങ്ങളുടെ അളവ് വളരെ കൂടുതലാണ്.

പ്രാചീനഭാരതത്തിലെ കർഷകരുടെ അവസ്ഥ വളരെ ദയനീയമായിരുന്നു. അപ്പോൾ കർഷകരെ അടിമകളെപ്പോലെ രാവും പകലും ഇല്ലാതെ കൃഷി ചെയ്യിപ്പിച്ചിരുന്നു. എന്നാൽ അതിനുള്ള കൂലി നൽകിയിരുന്നില്ല. അതില്ലനിന്ന് ഇപ്പോൾ ഒരുപാട് മാറിയിരിക്കുന്നു. ജന്മിമാർ ഏക്കറുകണക്കിനു സ്ഥലം തൻെറ കൈപ്പിടിയിലാക്കി പാവം ജനങ്ങൾക്ക് പാട്ടത്തിനു നൽകും. അതിനുശേഷം അവരുടെ പാടത്തുവിളയുന്ന വിളകളുടെ ഭൂരിഭാഗവും ജന്മിക്ക് പകരമായി നൽകണമായിരുന്നു. അങ്ങനെ വരുമ്പോഴും അവരുടെ ജീവൻ

ദുരിതത്തിലേയ്ക്ക് തന്നെയാണ് പോകുന്നത്.

നവജീവനേകും കർഷകാ
നിൻ കരസ്പർശമീ
ഭൂമിക്കു സൗഭാഗ്യ നിധികളേകി.

തുടങ്ങി അനേകം വരികൾ കർഷകരുമായി താദാത്മ്യം ചെയ്ത് എഴുതിയിട്ടുണ്ട്. നമ്മുടെ ഈ ലോകത്ത് ഏറ്റവും മഹത്തായ സ്ഥാനം എപ്പോഴും നൽകേണ്ടത് കർഷകർക്കാണ്. കാരണം അവരില്ലെങ്കിൽ നമ്മൾ ഓരോരുത്തർക്കും നിലനിൽപ്പില്ല, എന്നതിൽ ഒരു സംശയവുമില്ല. നമ്മുടെ ജീവന്റെ അടിസ്ഥാനം എന്നു പറയുന്നത് ഭക്ഷണമാണ്. ആ ഭക്ഷണം ലഭിക്കണമെങ്കിൽ ഒരു പക്ഷേ നമ്മൾ കർഷകരെ തന്നെയാണ് ആശ്രയിക്കേണ്ടത്.

തന്റെ പാടത്തിൽ ഓരോ വിളകളാകുമ്പോഴും ഏറ്റവും സന്തോഷിക്കുന്നത് കർഷകരാണ്. അവരുടെ ജീവൻ എന്നു പറയുന്നത് ആ പാടമാണ്, പാടത്തു വിളയുന്ന വിളകളാണ്. മണ്ണ് ദേഹത്തു പുരളുന്നതും മറ്റും നമ്മൾ നികൃഷ്ടമായി കാണുമ്പോൾ അതിലൂടെ സുഖം കണ്ടെത്തുകയാണ് കർഷകർ. മണ്ണിനോടും പരിസ്ഥിതിയോടും ഇടകലർന്ന ജീവിതം നയിക്കുന്നകർഷകർക്കാവും പ്രകൃതിയെക്കുറിച്ച് ഏറെ കാര്യങ്ങൾ അറിയാവുന്നത്. ഈ ഇടക്കാലം വരെയും നമ്മൾ കൂടുതൽ ആദരിച്ചിരുന്നത് കർഷകരെയാണ്. എന്നാൽ ഇപ്പോഴത്തെ സ്ഥിതികൾ മാറിമറിഞ്ഞിരിക്കുന്നു. എന്റെ ഇപ്പോഴത്തെ ആഗ്രഹം എന്നു പറയുന്നത് പണ്ടു കാലത്ത് എത്രയേറെ ആദരവ് കർഷകർക്ക് ലഭിച്ചിരുന്നോ അത് തന്നെ ഇനിയും തുടരണം.

പുതുതലമുറയെക്കുറിച്ച്പറയുകയാണെങ്കിൽ കൃഷിഭൂമികൾ നികത്തി അവർ മറ്റു കെട്ടിടങ്ങൾ നിർമ്മിക്കുന്നു. ഇപ്പോൾ ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നത് കർഷകരാണ്. ഇതിനുദാഹരണമാണ് കുറച്ചു മാസങ്ങൾക്ക് മുൻപ് നടന്ന ഓഖി ദുരന്തം. വൻ കൃഷിനാശം സംഭവിച്ചു. ഇതിലൂടെ എത്രയേറെ കർഷകരുടെ ജീവിതമാണ് നഷ്ടപ്പെട്ടത്. ഇത്രയു കഷ്ടപ്പാടുകൾക്കിടയിലൂടെയാണ് അവർ ജീവിതം മുന്നോട്ട് നീക്കുന്നത് എന്ന് ചിന്തിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.



# വരം

*ഉണ്ടീയുലകത്തിലന്ത്യവരം*
*ഈ സമ്മാനം കെങ്കേമം?*
*ഈ സുഖമന്ത്യമാണെന്നറിഞ്ഞാലോ;*
*പിന്നെയറിയാനൊന്നുമില്ല!*
*വരനെപ്പോലതു വന്നെത്തും*
*വധുവാം നമ്മെക്കൂട്ടാനായ്!*
*വരൻെറ കൂടെപ്പോയാലോ നാം*
*വരില്ലയിവിടെയീ ഭുവിൽ!*

*വരുമൊരു ദിനത്തിൽ മരണം!*

*കരുണയില്ലാത്തൊരു ശരണം!*
*ജനിച്ചയൊരാൾക്കു വരണം!*
*ഇത് പ്രകൃത്യാംബ തന്നൊരു സ്മരണം!*
*തരുമിതു ശോകം ഞങ്ങൾ-*
*ക്കെന്നാൽ ഇവർക്കു കിട്ടും പൂച്ചെണ്ട്!*
*പരലോകത്തിലെത്തിച്ചെ-*
*ന്നാലവിടെ കിട്ടും ന്യായവിധി!*

# നന്മ നിറഞ്ഞ കുട്ടികൾ



നന്ദന എസ്.യു. *VII B*

ഒരു സുന്ദരമായ ഗ്രാമത്തിൽ മൂന്ന് നല്ല സ്വഭാവംമുള്ള കുട്ടികൾ ഉണ്ടായിരുന്നു. അവർ വളരെയധികം നന്മയുള്ള കുട്ടികളായിരുന്നു. ആ കുട്ടികളുടെ പേര് അച്ചു, കിച്ചു, അപ്പു. അവർ മൂന്നുപേരും എവിടെ പോയാലും ഒരുമിച്ചാണ് പോകുന്നത്. കൂട്ടത്തിൽ ഒരാൾക്ക് പ്രശ്നം വന്നാൽ മൂന്ന് പേരും ഒരുമിച്ച് പരിഹരിക്കും. അങ്ങനെയിരിക്കെ ഒരു ദിവസം അച്ചുവും കിച്ചുവും കൂടി അപ്പുവിനെ കൂട്ടാതെ പുറത്തേക്ക് പോയി. അപ്പോൾ അപ്പു ഉറങ്ങികിടക്കുകയായിരുന്നു.അവർ പുറത്തുപോയത് അപ്പുവിൻെറ പിറന്നാളിന് ഒരു സമ്മാനം വാങ്ങാനായിരുന്നു. അപ്പു ഉറക്കമുണർന്ന് നോക്കുമ്പോൾ അച്ചുവിനെയും കിച്ചുവിനെയും കാണാനില്ലായിരുന്നു. അപ്പു പെട്ടെന്ന് ഭയപ്പെട്ടുപോയി. അങ്ങനെ ഭയപ്പെട്ടിരുന്ന നേരത്ത് ഒരു കുട്ടി അതുവഴി വന്ന് അപ്പുവിൻെറ വീട്ടിൻെറ അടുത്ത് എത്തി. ആ കുട്ടി നോക്കുമ്പോൾ അപ്പു ഇരുന്ന് കരയുന്നത് കണ്ടു. ആ കുട്ടി തിന്മ നിറഞ്ഞ കുട്ടിയാണെന്ന് അപ്പുവിന് അറിയില്ലായിരുന്നു. ആ കുട്ടി അപ്പുവിനോട് ചോദിച്ചു, “എന്താ അപ്പു വിഷമത്തോടെയിരിക്കുന്നത്"? അപ്പു പറഞ്ഞു; "ഞാൻ ഉറക്കമുണർന്ന് നോക്കിയപ്പോൾ എൻെറ കൂട്ടുകാരെ കാണുന്നില്ല.”അപ്പോൾ തിന്മ നിറഞ്ഞ കുട്ടി പറഞ്ഞു, "നിന്നെ കൂട്ടാതെ അവർ അവിടെ കളിക്കുകയാണ്. നിങ്ങൾ നല്ല സ്നേഹമാണല്ലോ പിന്നെ എന്താണ് അവർ നിന്നെ കൂട്ടാതെ പോയത്? എവിടെ പോയാലും നിങ്ങൾ ഒരുമിച്ചല്ലേ പോകുന്നത് പിന്നെ എന്താണ്?” അപ്പോൾ അപ്പുവിന് നല്ല വിഷമം വന്നു. കുറച്ചുനേരം കഴിഞ്ഞ് അച്ചുവും കിച്ചുവും വന്നു. അവരുടെ കൈയിൽ പിറന്നാളിൻെറ സാധനങ്ങൾ ഉണ്ടായിരുന്നു. അപ്പോൾ അപ്പു വളരെ വിഷമത്തോടെ ഇരിക്കുന്നത് അവർ കണ്ടു. അപ്പു നീ എന്താണ് വിഷമിച്ചിരിക്കുന്നത്? ഇനിയൊരിക്കലും നിങ്ങൾ എൻെറയടുത്ത്

മിണ്ടരുത്. അപ്പു, ഞങ്ങൾ നിനക്ക് പിറന്നാൾ സമ്മാനം വാങ്ങാൻ പോയതാണ്. ഇന്ന് നിൻെറ പിറന്നാളാണ്. കിച്ചു പറഞ്ഞു. നിങ്ങൾ എന്നോട് ക്ഷമിക്കണം. ഞാൻ നിങ്ങളെ തെറ്റിദ്ധരിച്ചു. എന്നെ ഈ തിന്മനിറഞ്ഞ കുട്ടി വളരെയധികം വിഷമിപ്പിച്ചു. അപ്പു പറഞ്ഞു. നീ നിൻെറ മനസ്സിലെ തിന്മ മാറ്റൂ സുഹൃത്തേ. നമ്മുടെ മനസ്സിൽ ഒരിക്കലും ചീത്ത വിചാരം ഉണ്ടായിരിക്കുവാൻ പാടില്ല. അപ്പു തുടർന്നു. പിന്നെ ആ തിന്മ നിറഞ്ഞ കുട്ടി തല കുനിച്ച് വിഷമത്തോടെ അവൻെറ വീട്ടിലേക്കു പോയി. എന്നിട്ട് അവർ മൂവരും പിറന്നാൾ കേക്ക് മുറിച്ച് സമ്മാനങ്ങൾ കൈമാറി. അങ്ങനെ അവർ നന്മ നിറഞ്ഞ കുട്ടികളായി.



# സുഹൃത്ത്



അപർണ്ണ എ.എസ്.

കരയുന്ന കണ്ണുനീർ കൊണ്ട്
മനം നിറഞ്ഞ മനസ്സോടെ
ആദ്യാക്ഷരം പഠിക്കാൻ പോകുമ്പോൾ
എനിക്ക് നീ ചങ്ങാതി!

കൂടെ നടന്നു കളിച്ചു
പലകാര്യത്തിലും തല്ലുവച്ചു
എന്നെ വിട്ടുപോയ
എൻ പൊൻസുഹൃത്തേ!

നീ ഇപ്പോൾ എവിടെയാണ്?

നിന്നെ കാണാതെ ഉറക്കമില്ലാ-
രാവുമായി നിന്നെയും കാത്തി-
രിക്കുകയാണ് ഞാൻ!

താരകമണിമാലയിൽ നിനക്കായ്
സൂക്ഷിച്ച മാണിക്യകല്ല്
ഇതാ നിന്നെ മാടിവിളിക്കുന്നു
എന്തിനു നീ താമസിക്കുന്നു?

# ഒരു പ്രതിഭയുടെ ഉദയം



വിനോദ് വി.

കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ഗവേഷണമുറിയിൽ ഗഹനമായ വായനയിലിരുന്നു ആ പ്രഫസർ. അലസമായി നെറ്റിയിലേക്ക് കിടക്കുന്ന തൻെറ നീണ്ട തലമുടി കൈവിരലുകൾ കൊണ്ട് ചീകി ഒതുക്കുന്നതിനിടയിൽ സഹപ്രവർത്തകനോട് പറഞ്ഞു: "ഈ കുറിപ്പുകൾ തയ്യാറാക്കിയത് ഒരു നിസാരനല്ല.ഒരു ബുദ്ധി രാക്ഷസൻ തന്നെ." വളരെ മോശപ്പെട്ട കൈയക്ഷരത്തിൽ ചെറിയ അക്ഷരങ്ങൾ കൊണ്ട് നിറഞ്ഞ ആ മുഷിഞ്ഞ പേപ്പർക്കെട്ടുകൾ അദ്ദേഹം മേശപ്പുറത്ത് വെച്ചു. ഇതുവരെ ഇതുപോലെയൊരു പുതുമയുള്ള കണ്ടെത്തൽ താൻ അനുഭവിച്ചറിഞ്ഞിട്ടില്ല. ലോക ഗണിതശാസ്ത്രജ്ഞരുടെ കൂട്ടത്തിലെ തലതൊട്ടപ്പൻ എന്ന പേരിലറിയപ്പെടുന്ന കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ഗണിതവിഭാഗം മേധാവിയായ H.ഹാർഡിയായിരുന്നു ആ പ്രഫസർ. ലോകമെമ്പാടുമുള്ള ഗണിതശാസ്ത്രജ്ഞരിൽ നിന്നും സാധാരണക്കാരിൽ നിന്നും പുതുമയുള്ള ഗണിത കണ്ടെത്തലുകൾ സ്വീകരിക്കുന്ന സ്വഭാവക്കാരനായിരുന്നു ഹാർഡി. പുതിയ ഗണിത പ്രതിഭകളെ

കണ്ടെത്തുക എന്നതായിരുന്നു ഈ ഉദ്യമത്തിന്റെ ലക്ഷ്യം. അങ്ങനെയാണ് ആ മുഷിഞ്ഞ കുറിപ്പുകൾ ഏഴു കടലും കടന്ന് ഹാർഡിക്ക് കിട്ടിയത്. പിന്നെ സംഭവിച്ചതെല്ലാം ചരിത്രം.

പിൽക്കാലത്ത് ഹാർഡി പോലും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്ത ഭാരതീയനായ ഗണിതശാസ്ത്രജ്ഞൻ ശ്രീനിവാസ രാമാനുജനായിരുന്നു ആ മുഷിഞ്ഞ കുറിപ്പുകളുടെ ഉടമ. ഒരു സാധാരണ ദാരിദ്ര തമിഴ് ബ്രാഹ്മണ കുടുംബത്തിൽ ജനിച്ച രാമാനുജൻ, ഹാർഡി എന്ന ഗണിത ശാസ്ത്രജ്ഞന്റെ പിൻബലം കൊണ്ട് മാത്രമാണ് സംഖ്യാ ശാസ്ത്രത്തിൽ അഗ്രഗണ്യനായത്. കടൽ കടന്ന് യാത്ര ചെയ്യുന്നത് ബ്രാഹ്മണ സമുദായത്തിൽ നിഷിദ്ധമായിരുന്ന ആ കാലത്ത് സ്വന്തം കുടുംബത്തിൽ ഭ്രഷ്ട് കല്പിച്ചിട്ടുപോലും തന്റെ സ്വപ്നം സാക്ഷാത്ക്കരിക്കാൻ അദ്ദേഹം യാത്ര തിരിച്ചു. തന്റെ വഴികാട്ടിയായ ഹാർഡിയ്ക്കും മേലെ ഒരു സിംഹാസനത്തിൽ ഇരിക്കാൻ രാമാനുജന് കഴിഞ്ഞത് ദൈവഹിതം. റോയൽ കോളേജിലെ അംഗത്വം ഏറ്റവും കുറഞ്ഞ പ്രായത്തിൽ നേടിയ ഈ ബുദ്ധിരാക്ഷസൻ രോഗശയ്യയിൽ കിടക്കുമ്പോൾ പോലും '1729' എന്ന സംഖ്യയുടെ പ്രത്യേകത പറഞ്ഞ് ഹാർഡിയെ അമ്പരപ്പിച്ചു. ഈ സംഖ്യ ഇന്ന് രാമാനുജൻ സംഖ്യ എന്ന പേരിൽ പ്രസിദ്ധമാണ്. വെറും മുപ്പത്തിമൂന്ന് തവണ മാത്രമേ അദ്ദേഹത്തിന് സൂര്യനെ വലയം ചെയ്യാൻ സാധിച്ചുള്ളൂ.ഇത് മാത്രമായിരുന്നു ഏക ന്യൂനത.

നമുക്ക് ചുറ്റും ഇതുപോലെ ധാരാളം പ്രതിഭാശാലികൾ ഉണ്ട്.ആരും പ്രതിഭകളായി ജനിക്കുന്നില്ല. എല്ലാവരുടെയും ഉള്ളിൽ അത് നിലനില്ക്കുന്നു. ആ പ്രതിഭയുടെ കിരണം കണ്ടെത്തി അവനെ കൈപിടിച്ചു കയറ്റാൻ നമുക്ക് കഴിഞ്ഞാൽ അതിൽപരം ഒരു പുണ്യം കിട്ടാനില്ല. പക്ഷേ നമ്മളിൽ എത്രപേർ ഒരു പ്രതിഭയുടെ ഉദയം ആഗ്രഹിക്കുന്നു. ഇത് ഒരു ചിന്താവിഷയമല്ലേ?

വാൽക്കഷണം

ശ്രീനിവാസരാമാനുജൻ(1887-1920)

തമിഴ് നാട്ടിലെ 'ഈ റോഡ്'- ലാണ് ജനനം. ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയില്ല. റോയൽ കോളേജിന്റെ ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗം. [FRS] സംഖ്യാസിദ്ധാന്തത്തിൽ ഗവേഷണം

നടത്തി.അദ്ദേഹത്തിൻെറ ജന്മദിനമായ Dec:22 ദേശീയഗണിതശാസ്ത്രദിനമായി ആചരിക്കുന്നു.125 -ാം ജൻമവാർഷികമായ 2012 ദേശീയ ഗണിതശാസ്ത്രദിനമായി ആചരിച്ച് തുടങ്ങി.
'Ramanujan Institute of Mathematical Studies'ചെന്നൈയിലാണ്.

NewHSS,Nellimoodu

# സൂര്യകിരണവും ചന്ദ്രികയും

പുലരിയിൽ മുഖം വിടർത്തി ഞാൻ-
മെല്ലെ നിൻ അരികിലൊതുങ്ങി-
വരാൻ ശ്രമിക്കവേ, നീ-
എങ്ങുപോയിമറഞ്ഞീടുന്നു?
പ്രണയിനി, നിൻ ശ്രുതിയിൽ
അലിയുവാൻ കൊതിക്കവെ,
നുണക്കുഴി വിരിയും കവിളുമായ്
നീ മുഖം താഴ്ത്തീടുന്നു!
ഓർമ്മകളിൽ പീലി നീട്ടി ഞാൻ
ഓടി എത്തുമ്പോൾ നിറമിഴി-
താഴ്ത്തി നീ നാണിച്ചീടുന്നു!
അപ്പോളെൻ കൺമുന്നിൽ
നിന്നു നീ മറഞ്ഞീടുന്നു!
പാതിര മെല്ലെ തിരിയെ പോന്നു
മൂകമാം ഇരുട്ടിൽ നീ മറഞ്ഞീടുന്നു!
ചെറുദീപങ്ങൾ വിദൂരതയിലേക്ക-
കന്നു പോകും നേരം വിണ്ണിലെ
ത്താരകം കൊച്ചു നിലാവിൽ മൊട്ടിടും!
സാന്ദ്രമാം ഈ പ്രണയനിമിഷത്തിൽ
എൻ നാഥനെത്തേടി ഞാൻ
വന്നീടുമ്പോൾ, നീ പതിയെ-
പ്പതിയെ മാഞ്ഞീടുന്നു, കണ്ണു-
നീർ പൂവുമായി ഇവിടെ ഞാൻ



സാന്ദ്ര എസ്.എൻ.
VIII B

മാത്രമായ് എത്ര എത്ര രാവുകൾ!
മുത്തണിക്കിനാവുകൾ ഇങ്ങ-
മങ്ങി മാഞ്ഞു പോകവേ ;
നിൻെറ പ്രണയത്തിനായ് ഞാൻ
കാതോർക്കവേ; അനുരാഗത്തിൻ ലഹ-
രിയിൽ സ്വയം മറന്ന ഞാൻ ഉണരുന്നു!
നിൻെറ മുന്നിൽ ചിരിയോടെ വെള്ള-
പ്പോലുമെൻ മിനുത്ത കൈത്തണ്ടകൾ
നീട്ടവേ, നീയെൻ അരികിൽ നിന്നും
അകന്നു പോയീടുന്നു!

.

# വേർപാട്



ശില്പ എ.പി.VIII H

എൻെറ പേര് ചിന്നു. ഞാൻ ഇന്ന് ഒരു ചിൽഡ്രൻസ് ഹോമിലെ ടീച്ചറാണ്. എനിക്ക് ആരാണ് ഈ പേര് ഇട്ടത് എന്ന് അറിയില്ല. ആ സ്ത്രീ! അവരെന്നെ പ്രസവിച്ച ഉടൻ തന്നെ തെരുവിൽ ഉപേക്ഷിച്ചു. ആ തെരുവിൽ നിന്ന് മറ്റൊരു തെരുവിലേക്ക്. അവിടെ നിന്ന് ആരോ എന്നെ ചിൽഡ്രൻസ് ഹോമിൽഎത്തിച്ചു. അമ്മയുടെ പാലിൻെറ രുചി ഞാനറിഞ്ഞിട്ടില്ല. എവിടെ നിന്നോ, ആരോ എനിക്ക് ചിന്നു എന്ന പേരു തന്നു. എന്നെ മകളെ എന്നു വിളിക്കാനോ, മടിയിൽ ഇരുത്തി ലാളിക്കാനോ ആരും ഉണ്ടായിരുന്നില്ല. ചിൽഡ്രൻസ് ഹോമിലെ സിസ്റ്റർമാരുടെ കാരുണ്യം കൊണ്ട് ഞാൻ വളർന്നു. കുഞ്ഞുങ്ങളില്ലാത്ത ദമ്പതിമാർ ഒരു കുഞ്ഞിനെ ഏറ്റെടുക്കാൻ വേണ്ടി ചിൽഡ്രൻസ് ഹോമിൽ എത്തി. അന്ന് കാണിച്ച കുട്ടികളിൽ എന്നെയാണ് അവർക്ക് ഇഷ്ടപ്പെട്ടത്. അന്നെനിക്ക് ആറുവയസ്സായിരുന്നു. അങ്ങനെ ചിൽഡ്രൻസ് ഹോമിൽ നിന്നും അവരുടെ കൂടെ ഞാൻ ഒരു രാജകുമാരിയെപ്പോലെ വളർന്നു. അവർ എന്നെ നന്നായി പഠിപ്പിച്ചു. എൻെറ ആരും അല്ലാത്തവർ എനിക്ക് അച്ഛനും അമ്മയുമായി. അമ്മയെന്നും അച്ഛനെന്നും വിളിക്കാൻ എനിക്ക് രണ്ടുപേർ. യാത്രയ്ക്കിടയിൽ എന്നെ കാറിൽ ഇരുത്തി അവർ റോഡ് മുറിച്ചുകടക്കുമ്പോൾ... അന്ന് ഞാൻ മനസ്സിലാക്കി പ്രിയപ്പെട്ടവർ നമ്മിൽ നിന്നും അകന്നുപോകുമ്പോഴാണ് സ്നേഹത്തിൻെറ തീക്ഷത എന്താണെന്ന് തിരിച്ചറിയുന്നത്.

വീണ്ടും ഞാൻ അനാഥയായി. റോഡുകളിൽ ഒരു നേരത്തെ അന്നത്തിനായി മറ്റുള്ളവരുടെ മുമ്പിൽ കൈനീട്ടുന്ന കുഞ്ഞുങ്ങളെ കാണുമ്പോൾ എന്റെ പഴയകാലം ഞാൻ ഓർത്തുപോകും. അവരുടെ വിശപ്പുമാറ്റാൻ ഞാൻ അവർക്ക് ആഹാരം വാങ്ങിക്കൊടുക്കും. തെരുവുകളിലെ കുഞ്ഞുങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യണം എന്നു തോന്നി ഞാൻ ഒരു ചിൽഡ്രൻസ്ഹോം അവർക്കുവേണ്ടി പണിതു. ആ കുഞ്ഞുങ്ങളെ ഞാനെന്റെ സ്വന്തമായി കണ്ടു. ഞാൻ അവരെ സ്നേഹിച്ചു. മറ്റുള്ളവർക്ക് അറിവ് പകർന്നു കൊടുക്കണം എന്നുള്ള ആഗ്രഹം മൂലമാണ് ഞാൻ ഒരു ടീച്ചറായത്.

ഒരാൾക്കുമാത്രമായി ഒരു കഥയില്ല. ജനിച്ചു വളരുന്ന നാട്ടും അവിടെയുള്ള ജനതയുമായി ബന്ധപ്പെട്ടതാണ് ഓരോ ആളുകളുടെയും കഥ. ഓരോ ജീവിതവും ഓരോ കഥയാണ്.



# വിദ്യാലയം



വർഷ പി.എസ്.

അറിവുകൾ കൊയ്യുന്ന ജീവിതയാത്രയിൽ

മിന്നമിന്നെമിന്നുമീവിദ്യാലയം!

പലപല ക്ലാസിൻപടികൾ കയറുമ്പോൾ

ധൈര്യം പകർന്നൊരു വിദ്യാലയം!

കളിച്ചും ചിരിച്ചും രസിച്ചും പോകുന്നൊരാ

നിമിഷങ്ങൾ നൽകിയ വിദ്യാലയം!

നന്മകളേറിയ വിദ്യാലയം,നല്ല-

മനസ്സുള്ളോരാക്കിയ വിദ്യാലയം!

ഓർമ്മിക്കാനെന്നെന്നും ഒത്തിരി  ഓർമ്മകൾ

കൂട്ടുകാരായ് തന്ന വിദ്യാലയം!

അറിവിന്റെപാഠം പഠിച്ചൊരു-

ഗ്രന്ഥശാലയീവിദ്യാലയം!

പണ്ടത്തെ പാട്ടിന്റെ ഈണത്തിൽ ,താളത്തിൽ

പാടിപ്പുകഴ്ത്തമീവിദ്യാലയം!

വാനോളമറിയട്ടെൻവിദ്യാലയം! എന്റെ-

ഓർമ്മയിൽ  ജീവിക്കും വിദ്യാലയം!



# ചന്ദനമരത്തിൻെറ ചിന്ത



**അശ്വതി ജി.എ.**

വളരെക്കാലം മുമ്പ്, വളരെ  വലിയ ഒരു ചന്ദനമരം കാട്ടിൽ നിന്നിരുന്നു. "ഞാനെന്തിനാണ് ഇവിടെ നിൽക്കുന്നത് ?" : ചന്ദനമരം ചോദിച്ചു.  പക്ഷേ അതിൻെറ സങ്കടം ആരും കേട്ടില്ല.  ചന്ദനമരം പിന്നെയും വളരെ കാലം അവിടെ നിന്നു.വർഷം മുഴവൻ പച്ച നിറത്തോടു കൂടിയ സൂചിപോലുള്ള പച്ചിലകൾ അതിനുണ്ടായിരുന്നു.  അതുകൊണ്ട് പക്ഷികൾ ആ മരത്തെ ഇഷ്ടപ്പെട്ടു.അവ വളരുകയും അവയ്ക്കു കുഞ്ഞുങ്ങളുണ്ടാവുകയും ചെയ്തു.  അവയെല്ലാം ആ മരത്തിൽ വസിച്ചു.

ഏകദേശം ഇരുന്നൂറ് പക്ഷി കുടുംബങ്ങൾ അതിനെ അവരുടെ വീടെന്നുകരുതി.  സൂര്യനസ്തമിക്കുമ്പോൾ കൂട്ടിലുള്ള പക്ഷികളുടെ ശബ്ദം വളരെ ഉച്ചത്തിലാകും. അതുകൊണ്ട് മാനുകൾക്ക് മരത്തിൻെറ തടിയിൽ അവയുടെ പുറം ഉരസാൻ കഴിയില്ല.

പക്ഷികളുടെ ശബ്ദം അവയുടെകാതുകൾക്ക് ക്ഷതമേൽപ്പിക്കും.

ഒരു ദിവസം ആ മരം തന്നോടുതന്നെ ഒരു ചോദ്യം ചോദിച്ചു: "ഞാനെന്തിനാണ് ഇവിടെ നിൽക്കുന്നത്? ആരെങ്കിലും എന്നെ മുറിച്ചെടുത്ത് എൻെറ തടികൊണ്ട് പത്തു വീടുകൾ നിർമ്മിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു.അങ്ങനെ എനിക്ക് പരോപകാരിയാകണം".

ഒരു കറുത്ത പക്ഷി മരത്തിൻെറ വാക്കുകൾ കേട്ടു. അവൾ നിലത്തു നിന്ന് പറന്നുയർന്ന് മരത്തിൻെറ മുകളിൽ ചെന്നിട്ട് പക്ഷികളോട് പറഞ്ഞു, "നമ്മുടെ മരം കാട്ടിൽ നിന്ന് പോകാനാഗ്രഹിക്കുന്നു." നമ്മുടെ മരം താൻ നല്ല കാര്യങ്ങൾ ചെയ്യുന്നുവെന്ന് ചിന്തിക്കുന്നില്ല. നമുക്കൊരുമിച്ച് ചേർന്ന് മരത്തോടു പറയാം, "ഇന്ന് നിങ്ങൾ ധാരാളം പക്ഷികളുടെ വീടാണ്. ദയവായി കാടുപേക്ഷിച്ച് പോകരുത് ഞങ്ങളെ വീടില്ലാത്തവരാക്കരുത്." പക്ഷികളുടെ ഈ വാക്കുകൾ കേട്ട മരംവളരെസന്തോഷിച്ചു. താനിവിടെ നിലനിൽക്കുന്നതെന്തിനാണെന്ന മരം മനസിലാക്കുകയും ചെയ്തു.

# ഞാനാര് ?



*ഗുഹപോലെന്നാൽ,കടിയ്ക്കും*
*മുറിയ്ക്കും ചവച്ചരയ്ക്കും*
*ഗ്രൈൻഡർ പോലെ,ഞാനാര് ?*

*വായ്.*

*വെള്ളത്തുണിയിലെ*
*കറുത്തപൊട്ട്,ഞാനാര് ?*
*കൃഷ്ണമണി.*

*വെയിലിലിറങ്ങും,മഴയിലിറങ്ങും*
*മിതമായാൽ ഞാൻ ചുരുളും*
*ഞാനാര് ?*

*കുട.*

*എന്നെതൊട്ടാൽ പൊള്ളില്ല*
*പറക്കുമിരിയ്ക്കും വെട്ടം കാട്ടും*

*ഞാനാര്?*

*മിന്നാമിന്നി.*

*ജലാംശത്തിൽ,മണ്ണിൽ വളരും*
*ജലത്തിൽ കിടന്നാൽ മരണം വളയും*

*ഞാനാര്?*

*മണ്ണിര.*

## ഇലപൊഴിഞ്ഞ

## ജീവിതം



അനീഷ്മ എം.എൻ

***VIII B***

ഇതെന്തൊരു കോലമാണ്? ഉയർന്ന ശിഖരങ്ങളും പേറി

നിൽക്കുന്ന പേക്കോലം. ഇടതൂർന്ന കേശഭാരം പോലെ ഇലകൾ കുളിർക്കാറ്റിൽ തുള്ളിച്ചുകൊണ്ട് സ്വർണ്ണക്കലിപ്പുള്ള വെളിച്ചത്തിൽ കുളിച്ചുനിൽക്കുന്ന മരങ്ങൾ തമ്മിൽ പറഞ്ഞു ചിരിക്കുകയായിരുന്നു. "എന്തായിരുന്നു ഗമ? കുറച്ചുയരം കൂടുതലുണ്ടായതിന്റെ അഹങ്കാരമൊക്കെ കഴിഞ്ഞല്ലോ." പറഞ്ഞതു മറ്റാരുമല്ല. കുന്നിന്റെ ചരിവിൽ വിശാലമായ സാമ്രാജ്യം പിടിച്ചടക്കിയതുപോലെ നിൽക്കുന്ന ആൽമരം.

"ശിശിരകാലമല്ലേ, ഇലകൾ പൊഴിയുകയും അതു വീണ്ടും തളിർക്കുകയും ചെയ്യും. ഇതിൽ കളിയാക്കാനെന്തിരിക്കുന്നു. നിറയെ മുടിയുണ്ടായിട്ടും മനുഷ്യരെല്ലാം വെട്ടികളഞ്ഞിട്ട് ഫാഷനെന്നു പറഞ്ഞു സന്തോഷിക്കുന്നുണ്ടല്ലോ? ഞങ്ങളുടെ ശിഖരങ്ങൾ പ്രകൃതി നിയമത്തിന്റെ ഭാഗമല്ലേ? അതു പോയതുപോലെ തിരിച്ചു വന്നു കൊള്ളും. ഇക്കാര്യത്തിൽ നിങ്ങളാരും വിഷമിക്കണ്ട. തന്നെയുമല്ല സുഖവും ദുഃഖവും ഇഴചേർന്നു ജീവിക്കുമ്പോഴാണല്ലോ ജീവിതമാകുന്നത്. തല്ക്കാലത്തെ ഈ ബുദ്ധിമുട്ടിന് ഞങ്ങൾ വേദനിക്കുന്നില്ല.": ഇത്രയും പറയാതിരിക്കുവാൻ കുന്നിൻ മുകളിൽ തലയുയർത്തി നിൽക്കുന്ന മാവ് മരത്തിനു കഴിഞ്ഞില്ല. തലയുയർത്തി തലമുടി കാറ്റിലാട്ടിക്കളിപ്പിച്ച് സുന്ദരിമാർ ചിരിച്ചു. അവർ എല്ലാവരും കളിയാക്കിത്തന്നെയാണ് ചിരിച്ചത്.

കുറച്ചുദിവസങ്ങൾ കടന്നുപോയി. ഒരു ദിവസം വല്ലാത്ത ഒരു ശബ്ദം കേൾക്കുന്നുണ്ടായിരുന്നു. എവിടെ നിന്നു കേൾക്കുന്നത് എന്ന് ഒരു പിടിയുമില്ല. മരങ്ങൾ എല്ലാം വളരെയധികം ഭയക്കുകയും വിറക്കുകയും ചെയ്തു. പൊഴിയാൻ ഇരിക്കുന്ന ഇലകൾ സ്വയം അടർന്ന് എങ്ങോട്ടെന്നില്ലാതെ പറന്നുയർന്നു. ഉണങ്ങി വരണ്ട ഇലകളും എവിടെയോ പൊങ്ങിപ്പറന്നു. വീണ്ടും വീണ്ടും മരത്തിൽ പറ്റിപ്പിടിക്കുന്നതുപോലെയാണ് അവർ ഉയർന്ന് ഉയർന്ന് പറന്നത്. പേടിച്ച് വിറച്ചു കൊണ്ട് നിലവിളിയെന്നപോലെ ചൂളമടിച്ചും വല്ലാത്ത ശബ്ദത്തിൽ മരച്ചില്ലകൾ ആടിയുലഞ്ഞു. അതാ! അലറിക്കരഞ്ഞുകൊണ്ട് ആൽമരച്ചില്ലകൾ അടർന്നു വീണു. ഭ്രാന്തുപിടിച്ച കാറ്റ് ആനയ്ക്ക് മദമിളകുന്നതുപോലെ തകർത്താടി. നിറപച്ചപ്പായി നിന്ന മരങ്ങൾ എല്ലാം ഒടിഞ്ഞും മുറിഞ്ഞും മറിഞ്ഞുവീണു. തറയിൽ വീണു കിടന്നു കൊണ്ട് അവർ കരഞ്ഞു. ആ സമയം ഇല പൊഴിഞ്ഞ മരങ്ങളിൽ ശിഖരങ്ങൾ പൊട്ടി വിടരുകയായിരുന്നു. "വിഷമങ്ങളും സുഖവും ദുഃഖവും രോഗവും ശാന്തിയും

സന്തോഷവുമെല്ലാം ജീവിതത്തിന്റെ ഭാഗമാണ്. അതിനാൽ, ആരെയും കളിയാക്കരുത്."

# അമ്മമനസ്സ്



ആശിന ബി.ജെ.

IX F

അമ്മതൻ കുഞ്ഞിളം കൈകളാലെന്നെ,
താരാട്ടുപാടിയുറക്കുംകാലം!
അക്കാലമത്രയുമമ്മതൻ വാത്സല്യം
എന്നുള്ളിൽ ഏതോ കുളിർമപോലെ!
അമ്മതൻ ചുംബനമെൻകവിളിങ്കൽ
പരിശുദ്ധമാമൊരു മുദ്രതന്നെ!

അമ്മതൻ പുഞ്ചിരിയെൻ മനസ്സിങ്കൽ
ആഹ്ളാദക്കടലായിയൊഴുകുന്നല്ലോ!
അമ്മയില്ലാത്തൊരാ മക്കൾ തൻ ജീവിതം
നിർഭാഗ്യം,മല്ലാതെയെന്തുചൊല്ലാൻ!
ഞാനൊന്നു വീണാലുടനമ്മയെൻമുമ്പേ
കണ്ണീരുതുകിയണഞ്ഞീടുന്നു!

നാളേറെയായപ്പോളമ്മയെന്നെക്കൂടാ-
തെങ്ങോമറഞ്ഞുപ്പോയ്,സങ്കടംതാൻ!
അമ്മയെയോർക്കുമ്പോളായിരംകാര്യങ്ങൾ
പറയാനെന്നുള്ളം വിതുമ്പിടുന്നു!

# വേരുകൾ തേടിയുള്ള ഒരു യാത്ര



## ന്യൂ ഹയർസെക്കൻററി സ്കൂൾ

വിൽഫ്രഡ് ഡി.ഡി.

ഗതകാല ചരിത്രത്തിലേക്കുള്ള എത്തിനോട്ടം ചരിത്രസ്മാരകങ്ങളുടെ ഉറവിടം കണ്ടെത്തുന്നതിന് ഏറെ സഹായകരമാണ്. ഒരു പ്രദേശത്തെ ജനജീവിതമാണ് ഇത്തരം അന്വേഷണങ്ങളിലൂടെ രേഖപ്പെടുന്നത്. ചരിത്രത്തിൽ ഇടം പിടിക്കാതെപോയ എത്രയോ വ്യക്തികളുടെ ജീവിതത്യാഗവും പ്രയത്നവും കൊണ്ടാണ് ഇന്നത്തെ സമൂഹം രൂപപ്പെട്ടിട്ടുള്ളത്. വരും തലമുറകൾക്കായ്, അവരുടെ സ്വപ്നങ്ങൾക്ക് അർത്ഥം നൽകുകയാണ് വേരുകൾ തേടിയുള്ള ഈ

യാത്ര.

ഏതൊരു പ്രദേശത്തിൻെറയും സ്ഥലനാമത്തിനു പിന്നിൽ ആ പ്രദേശത്തിൻെറ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കൂടി ഉണ്ടാകും. നെല്ലിമൂടിലെ നൂറ്റാണ്ടുകൾ പഴക്കമുള്ള ചന്തയിൽ ഒരു ആൽമരവും അതിൻെറ തണൽ പറ്റി ഒരു നെല്ലിമരവും ഉണ്ടായിരുന്നു. സ്ഥലനാമങ്ങളിലെ 'മൂട് ' എന്ന പ്രയോഗം വൃക്ഷങ്ങളുമായി ബന്ധപ്പെട്ടാണ് പറയുന്നത്. പണ്ടുകാലങ്ങളിൽ തണലിനായി വഴിയോരങ്ങളിൽ വൃക്ഷം നട്ടുപിടിപ്പിക്കുന്ന പതിവുണ്ടായിരുന്നു. ഈ സവിശേഷതകൾ കൊണ്ടുതന്നെയാണ് നെല്ലിമൂടിന് ഈ പേര് വരാൻ കാരണം.

അപരിഷ്കൃതമായിരുന്ന നെല്ലിമൂടിനെ പരിഷ്കാരത്തിൻെറ പടവുകളിലേക്ക് തള്ളിക്കയറ്റിയ ചില മേഖലകളിലൊന്നാണ് വിദ്യാഭ്യാസമേഖല. ഒരു നാടിൻെറ വളർച്ചയ്ക്ക് വിദ്യാസമ്പന്നരായ ഒരു കൂട്ടം ജനത അനിവാര്യമാണ്. ഒരു നാടിൻെറ നട്ടെല്ലെന്ന് 'വിദ്യാഭ്യാസ'ത്തെ സൂചിപ്പിക്കാം. നല്ലൊരു നാളേക്കു വേണ്ടി വിദ്യാസമ്പന്നരായ ഒരു കൂട്ടം ജനതയെ വാർത്തെടുക്കുന്നതിനായി ധാരാളം വിദ്യാലയങ്ങൾ നെല്ലിമൂടിൽ പ്രവർത്തിച്ചു വരുന്നു..

അതിയന്നൂർ ഗ്രാമപഞ്ചായത്തിൻെറ തെക്കുപടിഞ്ഞാറുഭാഗത്തായി കാഞ്ഞിരംകുളം, കോട്ടുകാൽ എന്നീ ഗ്രാമപഞ്ചായത്തുകൾ അതിരിട്ടു നിൽക്കുന്ന ഒരു ത്രിവേണി സംഗമഭൂമിയാണ് നെല്ലിമൂട്. വർഷങ്ങൾക്കുമുമ്പ് ഒരു കലാലയനിർമാണത്തിനുവേണ്ടി നെല്ലിമൂട് കേന്ദ്രമാക്കി P K ദേവദാസ് എന്ന സാമൂഹികപരിഷ്കർത്താവ് ' ശ്രീ ചിത്രോദയം ഇംഗ്ലീഷ്ഹൈസ്കൂൾ ' എന്ന പേരിൽ ഒരു ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ സ്ഥാപിച്ചു. P K ദേവദാസ് ചിത്രോദയം പൂന്തോട്ടത്തിൽ നട്ടുപിടിപ്പിച്ച മൂന്ന് നെല്ലിമരങ്ങൾ മാനവർക്ക് തണലേകി ഇന്നും നിലനിൽക്കുന്ന തെക്കൻ തിരുവിതാംകൂറിൽ ഇംഗ്ലീഷ് മാധ്യമമാക്കി 1925 മുതൽ 1940 വരെ ഈ സ്കൂൾ നന്നായി പ്രവർത്തിച്ചു. തുടർന്ന് പ്രത്യേക സാഹചര്യങ്ങളിൽ P K ദേവദാസ് സ്കൂളിൻെറ ഉടമസ്ഥതയും സുസ്ഥിരമായ ഭാവിയും നിലനിർത്താൻ കഴിയാതെ വന്നതിനാൽ

സ്ഥാപനത്തിൻെറ ഉടമസ്ഥത ചില ഉപാധികളോടെ കത്തോലിക്കാസഭയ്ക്കു കൈമാറി. 1950 വരെ സഭയ്ക്കു കീഴിൽ ഈ മിക്സഡ് സ്കൂൾ നന്നായി പ്രവർത്തിച്ചു.

**1950-1951** കാലഘട്ടത്തിലെ 'പനമ്പള്ളി' പദ്ധതി പ്രകാരം സ്വകാര്യസ്കൂളിലെ ഭരണപരമായ അധികാരങ്ങളും ഫീസുപിരിവും സർക്കാരിന് നൽണമെന്നുള്ള നടപടിയെ തുടർന്ന് സ്വകാര്യസ്ഥാപനങ്ങൾ അടച്ചുപൂട്ടി സമരം ചെയ്തു. മാസങ്ങളോളം വിദ്യാർത്ഥികളുടെ പഠനം മുടങ്ങി. കുട്ടികളുടെ പഠനം അവതാളത്തിലാകുമെന്ന നടപടിയെ തുടർന്ന് സർക്കാർ രക്ഷകർതൃസംഘടനങ്ങളുമായി കൂടി ആലോചന നടത്തുകയും കാഞ്ഞിരംകുളം ഗവ.യു.പി സ്കൂൾ ഒഴിപ്പിച്ചെടുത്ത് നെല്ലിമൂട് ശ്രീ ചിത്രോദയം സ്കൂളിനെ അവിടെ പ്രവർത്തിപ്പിക്കുവാനും യു.പി സ്കൂൾ വിദ്യാർഥികളെ നെല്ലിക്കാക്കുഴി യു.പി സ്കൂളിൽ ചേർത്ത് പഠിപ്പിക്കുവാനുള്ള തീരുമാനങ്ങൾ കൈകൊണ്ടു. .

തുടർന്നുള്ള സർക്കാർ തീരുമാനപ്രകാരം ചിത്രോദയം ഇംഗ്ലീഷ് ഹൈസ്കൂൾ വീണ്ടും കാഞ്ഞിരംകുളത്തുനിന്നും മാറ്റി പറിച്ചുനടപ്പെട്ടു. 1953-ൽ നാലംഗ മാനേജ്മെൻറ് കമ്മറ്റിയുടെ നേതൃത്വത്തിൽ 'ന്യൂ ഹൈസ്കൂൾ' സ്ഥാപിതമായി. ആദ്യകാല മാനേജ്മെൻറ് കമ്മറ്റി അംഗങ്ങൾ:

1.ശ്രീ. ഗോവിന്ദൻ നാടാർ

2.ശ്രീ. രാഘവൻ നാടാർ

3.ശ്രീ. ദാമോദരൻ നാടാർ

4. ശ്രീ. ചെല്ലയ്യൻ നാടാർ

മേൽപ്പറഞ്ഞവരിൽ ആദ്യ മാനേജർ ശ്രീ. ചെല്ലയ്യൻ നാടാർ ആയിരുന്നു. തുടർന്ന് 1978-ൽ ഒരു മാനേജ്മെൻറ് കമ്മറ്റി ഗവൺമെൻെറിൽ റെജിസ്റ്റർ ചെയ്യുകയും ഒരു ബൈല നിലവിൽ വരുകയും ചെയ്തു. ഈ ബൈല അനുസരിച്ചാണ് സ്കൂൾ ഇന്നും പ്രവർത്തിച്ചുപോരുന്നത്.

നെല്ലിമൂട് ന്യൂ ഹൈസ്കൂളിൻെറ ആദ്യത്തെ പ്രഥമാധ്യാപകനായി പൈങ്കുളം ദേശത്ത് ലക്ഷ്മിവിലാസം അത്തമംഗലത്തിൽ ശ്രീ. കെ സ്വാമിനാഥനെ നിയമിച്ചു. ഈ സ്കൂളിലെ പ്രഥമവിദ്യാർഥി കോട്ടുകാൽ വില്ലേജിൽ ആർ

കുഞ്ഞിയുടെ മകനായ പൂവൻതറ വീട്ടിലെ എം. പത്രോസ് ആയിരുന്നു. ശ്രീ. ഗോവിന്ദൻ നാടാരെ പ്രതിനിധാനം ചെയ്ത ശ്രീ. മധുസൂദനൻ മാനേജരായി വന്നു. എന്നാൽ അദ്ദേഹത്തിൻെറ അകാലനിര്യാണത്തിൽ സഹോദരൻ ശ്രീ. വിദ്യാധരൻ മാനേജരായി.

ശ്രീ. രാഘവൻ നാടാരുടെ നിര്യാണത്തോടെ മകൻ അഡ്വ: ശ്രീ. വസന്തമോഹനനും, ശ്രീ. ദാമോദരൻ നാടാരുടെ നിര്യാണത്തോടെ 1981-ൽ മകൻ ശ്രീ. വിജയകുമാറും (അപ്പുകുട്ടൻ), ശ്രീ. ചെല്ലയ്യൻ നാടാരുടെ സഹോദരൻ ശ്രീ. ഭാർഗ്ഗവൻ നാടാരും അദ്ദേഹത്തിൻെറ നിര്യാണത്തെ തുടർന്ന് മകൻ ശ്രീ. ജയകുമാറും മാനേജ്മെൻറ് കമ്മറ്റിയിൽ അംഗങ്ങളായി ചുമതലയേറ്റ് വിജയകരമായി പ്രവർത്തിച്ചുവരുന്നു. കേരളനിയമസഭയിലെ മുൻ മന്ത്രിയായ ഡോ. നീലലോഹിതദാസൻ നാടാർ, യു.എസ്. എയിലെ എഞ്ചിനീയറായിരുന്ന ശ്രീ. മധുനായർ, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സീനിയർ സർജൻ ആയി സേവനം അനുഷ്ഠിച്ചിരുന്ന ഡോ. സുന്ദരൻ, അന്തരിച്ച അസി. എക്സി. എഞ്ചിനീയർ സുകുമാരൻ കെ. പി. എന്നിവൻ ഈ സ്കൂളിലെ പൂർവ വിദ്യാർഥികളാണ്.

1998-ൽ ഇത് ഹയർസെക്കൻററി സ്കൂളായി. അതിയന്നൂർ പഞ്ചായത്തിലെ ഏക എയ്ഡഡ് ഹയർസെക്കൻററി സ്കൂളാണ് ഇത്. ഹയർസെക്കൻററി വിഭാഗത്തിൽ ഒന്നും രണ്ടും വർഷത്തെ വിദ്യാർഥികളുടെ എണ്ണം 600 ആണ്. 2015 – മാർച്ചിൽ പരീക്ഷ എഴുതിയ 730 വിദ്യാർഥികളിൽ 730 വിദ്യാർഥികളും വിജയം കൈവരിക്കാൻ സാധിച്ചു. പതിനഞ്ചു വർഷം തുടർച്ചയായി സബ്ജില്ലാ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം ഓവറാൾ ചാമ്പ്യൻഷിപ്പ് നിലനിർത്തി. കൂടാതെ മൂന്ന് വർഷം തുടർച്ചയായി ദക്ഷിണ ഇന്ത്യൻ ശാസ്ത്രമേളയിൽ പങ്കെടുക്കുവാൻ സാധിച്ചു. 2018 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി പരീക്ഷയിൽ 713 വിദ്യാർഥികൾ പരീക്ഷ എഴുതിയതിൽ 710 വിദ്യാർഥികൾ വിജയിക്കുകയും അതിൽ 71 കുട്ടികൾക്ക് എല്ലാ

വിഷയത്തിനും A+ലഭിക്കുകയും ചെയ്തു. 2018 – 2019 അധ്യയന വർഷത്തിൽ ഹൈസ്കൂൾ, യു.പി വിഭാഗങ്ങളിലായി 3324 കുട്ടികൾ അധ്യയനം നടത്തുന്നു. (2210 ആൺകുട്ടികളും 1114 പെൺകുട്ടികളും) 2018 – 2020 കാലഘട്ടത്തിലെ മാനേജരായി അഡ്വ. ശ്രീ. വസന്തമോഹനനും, പ്രിൻസിപ്പലായി ശ്രീമതി. വി.എം. ക്രിസ്റ്റിബായിയും ഹെഡ്മാസ്റ്ററായി ശ്രീ.സുനിൽപ്രഭാനന്ദലാലും സേവനം അനുഷ്ഠിക്കുന്നു.

# *വിരഹം*





**ഷിജില എക്സ് എസ്**

ഒരു ഖഡ്ഗമെന്നുള്ളു തുളയ്ക്കുന്ന വേദന!
ഒരു നൂറുമുള്ളെന്നിൽ കുത്തുന്ന വേദന!

നിന്നഭാവത്തിലനുഭവിക്കുന്നു സഖീ, ഞാൻ
വിരഹം തന്നൊടുങ്ങാത്ത വേദന!

ഒരു ചില്ലയിൽ കൊക്കുരുമ്മും രണ്ടിണക്കിളികൾപോൽ,
ഒരു ചെറുനാമ്പിൻതുമ്പിലെ രണ്ടുപച്ചിലകൾപോൽ,
ഒരു മരച്ചോട്ടിൽ കൈകോർത്തിരുന്നു നാം;
എന്നുമതിന്നായാഗ്രഹിച്ചവർ നാം!

പ്രണയത്തിൻ കുളിർമഴ നനഞ്ഞു നാം,
പരസ്പരം തണലായ് മാറി നാം,
അടുക്കുമ്പോൾ ഹിമം പോലലിയിക്കും പ്രണയത്തിൻ
മറുമുഖമിന്നു ദർശിക്കുന്നു,ഞാൻ!

നീയില്ലാതെനിക്കില്ല മണ്ണിലൊരുവാസം,
നീയില്ലാതെനിക്കില്ലൊരു ജീവിതം.
ജീവിക്കുന്നു ഞാനിപ്പോളേകനായി,
മൂകനായ് നിന്നഭാവത്തിലിവിടെ!

വെറുക്കുന്നു, ഞാനീ ലോകം;
വെറുക്കുന്നു, ഞാനീ ജീവിതം.
ആഗ്രഹിക്കുന്നു നിന്നരികിലെത്തുവാ-
നാഗ്രഹിക്കുന്നു നിന്നിലലിയുവാൻ!

# രക്തസാക്ഷിത്വം



അനഘ.എസ് ആനന്ദ്

ഒരു കാലൊച്ചയ്ക്കായി കാത്തിരുന്ന അവളുടെ ഹൃദയസ്പന്ദനം ദേശസ്നേഹമുള്ളവന് കേൾക്കുവാൻ കഴിയും. തലയ്ക്ക് മുകളിലൂടെ ഇരമ്പിപ്പായുന്ന പോർവിമാനങ്ങൾക്കും കാലിനു കീഴെ ഒളിച്ചിരിക്കുന്ന കുഴിബോംബുകൾക്കും നടുവിൽ തെല്ലൊരു നടുക്കത്തോടെ അവൾ ഇരുന്നു. ശത്രുസൈന്യത്തിൻെ ഗന്ധം

അവളിൽ ഭീതി പരത്തി.ഒട്ടിയ കവിളുമായി വിശന്നുതളർന്ന ആ പത്തുവയസ്സുകാരി കടന്നുവന്നത് ദേശസ്നേഹത്തിൻെറ വഴിത്താരകളിലൂടെയാണ്. പിറന്നുവീണ മണ്ണിന് വേണ്ടിയുള്ള ഒറ്റയാൾ സമരമല്ലിത്. അതിർത്തിയിൽ പാക് സൈന്യത്തിൻെ വെടിവയ്പ്പിൽ രക്തസാക്ഷിയായ ധീരജവാൻ നവീൻ ധാരക്കിൻെ മകൾ. പിതാവിനെ ജീവനുതുല്യം സ്നേഹിച്ച അവൾക്ക് അമ്മയെ ചെറുപ്രായത്തിൽ തന്നെ നഷ്ടപ്പെട്ടു. പെട്ടെന്ന് ഒരു ഉറക്കത്തിൽ നിന്നെന്നപോലെ ഉണർന്നു. അവൾ ഒരു പുസ്തകം മാറോടണച്ചുപിടിച്ചു. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. കത്തിക്കരിയുന്ന കുടലുമായി അലയേണ്ടി വന്നതിലല്ല പിതാവിൻെറ വേർപാടിനെ അവൾക്ക് അതിജീവിക്കാനായില്ല. കുടിലിന് മുന്നിലെ പൊടിപടലങ്ങൾ കണ്ടപ്പോൾ അവൾക്കുമനസ്സിലായി താനും പിടിക്കപ്പെടുകയാണെന്ന്. അവളുടെ ഊഹം ശരിയായി. ശത്രു സൈന്യം അകത്തേക്ക് ഇരമ്പിയെത്തി. തോക്കുചൂണ്ടി കൈയുയർത്താൻ ആജ്ഞാപിച്ചു.അവൾ നിർഭയം കൈയുയർത്തി. അവളോട് പുസ്തകം നല്കാൻ ആവശ്യപ്പെട്ടു. അവൾ നല്കിയില്ല. കൈയിലുണ്ടായിരുന്ന ഒരുപിടി മണ്ണ് അവൾ സൈനികഉദ്യോഗസ്ഥൻെ മുഖത്തേക്ക് എറിഞ്ഞു. ഉടൻ വെടിയൊച്ചകൾ കേട്ടു. 5 മിനിറ്റ് നീണ്ടുനിന്ന വെടിവയ്പ്പിനുശേഷം നോക്കിയപ്പോൾ രക്തത്തിൽ കുളിച്ചുകിടക്കുന്ന ധീരജവാൻെറ പുത്രിയുടെ നിശ്ചലശരീരം. അപ്പോഴും പിതാവിൻെറ ചിത്രമുള്ള ആ പുസ്തകം അവൾ നെഞ്ചോട് ചേർത്തുപിടിച്ചിരുന്നു.

## പഴഞ്ചൊല്ലുകൾ

പല സന്ദർഭങ്ങളിലായ് നമ്മുടെ പൂർവികരുടെ നാവിൻതുമ്പിൽ നിന്ന് ഉപദേശമായും സാമാന്യ തത്വമായും ഊർന്നു വീണ മൊഴിമുത്തുകളാണ് പഴഞ്ചൊല്ലുകൾ. തലമുറ തലമുറയായി കൈമാറി പോരുന്ന മൊഴുമുത്തുകളാണവ.

* അകലത്തെ ബന്ധുവിനേക്കാൾ അരികത്തെ ശത്രു നല്ലത്.

(പെട്ടെന്നുണ്ടാകുന്ന വിഷമഘട്ടങ്ങളിൽ സഹായിക്കുവാൻ അകലെയുള്ള ബന്ധുവിന് സാധിക്കുകയില്ല. അതിനുതകുന്നത്, ശത്രുവായാൽ പോലും,

അടുത്തുള്ളവനാണ്.)
* അങ്ങാടിയിൽ തോറ്റതിന് അമ്മയോട്.
(വേണ്ടിടത്തു വേണ്ടവണ്ണം പ്രവർത്തിക്കാതെ അനവസരത്തിൽ അസ്ഥാനത്തുള്ള പ്രയോഗം.)
* അടയ്ക്കയാണേൽ മടിയിൽ വയ്ക്കാം അടയ്ക്കാമരമായാലോ.
(കുട്ടിക്കാലത്ത് ആരെയും നിയന്ത്രിക്കാം; വളർന്ന വലുതായാലോ?)
* അടിതെറ്റിയാൽ ആനയും വീഴും.
(നിസാര ജന്തുക്കളുടെ കാര്യം പിന്നെ പറയാനുണ്ടോ?)
* അണ്ണാൻകുഞ്ഞും തന്നാലായത്.
( കഴിവിനനുസരിച്ചുള്ള സേവനം.)
* അമ്മയ്ക്കു പ്രാണവേദന മകൾക്കു വീണ വായന.
(വിരുദ്ധവും അനുചിതവുമായ സ്വഭാവവിശേഷങ്ങൾ.)
* അകത്തു കത്തിയും പുറത്തു പത്തിയും.
(ഉള്ളിൽ വെറുപ്പും പുറമേ സ്നേഹവും കാണിക്കുന്ന സ്വഭാവം)
* ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ.
(വമ്പൻ ക്ഷീണിച്ചാലും ഒരു പരിധി വിട്ടാകില്ല.)
* ആറ്റിൽ കളഞ്ഞാലും അളന്നു കളയണം.
(കണക്കു കണക്കായിരിക്കണം.ലാഭം മാത്രമല്ല, നഷ്ടവും നിശ്ചിതമായിരിക്കണം.)
* ആളേറിയാൽ പാമ്പു ചാകില്ല.

* അധികം കൂവുന്ന കോഴി അല്പമേ മുട്ടയിടൂ.
(വാചാലന്മാർക്കു പ്രവൃത്തിസാമർത്ഥ്യം കുറയും.)

# അങ്ങനെ ഒരു ഡിജിറ്റൽ ലൈഫ്



*അനിലാഷെറീൻ*

ഒരു പനി വേണ്ടിവന്നു അവനാകെ മാറാൻ.എന്നും തറയിൽ തൊടാതെ ഓട്ടമല്ലേ?

ഭയങ്കര ശരീരവേദന. കാലുകൾ പലപ്രാവശ്യം മുന്നോട്ടു വച്ചു. ഇല്ല പറ്റുന്നില്ല.ശരീരത്തിന് ഒരു ഭാരക്കുറവ്.വീണുപോകുമെന്ന് തോന്നി. ഒരു വിധം റൂമിലെത്തി തലയിണയിലും ബെഡിലുമായി ശരീരം അമർന്നു. ഒരാശ്വാസം. കണ്ണുകളടച്ചു. മനസ്സിൻെറ ചൂട് ഒന്നു കുറഞ്ഞു. കണ്ണുകൾ മെല്ലെ തുറന്ന് ചുമരിലെ ക്ലോക്കിലേക്ക് ഒന്നു നോക്കി. സമയം 9.15.വർഷങ്ങൾക്കുശേഷം എൻെറ മുറിയിൽ രാത്രിയിൽ ഈ സമയത്ത്. ജീവിക്കാനുള്ള മനുഷ്യൻെറ നെട്ടോട്ടം....

പഠനകാലത്ത് അതിനെ മറന്ന് മിക്കദിവസങ്ങളിലും ഞാൻ ഈ സമയത്ത് ഉറങ്ങി സുഖിച്ചിരുന്നു. കാലം മാറിയപ്പോൾ എൻെറ സമയമെല്ലാം വാട്ട്സാപ്പും ഫേസ്ബുക്കും കവർന്നെടുത്തു. ഫോട്ടോയ്ക്കും ലേഖനങ്ങൾക്കും ലൈക്ക് അടിക്കാനും കമൻറ്എഴുതാനും 24 മണിക്കൂർ തികയാതെയായി. ഇതിനിടെ കൃത്യനിഷ്ഠയോടെ ജീവിതചര്യകൾ കൊണ്ടുപോകാൻ മറന്നിരിക്കുന്നു. മനസ്സിനും ശരീരത്തിനുമുണ്ടായ യാന്ത്രികത പനിയായി എന്നെ തേടിയെത്തി. ഇല്ല... എനിക്ക് മാറണം... മാറിയെ പറ്റൂ... എനിയ്ക്കുവേണ്ടി, എൻെ കുടുംബത്തിനുവേണ്ടി, എൻെറ സമൂഹത്തിനുവേണ്ടി... നാട്ടുകാരുടെ ആ പഴയ ചങ്ങാതി ആകണം. വീട്ടുകാരുടെ പഴയ കണ്ണിലുണ്ണി ആകണം. തിരക്കുകൾ മനഃപ്പൂർവ്വം മാറ്റിവെയ്ക്കണം... മധുരമായ സ്വപ്നങ്ങൾ മനസ്സിൽ താലോലിച്ച് അവൻ നിദ്രയെ തേടിയിറങ്ങി.

'Early to bed,Early to rise'എന്ന് പണ്ട് ടീച്ചർ പഠിപ്പിച്ചതിൻെറ പൊരുൾ അന്നത്തെ പ്രഭാതം അവന് സമ്മാനിച്ചു. മുഖം കഴുകി, മനസ്സിൻെറ തണുപ്പ് അവൻെറ കണ്ണുകൾക്കും കുളിരായി. ടിവിയുടെ റിമോട്ട് ഓൺ ആക്കുന്നതിന് പകരം പൂജാ മുറിയിലെത്തി പ്രാർത്ഥിച്ചു. എന്താ ഒരു പ്രസരിപ്പ്? എന്തിനാ ഞാൻ ഇത് വർഷങ്ങളോളം നഷ്ടപ്പെടുത്തിയത്?

റബ്ബർ വെട്ടാൻ വരുന്ന വെല്യസ്സി ചേട്ടനെയും പാൽ

എടുക്കാൻ വരുന്ന അമ്മൂമ്മയെയും വർഷങ്ങൾക്കുശേഷം അവൻ കണ്ടു. പക്ഷേ പ്രഭാതത്തിന് പഴയ കുളിരില്ലല്ലോ? കിളിയുടെ ചിലപ്പും അണ്ണാൻെറ ചിൽ -ചിൽ ശബ്ദവും അപ്രത്യക്ഷമായിരിക്കുന്നു. തന്നെപ്പോലെ പ്രകൃതിയും മാറിയിരിക്കുന്നു...

അയൽപക്കത്തെ ബൈജുവിനോട് നാട്ടുവർത്തമാനം പറയാമെന്ന് വച്ച് ഗേറ്റിനടുത്തെത്തി. വർത്തമാനം തുടങ്ങിയതും അവൻെറ മൊബൈൽ ശബ്ദിച്ചു. ഇടത്തേ കൈകൊണ്ട് ഓകെ ബൈ കാണിച്ച് കാർസ്റ്റാർട്ട് ചെയ്ത് അവൻ പോയി...

എടീ, ചായ ആയോ? ഭാര്യയെ കാണാൻ അടുക്കളയിലെത്തി. ഹെഡ്ഫോൺ തിരുകികൊണ്ടാണ് അവളുടെയും നിൽപ്പ്. ആംഗ്യം കാണിച്ചതിനാൽ ചായ കിട്ടി.

മൂത്തമകളുടെ അടുത്തെത്തി. ടെക്കി ആയ അവൾക്ക് അച്ഛൻെ മുഖത്ത് നോക്കാൻ സമയമില്ല. അച്ഛനേക്കാൾ ലാപ്പ്ടോപ്പിനോടാണ് സ്നേഹം. ഇന്ന് തന്നെ കംപ്ലീറ്റ് ചെയ്യേണ്ട വർക്ക് ഉണ്ടത്രേ.

ഇളയമകൾ സ്കൂളിൽ പോകുന്നതിന് മുമ്പ് ഒരു വീഡിയോ ഗെയിം കൂടി കളിക്കാനുള്ള തിരക്കിലായിരുന്നു. അനിയനോട് കളി പറഞ്ഞിട്ട് എത്ര കാലമായി? പക്ഷേ അവനും ഡി.ജെ ബോക്സിലെ താളത്തിനൊത്ത് ബോഡി ബിൽഡിങ് നടത്തുകയാണ്. ഒരു ഹായ് തന്നെ അവൻെ പക്കൽ നിന്ന് കിട്ടിയത് ആശ്വാസം...

ഇനി അഭയം അമ്മ തന്നെ. സമയം പോകാൻ ഇന്നിനി വേറെ വഴിയില്ലല്ലോ? വർഷങ്ങൾക്കുശേഷം അമ്മയോട് കത്തിവെയ്ക്കാൻ തീരുമാനിച്ചു. മുറിയിലെത്തിയ അവൻ ശരിക്കും ഞെട്ടി. അമ്മയും ഹൈടെക് ആയിരിക്കുന്നു. ഹോട്ട്സ്റ്റാറിൽ കസ്തൂരിമാൻ സീരിയലിൻെറ നഷ്ടപ്പെട്ട എപ്പിസോഡ് വീണ്ടെടുത്ത് കഥ പൂർത്തിയാക്കാനുള്ള ശ്രമത്തിലായിരുന്നു അമ്മ. അമ്മമാർക്കുപോലും മക്കളെ വേണ്ടാത്ത കാലം...

സൈക്കിളിൽ കണ്ണേട്ടൻെറ കടയിലെത്തി പഴം വാങ്ങിയിരുന്ന

കാലം ഓർത്തു. അങ്ങോട്ട് വിട്ടാലോ? അവിടെയെത്തിയ അവൻ അന്തംവിട്ടു. കണ്ണേട്ടൻസ് മാർജിൻ ഫ്രീ സൂപ്പർമാർക്കറ്റ്. പഴം വാങ്ങിയാലും ബില്ല് കിട്ടാൻ കാത്തു നിൽക്കേണ്ട അവസ്ഥ...

ആകെ മടുത്തു. കൂടുതൽ അസ്വസ്ഥനായി. കുഞ്ഞുനാളിൽ പനിവരുമ്പോൾ അമ്മയുടെ മടിയിൽ പനിക്കാപ്പിയും കുടിച്ച് മടിപിടിച്ച് കിടന്ന കാലം... അതെ എല്ലാം അന്യമായി... ആർക്കും ആരോടും സ്നേഹമില്ലാത്ത കാലം. ക്ഷണികമായ മാനുഷികബന്ധങ്ങൾ...

ഇനി എങ്ങനെ എന്റെ സമയം തള്ളി നീക്കും? അവർ തന്നെ എന്റെയും അഭയം... എന്റെ ലാപ്പ്ടോപ്പ്, എന്റെ സ്മാർട്ട് ഫോൺ.

# സമയം തക്കത്തിൽ ഉപയോഗിക്കുക



*പ്രജ്ജല പി.എ. 7E*

ഒരിക്കൽ ജഗളു എന്ന ഒരു കുരങ്ങൻ തൻെറ കൂട്ടുകരോട് കളിക്കുകയായിരുന്നു. അപ്പോഴതാ വരുന്നു കാട്ടിലെ പ്രധാന അദ്ധ്യാപകൻ. അതാരാണ്? സാക്ഷാൽ കരടിച്ചൻ തന്നെ. കരടിച്ചൻ അടുക്കൽ വന്നു തൻെറ കുട്ടികൾ കളിക്കുന്നതു കണ്ട് സന്തോഷത്തോടെ നോക്കി നിന്നു. എന്നിട്ട് കുട്ടികളോട് ചോദിച്ചു. “നിങ്ങൾ ഒരുപാടുനേരമായി കളിക്കുകയാണല്ലോ? കളിക്കുന്നതിന് ഒരു നിശ്ചിത സമയം വച്ചിട്ടില്ലേ ?” നിശ്ചിത സമയമോ ? “അതേ, എല്ലാറ്റിനും ഓരോ സമയം ഉണ്ട്. അത് തക്കത്തിൽ ഉപയോഗിക്കണം "അതെന്താണു സാർ, ഞങ്ങൾക്ക് പറഞ്ഞു തരാമോ" ശരി, പറഞ്ഞു തരാം. അതിനു മുമ്പേ ഞാൻ ഒരു കളി നിങ്ങൾക്കു തരാം. അത് ചെയ്യാമോ ?” “ ചെയ്യാം. പറഞ്ഞാലും.” “ ശരി, എന്നാൽ നിങ്ങൾ ആ കാണുന്ന കുളത്തിലെ വെള്ളം മുഴുവനും കോരി ദാ....... ആ കാണുന്ന വെള്ളം ഇല്ലാത്ത കുളത്തിൽ നിറയ്ക്കണം. പക്ഷേ ഞാൻ അതിന് നിങ്ങൾക്കു തരുന്ന സമയം മൂന്ന് മണിക്കൂർ മാത്രമാണ്. തക്കസമയത്ത് നിങ്ങളുടെ ബുദ്ധി ഉപയോഗിച്ച് അത് ചെയ്തു കൊളളൂ. “ശരി ,ഞങ്ങൾ ചെയ്യാം”. എന്നാൽ ആരംഭിക്കൂ. അവർ വെള്ളം കോരുവാൻ തുടങ്ങി. ഒരാൾ ഇലകൾ കോട്ടി വെള്ളം എടുത്തു ഒരാൾ വലിയ പാത്രത്തിൽ വെള്ളം എടുത്തു. അങ്ങനെ അതി വേഗം ജോലി നടക്കുകയായിരുന്നു. അപ്പോഴാണ് അദ്ധ്യാപകൻ ഒർമമിപ്പിച്ചത്” കുട്ടികളെ നിങ്ങൾ നന്നായി അദ്ധ്വാനിക്കുന്നുണ്ട് പക്ഷേ, ഇത് മറ്റുള്ളവർക്ക് നാശമോ, ദോഷമോ ഉണ്ടാക്കരുത്. അത് നിങ്ങൾ ശ്രദ്ധിക്കണം. ഇനി നിങ്ങളുടെ മുമ്പിൽ ഒരു മണിക്കൂർ മാത്രമേ സമയമുള്ളൂ. അതിനെന്താ, നോക്കൂ സാർ, ഞങ്ങൾക്ക് അങ്ങ് മൂന്ന് മണിക്കൂർ സമയം തന്നു. ഞങ്ങൾ മൂന്നുമണിക്കൂർ കൊണ്ട് എല്ലാ വെള്ളവും കോരി അപ്പുറത്തെ കുളത്തിൽ നിറച്ചു കഴിഞ്ഞു. പിന്നെന്താ അങ്ങ് ഇനി സമയം ഇല്ലാ എന്ന് പറഞ്ഞത്? ശരി നിങ്ങളാകെ ക്ഷീണിച്ചിരിക്കുന്നു അല്ലേ? അതേ ഞങ്ങൾ നന്നേ ക്ഷീണിച്ചു. എന്നാലും ഞങ്ങൾ അങ്ങ് പറഞ്ഞജോലി ചെയ്തുതീർത്തല്ലോ? ശരിയാണ് ചെയ്യുന്ന പ്രവൃത്തികൊണ്ട് മറ്റുള്ളവർക്ക് നാശമോ ദോഷമോ വരുത്തുവാൻ പാടില്ല എന്ന് അല്ലേ? പക്ഷേ നിങ്ങൾ കോരിവറ്റിച്ച ആ കുളത്തിൽ മത്സ്യങ്ങൾ കിടന്ന് പിടയ്ക്കുന്നത് നോക്കൂ..... നിങ്ങളെന്തേ അതിനെ സംരക്ഷിക്കാത്തത്? ഞങ്ങൾ ഇപ്പോൾ ചെയ്യാം അവർ ഓടിപ്പോയി. അപ്പോഴാണ് കുട്ടികൾ ആലോചിച്ചത്. അയ്യോ സാർ ഞങ്ങൾക്ക് ഇനി ചെയ്യുവാൻ സമയം ഇല്ലല്ലോ ശരിയാണ്

നിങ്ങൾക്ക് ഇനി സമയം ഇല്ല എങ്കിലും നിങ്ങൾ ആ മത്സ്യങ്ങളെ പിടിച്ച് ആ കുളത്തിൽ ഇടൂ. ശരി. അങ്ങനെ ആ കുട്ടികൾ മത്സ്യങ്ങളെ പിടിച്ച് അടുത്ത കുളത്തിൽ ഇട്ട് അവയെ രക്ഷിച്ചു. അദ്ധ്യാപകൻ നോക്കുമ്പോൾ എല്ലാ കുട്ടികളും നന്നേ ക്ഷീണിച്ചിരിക്കുന്നു. കുട്ടികളെ ഇപ്പോൾ നോക്കൂ. നിങ്ങൾക്ക് മൂന്ന് മണിക്കൂർ സമയം തന്നു. പക്ഷേ നിങ്ങൾ സമയം തക്കത്തിൽ ഉപയോഗിച്ച് വെള്ളം കോരുമ്പോൾ തന്നെ ഒരോ മത്സ്യത്തെ കൂടെ പിടിച്ചിരുന്നെങ്കിൽ നിങ്ങൾക്ക് സമയം നഷ്ടമാകില്ലായിരുന്നു. ഇതുപോലെയാണ് ജീവിതവും. നാം കളിക്കാൻ സമയം ചെലവഴിക്കുന്നതുപോലെ പഠിക്കാനും സമയം കണ്ടെത്തണം. അല്ലെങ്കിൽ പഠിക്കുവാനുള്ളത് കൃത്യമായി പഠിക്കാൻ സാധിക്കാതെ വരും. അതിനാൽ കിട്ടുന്ന സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ.

# മാന്യന്റെ തനിരൂപം



Jishnu.S *9 E*

ഒരിടത്ത് സൂഫി എന്ന ഒരു ചെറുപ്പക്കാരൻ ഉണ്ടായിരുന്നു. നാട്ടിൽ എല്ലാവരുടേയും മുന്നിൽ നിലയും, വിലയും ഉള്ള ഒരാളായിരുന്നു സൂഫി. ആ നാട്ടിൽ വൈദ്യനായിരുന്നു അദ്ദേഹം. എന്നാൽ വൈദ്യചികിത്സയെക്കുറിച്ചുള്ള വിജ്ഞാനമോ, യാതൊരു അറിവോ, അദ്ദേഹത്തിനില്ലായിരുന്നു. രാജാവ് പലപ്രാവശ്യവും, സൂഫിയെക്കുറിച്ചുള്ള നല്ല വാർത്തകൾ അറിഞ്ഞു. രാജാവിന് സൂഫിയെ കാണണമെന്ന് ആഗ്രഹം തോന്നി. അദ്ദേഹം ആളെ അയച്ച് അദ്ദേഹത്തെ കൊട്ടാരത്തിലേക്ക് ക്ഷണിച്ചു. എന്നാൽ കൊട്ടാരമന്ത്രിക്ക് സൂഫി വരുന്നതിൽ അത്ര താൽപര്യം ഇല്ലായിരുന്നു. കാരണം കുറച്ച് വർഷങ്ങൾക്കു മുൻപ് മന്ത്രിയും സൂഫിയും ചങ്ങാതിമാരായിരുന്നു. അദ്ദേഹം വൈദ്യൻ അല്ലെന്ന് മന്ത്രിക്ക് അറിയാമായിരുന്നു. ഈ കാര്യം മന്ത്രി രാജാവിനെ അറിയിക്കുവാൻ ശ്രമിച്ചപ്പോഴൊക്കെ അദ്ദേഹം മന്ത്രിയോട് കുപിതനാവുകയാണ് ചെയ്തത്. എന്നാൽ മന്ത്രിയുടെ അഭ്യർത്ഥന പ്രകാരം സൂഫിയുടെ തട്ടിപ്പ് തെളിയിക്കുന്നതിനുള്ള അവസരം രാജാവ് മന്ത്രിക്ക് നൽകി.

അങ്ങനെ രാജാവ് ക്ഷണിച്ച ദിവസം സൂഫി കൊട്ടാരത്തിൽ എത്തി. സൂഫി കൊട്ടാരത്തിലെ വാതിൽക്കൽ എത്തിയതും മന്ത്രി ബോധരഹിതനായി നിലം പതിച്ചു. സൂഫിയോട് മന്ത്രിയെ പരിശോധിക്കാൻ രാജാവ് ആജ്ഞാപിച്ചു. സൂഫി അൽപ്പം വെള്ളമെടുത്ത് മന്ത്രിയുടെ മുഖത്ത് തളിച്ചു. എന്നിട്ടും മന്ത്രിക്ക്

ഒരനക്കവും ഉണ്ടായിരുന്നില്ല. കുറച്ച് നേരം സൂഫി നിശബ്ദനായി നിന്നശേഷം മന്ത്രി മരിച്ചു പോയി എന്ന് രാജാവിനോട് പറഞ്ഞു. ഇതും പറഞ്ഞ് തിരിഞ്ഞു നോക്കിയപ്പോൾ തന്റെ പിറകിൽ നിൽക്കുന്ന മന്ത്രിയേയാണ് സൂഫി കണ്ടത്. സൂഫി അതിശയിച്ചു നിന്നു. രാജാവ് മന്ത്രിക്ക് അൻപത് സ്വർണ്ണനാണയം സമ്മാനമായി നൽകുകയും, സൂഫിക്ക് നൂറ് ചാട്ടവാറടി ശിക്ഷയായി വിധിക്കുകയും ചെയ്തു. തിരിച്ചു ഗ്രാമത്തിലെത്തിയ സൂഫിയെ നാട്ടുകാർ തട്ടിപ്പ് വൈദ്യൻ! എന്ന് മുദ്ര കുത്തുകയും സൂഫിയെ പൊതിരെ തല്ലുകയും ചെയ്തു.

# സൗന്ദര്യം



അജിതാറാണി ബി. എസ്.IX F

എന്തിനോവേണ്ടിയലയുന്ന ഞാൻ,
എന്തിനോവേണ്ടി വീർപ്പുമുട്ടുന്നു!
പാലൊഴുക്കുന്ന പൂനിലാവിങ്കൽ
പളുങ്കുമണികൾ ചിതറുന്ന രാത്രിയിൽ
ആയിരം നക്ഷത്രങ്ങളെ കാണുമ്പോൾ
മനം തുടിയ്ക്കുന്നതാണെൻ സൗന്ദര്യം!
ചന്ദ്രനൊളിയാൽ പൂരിതമാകും
പുണ്യമീപ്രപഞ്ചസൗന്ദര്യം!
പൂക്കളെയും പൂമരങ്ങളെയും സ്നേഹമായ്
തലോടുന്ന കാറ്റാണ് സൗന്ദര്യം!

# നിറം മങ്ങിയ ഋുവൽ



ഐന അൽ നൂറ *VIII B*

ഫ്ളാറ്റിൻെറ ഡോർ തുറന്ന് അശ്വതി എത്തിയത് വളരെ തളർന്നാണ്. നഗരജീവിതം അവളിൽ മടുപ്പുണ്ടാക്കി കഴിഞ്ഞു. ക്ഷീണിച്ച വന്ന അശ്വതി പെട്ടെന്ന് സോഫയിൽ തളർന്ന് ഇരുന്നു. ഒരു ഇളം കാറ്റ് അവളെ ഉറക്കത്തിലേക്ക് നയിച്ചു. ഗ്രാമത്തിലാണ് അശ്വതി ജനിച്ച വളർന്നത്.അമ്മയില്ലാത്ത കുട്ടിയാണവൾ. അച്ഛനാണ് അവളുടെ എല്ലാം. ഗ്രാമത്തിൽ നിന്നവളെ നഗരത്തിലേക്ക് പറിച്ചനട്ടത് അവളുടെ വിവാഹമാണ്. അച്ഛനെ പിരിഞ്ഞ് അവൾക്ക് ജീവിക്കാൻ പറ്റില്ല.

പക്ഷെ ഇപ്പോൾ നാട്ടിൽ പോയിട്ട് മാസങ്ങളായി. ഉറക്കത്തിലെ ഒരു മനോഹര സ്വപ്നമായി അവളുടെ വർണ്ണാഭമായ ബാല്യം ചിറകുയർത്തി പറന്നു. അച്ഛാ! അവളുടെ കിളികൊഞ്ചലിനൊപ്പം പാദസരങ്ങളും എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. അച്ഛൻെറ തണലിൽ കഴിഞ്ഞക്കാലം എന്ത് മനോഹരമായിരുന്നു. പക്ഷെ, ഇന്ന് ഒരു ഫോൺ- കോളിൽ അപ്പുറം അച്ഛൻ ഒരു ഓർമ്മ മാത്രം. അച്ഛൻ എന്തു ചെയ്യുകയായിരിക്കും? അച്ഛന് സുഖം തന്നെയാണോ? ചിന്തകൾ പെരുകും തോറും അവളുടെ കണ്ണിൽ നിന്നും കണ്ണുനീർ പൊഴിയുന്നുണ്ടായിരുന്നു. അവൾ മനസ്സുകൊണ്ട് എവിടെയോ അച്ഛനെത്തേടി. മനസ്സാകെ ഒരു വേദന. അച്ഛനുവേണ്ടി താൻ ഇതുവരെ ഒന്നും ചെയ്തിട്ടില്ല എന്നവൾക്ക് തോന്നി. പെട്ടെന്നവൾ ഉറക്കത്തിൽ നിന്ന് ഞെട്ടിയുണർന്നു.

അവളാകെ വിയർത്തിരുന്നു. വിയർപ്പ് തുടയ്ക്കുമ്പോഴും കണ്ണുനീർ ഒഴുകികൊണ്ടിരുന്നു. ഹൃദയം വല്ലാതെ ഇടിക്കുന്നുണ്ടായിരുന്നു. പെട്ടെന്ന് ഫോണിൻെറ ഒച്ച. അത് അച്ഛനായിരുന്നു. അവൾ ഫോണെടുത്തു. എന്നിട്ട് അച്ഛാ.... അച്ഛന് സുഖമാണോ? മരുന്ന് കഴിച്ചോ എന്ന് എന്തൊക്കെയോ വേവലാതിപ്പെട്ടുകൊണ്ടു ചോദിച്ചു. മറുപടി അച്ഛനല്ല പറഞ്ഞത്. മോളെ, ഇത് സുമിത്രയാ. വല്യച്ഛൻ..... അത്

എൻെറ അച്ഛന് എന്താ...... അച്ഛനു ഫോൺ കൊടുക്ക്.... എനിക്കച്ഛനോട് സംസാരിക്കണം.

മോളെ, അത്

എന്താ ഒന്നു വേഗം പറ. അശ്വതി പരിഭ്രാന്തിയിലായി.

വല്യച്ഛൻ..... വല്യച്ഛൻ നമ്മളെ വിട്ട് പോയി

അശ്വതി ഞെട്ടിത്തരിച്ചു നിന്നു. അറിയാതെ ഫോൺ താഴെ വീണു.അവൾക്കൊന്ന് അനങ്ങാൻ പോലും കഴിഞ്ഞില്ല. കണ്ണുകളിൽ നിന്ന് കണ്ണു നീർ അതിരില്ലാതെ പാഞ്ഞു. അച്ഛനു വേണ്ടി നിത്യശാന്തി നേരാൻ പോലും അവൾക്ക് കഴിഞ്ഞില്ല. അത്രവണ്ണം അവളുടെ മനസ്സ് സ്തംഭിച്ചു പോയി.അച്ഛൻ തന്ന സ്നേഹത്തിൻെറ തുലാസിൽ, ആ സ്നേഹത്തിൻെറ ഒരംശം പോലും നല്കാൻ കഴിയാത്തതിൽ അവൾ ഏങ്ങിക്കരഞ്ഞു. അച്ഛന് നൽകാത്ത സ്നേഹം ഒരു മുറിവായ്, നീറ്റലായ് എന്നും അവശേഷിക്കും.....

# യഥാർത്ഥ സുഹൃത്ത്



ആതിര എ.എസ്. *X F*

ഒരിടത്ത് എബി എന്ന ഒരു കുട്ടിയുണ്ടായിരുന്നു. തന്റെ വീട്ടിനടുത്ത ഒരു സ്കൂളിലായിരുന്നു അവൻ പഠിച്ചിരുന്നത്. വികൃതി കുട്ടിയായിരുന്നു എബി. തന്റെ ക്ലാസ് ടീച്ചർ എന്നും എബിയ്ക്ക് നല്ല ഉപദേശങ്ങൾ നൽകുമായിരുന്നു. എബിയുടെ ഈ വികൃതികൾ കാരണം അവന്റെ ക്ലാസിലെ മനുവിന് അവനെ ഇഷ്ടമല്ലായിരുന്നു. എബിയ്ക്ക് മനു എപ്പോഴും തല്ല് വാങ്ങിക്കൊടുക്കുമായിരുന്നു. പക്ഷേ എബിയ്ക്ക് മനുവിനെ വളരെ ഇഷ്ടമായിരുന്നു. തന്റെ സുഹൃത്തായി മനുവിനെ എബി കണക്കാക്കിയിരുന്നു. ഒരിക്കൽ മനു സ്കൂളിലേക്കു വരുകയായിരുന്നു. പെട്ടെന്ന് ഒരു ലോറി മനുവിനെ ഇടിക്കാനായി വരുന്നത് എബി കണ്ടു. എബി തന്റെ ജീവനെ വകവയ്ക്കാതെ മനുവിനെ ലോറിയുടെ മുൻപിൽ നിന്ന് രക്ഷിച്ചു. മനുവിന്റെ കൂട്ടുകാർ ലോറി വരുന്നത് കണ്ട് പേടിച്ച് ഓടിയിരുന്നു. ആപത്തിൽ സഹായിച്ച എബിയെ മനു അന്നു മുതൽ തന്റെ സുഹൃത്തായി കണ്ടു.

# ഗ്രീൻലിയുടെ സ്വപ്നം



സ്നേഹ എസ് എസ്

പ്രകൃതി എത്ര സുന്ദരം! പ്രകൃതിയുടെ ഓരോന്നിനും ഓരോ സൗന്ദര്യമുണ്ട്. മഞ്ഞിൻെറ ഓരോ കണികകളിൽ നിന്നും മനസ്സിലാകും പ്രകൃതി എത്ര സുന്ദരമാണെന്ന്, പ്രകൃതി എത്ര നിഷ്കളങ്കമാണെന്ന് !

ഗ്രീൻലി, ഈ കഥയിലെ പ്രധാന കഥാപാത്രം പ്രകൃതിയോടുള്ള സ്നേഹം കൊണ്ടാണോ എന്തോ അവൾക്ക് ആ പേര് തന്നെകിട്ടിയത്. മഞ്ഞുതുള്ളിപോലെ നിഷ്കളങ്കമായ ആ മുഖം കണ്ടപ്പോൾ, ആ മകൾ പ്രകൃതി തന്ന വരദാനമാണെന്ന് അവളുടെ പപ്പ ഫെറിനും മമ്മ സിമിക്കും തോന്നിയിട്ടുണ്ടാവണം. മകൾ വളരുന്നതും കാത്ത് അവരിരുന്നു. അരിമുല്ലമൊട്ടുകൾ പോലെയുള്ള പാൽപ്പല്ലുകൾ മുളച്ചു. അവളുടെ ചിരി കാണുമ്പോൾ അവളുടെ സ്വഭാവം മനസ്സിലാകും. അത്രയ്ക്ക് നിഷ്കളങ്കമാണ് അവളുടെ ചിരി. കുഞ്ഞുനാൾ മുതലേ അവൾക്ക് ചെടികൾ വളരെ ഇഷ്ടമാണ്. ശൈശവം കഴിഞ്ഞു ബാല്യമെത്തി. അരിമുല്ല മൊട്ടുകൾ പൂവിടുന്നതിൻെറ ശോഭ അവളുടെ ചിരിയിലുണ്ട് അപ്പോഴൊക്ക അവൾ ചിന്തിച്ചിട്ടുണ്ട്. തിരുവനന്തപുരത്തേക്കാൾ കുട്ടനാട് കൊള്ളാം എന്തു ഭംഗിയാണ്. അവൾ ഒരുപാട് ആഗ്രഹിച്ചു. കുട്ടനാടിലെ വയൽവരമ്പുകളുടെ മധ്യത്തിലൂടെ നടക്കാൻ, കൊക്കുകളെപ്പോലെ നെൽപ്പാടത്തിനു മുകളിലൂടെപറക്കാൻ! ഞാനൊരു കൊക്കായിരുന്നു എങ്കിൽ എന്നവരെ അവളാഗ്രഹിച്ചു. അത്രയ്ക്കു പ്രകൃതി സ്നേഹിയായിരുന്നു അവൾ. അവൾ പപ്പയോട് പറഞ്ഞു. പപ്പാ, എൻെറ ഓരോ ബർത്ത്ഡേക്കും ഓരോ വൃക്ഷത്തൈ നടുമോ? പ്ളീസ് പപ്പ പ്ളീസ്. അവൾ യാചിച്ചു. ആദ്യം വിസമ്മതിച്ചെങ്കിലും പിന്നെ സമ്മതിച്ചു. അവളുടെ പതിനൊന്നാമത്തെ ബർത്ത്ഡേക്ക് ഒരു സ്ഥലം വാങ്ങി. പത്ത് ഏക്കറാണ്. അവളുടെ പേരിൽ അത് എഴുതി വച്ചു. ഒന്നാമത്തേത് മാവിൻ തൈയ്യായിരുന്നു. പിന്നെ പ്ളാവായി. തേക്കായി അങ്ങനെ അങ്ങനെ ഓരോ വർഷവും ഓരോ തൈകൾ...... അവൾ പഠിച്ചു വളർന്നു. ഡോക്ടറാകണമെന്ന ആഗ്രഹത്തോടെ ലണ്ടനിൽ പോയി പഠിച്ചു. കോഴ്സ് തീരാൻ ഒരു വർഷം ബാക്കി നിൽക്കവേ..........

ഒരു ദിവസം അവൾ ടെലിവിഷനിൽ വാർത്ത കാണുകയായിരുന്നു.

വാർത്തയിലെ പ്രധാന വിഷയം വനനശീകരണമായിരുന്നു. മനുഷ്യൻ ഒരു കാരുണ്യവുമില്ലാതെ വനങ്ങൾ നശിപ്പിച്ചും, മരങ്ങൾ മുറിച്ചും പ്രകൃതിയുടെ സന്തുലിതാവസ്ഥ തന്നെ മാറി. കുന്നുകളിടിച്ച്, വയലുകൾ നികത്തി വലിയ വലിയ കെട്ടിടങ്ങൾ നിർമ്മിച്ചു. ഇതു സഹിക്കാനാകാതെ അവൾ തന്റെ നാട്ടിലേക്ക് പോയി. വിശ്വസിക്കാനായില്ല. അവൾ അതിനെ എതിർത്തു. പല കലാപങ്ങളും ഉണ്ടായി. അവൾ തന്റെ പഠിത്തം നിർത്തി പ്രകൃതിക്കുവേണ്ടി ജീവിച്ചു. ഒരു പ്രകൃതി സംരക്ഷകയാകാൻ അവൾ ശ്രമിച്ചു. എന്നാൽ അധികാരികൾ അവളെ വെറുമൊരു കരിയിലപോലെ തട്ടിത്തെറിഞ്ഞു. വർഷങ്ങൾ കഴിഞ്ഞു.ഭൂമിയിൽ ചൂട് വർദ്ധിക്കാൻ തുടങ്ങി. അടുത്ത വർഷമായപ്പോൾ ഘോരമഴ.ഡാമുകൾ നിറഞ്ഞു. നാൽപ്പതിനായിരത്തിലധികംലിറ്റർ വെള്ളം ഒഴുകി .ഈയിടക്കാണ് ഗ്രീൻലി ഒരു ക്ളബ് രൂപീകരിച്ചത് - ഗ്രീൻ റെവല്യൂഷൻ ക്ളബ്. അതിന്റെ പ്രസിഡൻറായി അവളെ തിരഞ്ഞെടുത്തു. ക്ളബിന്റെ നേതൃത്വത്തിൽ ഒരു പ്രസംഗമുണ്ടായിരുന്നു. അതിൽ അവളുടെ സ്വപ്നത്തെക്കുറിച്ചാണ് അവൾ പറഞ്ഞത്. ഹരിതനവകേരളം- അവളുടെസ്വപ്നം. ഇങ്ങനെയായപ്പോൾ സർക്കാരിന് മടുത്തു. സ്കൂളുകൾക്ക് എന്നും അവധി.കുട്ടികൾക്ക് നല്ലവണ്ണം പഠിക്കാൻ പറ്റാതായി. സ്കൂളുകൾ പൊളിഞ്ഞു. അതോടെ സർക്കാർ ഗ്രീൻലിയെ സമീപിച്ച് അവളുടെ ആശയങ്ങൾ ചോദിച്ചറിഞ്ഞു.

*മരം നട്ടു പിടിപ്പിക്കണം

*പുഴകളിലെയും തടാകങ്ങളിലെയും മാലിന്യം നീക്കം ചെയ്യുക .

*വയലുകൾ

*തോടുകൾ

ഇങ്ങനെ ഒരുപാട് ആശയങ്ങൾ അവൾ പറഞ്ഞു. ആദ്യം അവർ ചെയ്തത് മാലിന്യം നീക്കുക എന്ന പ്രവർത്തനമാണ്. വെള്ളപ്പൊക്കമുണ്ടായിരുന്ന സ്ഥലങ്ങളിലെ വെള്ളം പുഴകളിലേക്കും തോടുകളിലേക്കും ഒഴുക്കി. വൃക്ഷതൈകൾ വച്ചു പിടിപ്പിച്ചു. മൂന്നു വർഷം കഴിഞ്ഞാൽ കേരളം നശിക്കുമെന്ന് പല സാഹിത്യകാരൻമാരും പറഞ്ഞു. എന്നാൽ ഒരൊറ്റ മാസം കൊണ്ട് ഇരുപത്തഞ്ചു വർഷം വരെ മനുഷ്യന് സുഖമായി ജീവിക്കേണ്ട സാഹചര്യംഅവളുണ്ടാക്കി. അവൾ പഠിത്തം നിർത്തിയപ്പോൾ അവളുടെ കുടുംബക്കാരെല്ലാവരും വഴക്കു പറഞ്ഞു.എന്നിട്ടും പ്രകൃതിക്കു വേണ്ടി അവൾ ജീവിച്ചു. അവളുടെ സ്വപ്നം സാധിച്ചു. പൗലോ കൊയ്ലോ പറഞ്ഞത് ശരിയാണ്: "നമുക്ക് ഏത് ആഗ്രഹമുണ്ടായിരുന്നാലും നല്ലവണ്ണം പരിശ്രമിച്ചാൽ പ്രകൃതിയും നമ്മുടെ കൂടെ ഉണ്ടാകും." അങ്ങനെ ഹരിത നവകേരളം എന്ന പദവി കേരളത്തിന് ലഭിച്ചു.

കൂട്ടുകാരെ നമുക്കെന്താണ് ഗ്രീൻലിയെപ്പോലെ ചിന്തിച്ചുകൂടാത്തത്. നമുക്കും ഒരു ഹരിത നവ കേരളത്തിനായ് പ്രയത്നിക്കാം: "ഒരുങ്ങാം, സർക്കാർ ഒപ്പമുണ്ട്."

# സ്നേഹബന്ധം



ഗ്രീഷ്മ ബി എസ്

**VIII B**

